33rd Year of Service 2025

# കേരളാ എക്സ്പ്രസ്
KERALA EXPRESS

Weekly Newspaper National Edition from Chicago

3425 Cleveland St, Skokie, Illinois 60076, Tel: 630 728 7956 (24 Hrs.) e-Fax: 773 304 1917 Email: news@keralaexpress.com www.keralaexpress.com

August 25, 2025 Vol. XXXIII No. 35

3 കൂട്ടുകച്ചവടം നടത്തുന്നു: രാഹുൽ ഗാന്ധി
4 അമേരിക്കയിലേക്കുള്ള തപാൽ സേവനം
15 ദർശനതിരുനാളിന് ഭക്തിനിർഭരമായ സമാപനം
23 യാക്കോബായ സഭയ്ക്ക് ഷാർലറ്റിൽ പുതിയ ദേവാലയം
25 കീൻ ടെക്ക് നൈറ്റ് കിക്കോഫ് ആവേശകരമായി

## ജോസ് മണക്കാട്ട് സി.എം.എ. പ്രസിഡണ്ട്

ജോസ് കണിയാലി

ചിക്കാഗോ: വടക്കെ അമേരിക്കയിലെ പ്രമുഖ മലയാളി സംഘടനയായ ചിക്കാഗോ മലയാളി അസോസിയേഷൻ പ്രസിഡണ്ടായി ജോസ് മണക്കാട്ട് തെരഞ്ഞെടുക്കപ്പെട്ടു. മികച്ച സംഘാടകനും വാഗ്മിയുമായ ജോസ് മണക്കാട്ട് അമേരിക്കൻ മലയാളി സമൂഹത്തിൽ നിറസാന്നിദ്ധ്യമാണ്. ഫോമ മുൻ ജോയിന്റ് സെക്രട്ടറിയായ ജോസ് നിരവധി സംഘടനകൾക്ക് ഇതിനോടകം നേതൃത്വം നല്കിയിട്ടുണ്ട്. ചിക്കാഗോ സോഷ്യൽ ക്ലബ് നേതൃത്വം നല്കുന്ന 11-ാമത് അന്താരാഷ്ട്ര വടംവലി മത്സരത്തിന്റെ മുഖ്യസംഘാടകരിൽ ഒരാളാണ് ജോസ് മണക്കാട്ട്.


ജോസ് മണക്കാട്ട്
(പ്രസിഡണ്ട്)


കൊച്ചുമോൻ (ലൂക്ക്) ചിറയിൽ
(വൈസ് പ്രസിഡണ്ട്)


ബിജു മുണ്ടക്കൽ
(സെക്രട്ടറി)


സാറാ അനിൽ
(ജോയിന്റ് സെക്രട്ടറി)


അച്ചൻകുഞ്ഞ് മാത്യു
(ട്രഷറർ)


പ്രിൻസ് ഈപ്പൻ
(ജോയിന്റ് ട്രഷറർ)

കൊച്ചുമോൻ (ലൂക്ക്) ചിറയിൽ (വൈസ് പ്രസിഡണ്ട്), ബിജു മുണ്ടക്കൽ (സെക്രട്ടറി), സാറാ അനിൽ (ജോയിന്റ് സെക്രട്ടറി), അച്ചൻകുഞ്ഞ് മാത്യു (ട്രഷറർ), പ്രിൻസ് ഈപ്പൻ (ജോയിന്റ് ട്രഷറർ) എന്നിവരാണ് എക്സിക്യൂട്ടീവ് ഭാരവാഹികൾ. പ്രസിഡണ്ട്, വൈസ് പ്രസിഡണ്ട്, ജോയിന്റ് ട്രഷറർ എന്നീ സ്ഥാനങ്ങളിലേക്ക് മാത്രമാണ് ഇലക്ഷൻ നടന്നത്. സി.എം.എ. മുൻ പ്രസിഡണ്ടുമാരായ പി.ഒ. ഫിലിപ്പ് (ചെയർമാൻ), ജോയി വാച്ചാച്ചിറ, ജോൺസൺ കണ്ണൂക്കാടൻ, സണ്ണി വള്ളിക്കളം, ലെജി പട്ടരുമഠത്തിൽ എന്നിവരടങ്ങിയ ഇലക്ഷൻ കമ്മിറ്റി തെരഞ്ഞെടുപ്പിന് നേതൃത്വം നല്കി.

ഡയറക്ടർ ബോർഡിലേക്ക് ഡോ. സൂസൻ ചാക്കോ, ഡോ. സിമി ജെസ്റ്റോ ജോസഫ്, ഡോ. സുനിത നായർ, ഡോ. മധു വെണ്ണിക്കണ്ടം, ഡോ., ഏബ്രഹാം മാത്യു, അനിൽ മറ്റത്തിക്കുന്നേൽ, മാത്യൂസ് ഏബ്രഹാം, ജോളിച്ചൻ ജോസഫ്, സഞ്ജു മാത്യു, ജിനോയി മാത്യു, ജോജോ വെങ്ങാന്തറ, ജോജോ വെള്ളാനിക്കൽ എന്നിവർ തെരഞ്ഞെടുക്കപ്പെട്ടു. ഫിലിപ്പ് പുത്തൻപുരയിൽ, വർഗീസ് തോമസ് (സീനിയർ), ഷൈനി ഹരിദാസ്, ബീന ജോർജ്, നിഷ എറിക് (വിമൻസ്), കാൽവിൻ കവലക്കൽ, മേഘ ചിറയിൽ (യൂത്ത്) എന്നിവരാണ് മറ്റ് ഭാരവാഹികൾ.

ജോസ് മണക്കാട്ടിന്റെ നേതൃത്വത്തിലുള്ള പുതിയ ഭരണസമിതിയെ ഫോമാ പ്രസിഡണ്ട് ബേബി മണക്കുന്നേൽ, ചിക്കാഗോ സോഷ്യൽ ക്ലബ് പ്രസിഡണ്ട് റൊണാൾഡ് പൂക്കുമ്പേൽ എന്നിവർ അഭിനന്ദിച്ചു.

### വോട്ടുനില

ആകെ പോൾ ചെയ്തത് – 1234

**പ്രസിഡണ്ട്**

ജോസ് മണക്കാട്ട് – 1092
ജൂബി വള്ളിക്കളം – 140
ഭൂരിപക്ഷം – 952

**വൈസ് പ്രസിഡണ്ട്**

കൊച്ചുമോൻ ചിറയിൽ – 1018
ഡോ. സിബിൾ ഫിലിപ്പ് – 205
ഭൂരിപക്ഷം – 813

**ജോയിന്റ് ട്രഷറർ**

പ്രിൻസ് ഈപ്പൻ – 878
സജി തോമസ് – 339
ഭൂരിപക്ഷം – 539

## തദ്ദേശീയ വ്യോമപ്രതിരോധ സംവിധാനത്തിന്റെ പരീക്ഷണം വിജയം

ന്യൂഡൽഹി: സൈനികമേഖലയെ ശക്തിപ്പെടുത്തുകയെന്ന ലക്ഷ്യത്തോടെ തദ്ദേശീയമായി വികസിപ്പിച്ച 'സംയോജിത വ്യോമ പ്രതിരോധ സംവിധാനം' (ഐഎഡിഡബ്ല്യുഎസ്) വിജയകരമായി പരീക്ഷിച്ചു. ഡിആർഡിഒയുടെ നേതൃത്വത്തിൽ ഒഡീഷ തീരത്താണ് ഭൂമിയിൽനിന്ന് അന്തരീക്ഷത്തിലേക്കു പായിക്കാൻ കഴിയുന്ന വ്യോമപ്രതിരോധ സംവിധാനം പരീക്ഷിച്ചത്. ശത്രുരാജ്യത്തിന്റെ വളരെ താഴ്ന്നുപറക്കുന്ന യുദ്ധവിമാനങ്ങൾ മുതൽ ഡ്രോണുകളും മിസൈലുകളും വരെ വളരെ വേഗത്തിൽ പ്രതിരോധിച്ചു നശിപ്പിക്കാൻ ഇന്ത്യ പുതുതായി വികസിപ്പിച്ച വ്യോമ പ്രതിരോധ സംവിധാനത്തിനു സാധിക്കും.


ഡിആർഡിഒയുടെ നേതൃത്വത്തിൽ ഒഡീഷ തീരത്ത് നടന്ന 'സംയോജിത വ്യോമപ്രതിരോധ സംവിധാനം' പരീക്ഷണം.

ശത്രുരാജ്യത്തിന്റെ മിസൈലുകൾ വളരെ പെട്ടെന്നു പ്രതിരോധിക്കുന്ന 'ക്വിക്ക് റിയാക്ഷൻ സർഫേസ് ടു എയർ മിസൈൽ' (ക്യുആർഎസ്എഎം), 'അഡ്വാൻസ്ഡ് വെരി ഷോർട്ട് റേഞ്ച് എയർ ഡിഫൻസ് സിസ്റ്റം' (വിഎസ്എച്ച്ഒആർഡിഎസ്) ഉയർന്ന 'പവർ ലേസർ അധിഷ്ഠിത ഡയറക്ട് എനർജി വെപ്പൺ' (ഡിഇഡബ്ല്യു) എന്നീ മൂന്ന് സംവിധാനങ്ങൾ ഉൾപ്പെടുത്തിയ വ്യോമപ്രതിരോധ സംവിധാനമാണു ഐഎഡിഡബ്ല്യുഎസ്. മിസൈൽ സംവിധാനങ്ങൾ, ഡ്രോൺ ഡിറ്റക്ഷൻ ആൻഡ് ഡിസ്ട്രക്ഷൻ സിസ്റ്റം, സിസ്റ്റം കമാൻഡ് ആൻഡ് കൺട്രോൾ, കമ്മ്യൂണിക്കേഷൻ,

(ശേഷം 22-ാം പേജിൽ)

### എംഎൽഎ ആയി തുടരും

## രാഹുൽ മാങ്കൂട്ടത്തിലിനെ സസ്പെൻഡ് ചെയ്തു


തിരുവനന്തപുരം: രാഹുൽ മാങ്കൂട്ടത്തിലിനെതിരെ ഉണ്ടായ ആരോപണങ്ങളുടെ അടിസ്ഥാനത്തിൽ എംഎൽഎ സ്ഥാനത്തുനിന്ന് രാജി വെപ്പിക്കുന്നതിനു പകരം സസ്പെൻഷനിൽ ഒതുക്കി പ്രശ്നം പരിഹരിക്കാൻ ധാരണ. രാഹുൽ മാങ്കൂട്ടത്തിലിനെ കോൺഗ്രസ് പാർട്ടിയുടെ പ്രാഥമിക അംഗത്വത്തിൽനിന്ന് ആറു മാസത്തേക്ക് സസ്പെൻഡ് ചെയ്തു.



രാജിവെപ്പിച്ചാൽ ഉപതെരഞ്ഞെടുപ്പ് ഉണ്ടാകാനുള്ള സാധ്യത കണക്കിലെടുത്തും നിയമോപദേശത്തിന്റെ അടിസ്ഥാനത്തിലുമാണ് രാജി വാങ്ങാതെ സസ്പെൻഷനിൽ ഒതുക്കിയത്. ഷാഫി പറമ്പിൽ ലോക്സഭയിലേക്ക് തെരഞ്ഞെടുക്കപ്പെട്ടതിനെത്തുടർന്ന് നടന്ന ഉപതെരഞ്ഞെടുപ്പിൽ വിജയിച്ച രാഹുൽ ഒരുവർഷം പോലും എംഎൽഎ പദവി പൂർത്തിയാക്കിയിട്ടില്ല. ഉപതെരഞ്ഞെടുപ്പ് കോൺഗ്രസ് പാർട്ടി അടിച്ചേല്പപ്പിച്ചുവെന്ന് എൽഡിഎഫും ബിജെപിയും ആരോപിച്ചിരുന്നു. ഇനിയും ഉപതെരഞ്ഞെടുപ്പിലേക്കു പോയാൽ പാർട്ടിയെ ജനങ്ങളിൽ നിന്ന് അകറ്റും എന്ന ആശങ്കയിലാണ് രാഹുലിനെതിരെയുള്ള നടപടി സസ്പെൻഷനിൽ ഒതുക്കാൻ തീരുമാനിച്ചത്.

പ്രതിപക്ഷ നേതാവ് വി.ഡി. സതീശൻ, രമേശ് ചെന്നിത്തല ഉൾപ്പെടെയുള്ള നേതാക്കൾ (ശേഷം 34-ാം പേജിൽ)







## YOUTH PASTORAL VACANCY

### Bethel Pentecostal Assembly, Bay Area, California

Indian Pentecostal Church seeking a full-time Youth Pastor with a calling and passion to shepherd, teach, mentor and guide the children and youth of a growing Church in the Bay area based on Biblical principles that are culturally relevant. If you are an ordained, married, pentecostal Pastor under 45 yrs of age with a formal theological education who grew up in the US, have previous experience of working with the younger generation and lead by the Holy Spirit to take on this responsibility and legally eligible to work in the US, please contact us in writing at bethelpentecostalca@gmail.com with three references before Sept 12, 2025.

# ബിജെപി സർക്കാരും ഇലക്ഷൻ കമ്മീഷനും കൂട്ടുകച്ചവടം നടത്തുന്നു: രാഹുൽ ഗാന്ധി

അരാരിയ: കേന്ദ്രത്തിലെ ബിജെപി സർക്കാരുമായി ഇലക്ഷൻ കമ്മീഷനു കൂട്ടുകച്ചവടമുണ്ടെന്ന് കോൺഗ്രസ് നേതാവ് രാഹുൽ ഗാന്ധി.

ബിഹാറിൽ പ്രത്യേക വോട്ടർപട്ടിക പരിഷ്കരണത്തിന്റെ മറവിൽ നടക്കുന്ന വോട്ട് മോഷണം തടയുമെന്ന് രാഹുൽ പറഞ്ഞു. "മഹാരാഷ്ട്ര, ഹരിയാന, കർണാടക എന്നിവിടങ്ങളിൽ വോട്ടുകൾ മോഷ്ടിക്കപ്പെട്ടു. ഇക്കാര്യം ചൂണ്ടിക്കാട്ടിയ എന്നോട് തെരഞ്ഞെടുപ്പ് കമ്മീഷൻ സത്യവാങ്മൂലം ആവശ്യപ്പെട്ടു.




ബിഹാറിലെ പൂർണിയയിൽ രാഹുൽഗാന്ധിയുടെ നേതൃത്വത്തിൽ വോട്ട് അധികാർ യാത്രയുടെ ഭാഗമായി സംഘടിപ്പിച്ച ഇരുചക്രവാഹന റാലി.

എന്നാൽ ബിജെപി നേതാവ് അനുരാഗ് ഠാക്കൂർ സമാനമായ ആരോപണങ്ങൾ ഉന്നയിച്ചിട്ടും അദ്ദേഹത്തോട് സത്യവാങ്മൂലം ആവശ്യപ്പെട്ടില്ല. ബിഹാറിൽ കരട് വോട്ടർപട്ടികയിൽ നിന്ന് 65 ലക്ഷം പേരുകൾ നീക്കം ചെയ്യപ്പെട്ടിട്ടും ബിജെപിക്ക് ആവലാതിയുണ്ടായില്ല. ഇതെല്ലാം ബിജെപിയും തെരഞ്ഞെടുപ്പ് കമ്മീഷനും തമ്മിലുള്ള രഹസ്യ കൂട്ടുകച്ചവടത്തിലേക്ക് വിരൽ ചൂണ്ടുന്നു" - രാഹുൽ പറഞ്ഞു.

## സെർജിയോ ഗോർ ഇന്ത്യയിലെ യുഎസ് അംബാസഡർ



ന്യൂഡൽഹി: അമേരിക്കൻ പ്രസിഡണ്ട് ഡോണൾഡ് ട്രംപിന്റെ ഏറ്റവും അടുത്ത സുഹൃത്തുക്കളിലൊരാളായ സെർജിയോ ഗോറിനെ ഇന്ത്യയിലെ പുതിയ അമേരിക്കൻ അംബാസഡറായി നാമനിർദേശം ചെയ്തു.

38-കാരനായ സെർജിയോയെ അംബാസഡറായി നിയമിക്കുന്ന വിവരം സാമൂഹിക മാധ്യമമായ ട്രൂത്തിലൂടെയാണ് ട്രംപ് അറിയിച്ചത്. സെർജിയോ തന്നോടൊപ്പം അനേക വർഷങ്ങളായി നിലകൊണ്ട മികച്ച സുഹൃത്താണെന്നും തന്റെ പ്രസിഡൻഷ്യൽ പ്രചാരണ പരിപാടികളിൽ തന്നോടൊപ്പം പ്രവർത്തിച്ചിട്ടുണ്ടെന്നും ട്രംപ് ട്രൂത്തിൽ കുറിച്ചു. ഇന്ത്യയിലെ അമേരിക്കൻ അംബാസഡർ എന്നപദവിക്കു പുറമെ ദക്ഷിണ മധ്യേഷ്യൻ വിഷയങ്ങളിലെ പ്രത്യേക പ്രതിനിധി എന്ന ചുമതലയും സെർജിയോയ്ക്കു നല്കിയിട്ടുണ്ട്. റഷ്യയിൽനിന്ന് എണ്ണ വാങ്ങുന്നതിനു പിഴയായി ട്രംപ് ഭരണകൂടം ഇന്ത്യൻ ഉല്പന്നങ്ങളുടെ മേൽ 50 ശതമാനം അധികതീരുവ ചുമത്തിയതിനേത്തുടർന്ന് ഇരുരാജ്യങ്ങളും തമ്മിലുള്ള ബന്ധം മോശമായി നിലനില്ക്കവേയാണ് പുതിയ അംബാസഡറുടെ നിയമനമെന്നതും ശ്രദ്ധേയമാണ്.

## രാഹുലിനെതിരെ പരാതിയില്ല; കേസും രജിസ്റ്റർ ചെയ്തിട്ടില്ല: കെപിസിസി പ്രസിഡണ്ട്

കണ്ണൂർ: രാഹുൽ മാങ്കൂട്ടത്തിൽ എംഎൽഎ സ്ഥാനം രാജിവെക്കണം എന്ന ആവശ്യത്തിൽ യാതൊരു ന്യായീകരണവും യുക്തിയുമില്ലെന്ന് കെപിസിസി അധ്യക്ഷൻ സണ്ണി ജോസഫ്. യാതൊരു പരാതിയും ഇല്ലാതിരുന്നിട്ടുപോലും രാഹുലിനെ പാർട്ടിയിൽ നിന്നു പുറത്താക്കിയെന്നും സണ്ണി ജോസഫ് വാർത്താ സമ്മേളനത്തിൽ പറഞ്ഞു.

രാഹുലിനെതിരെ ഉയർന്ന ആക്ഷേപം ഗൗരവതരത്തിൽ കാണുന്നു. പരാതിക്കും കേസിനും കാത്തുനിൽക്കാതെ രാഹുൽ പാർട്ടി ഭാരവാഹിത്വം രാജിവെച്ചു മാതൃക കാണിച്ചു. ഇതുവരെയും പാർട്ടിക്കു പരാതി ലഭിച്ചിട്ടില്ല. കേസ് രജിസ്റ്റർ ചെയ്തിട്ടില്ല. എംഎൽഎ സ്ഥാനം രാജിവെക്കണമെന്ന ആവശ്യത്തിൽ ധാർമികതയില്ല. അങ്ങനെ ഒരു പാരമ്പര്യം കേരളരാഷ്ട്രീയത്തിൽ ഇല്ല. എഫ്ഐആറും ചാർജ് ഷീറ്റും ഉണ്ടായിട്ടും പലരും രാജിവെച്ചിട്ടില്ല.

എന്നാൽ, കോൺഗ്രസ് സ്ത്രീകളുടെ ആത്മാഭിമാനവും മാന്യതയും സുരക്ഷിതത്വവും കാത്തുസൂക്ഷിക്കണമെന്നു കരുതുന്നവരാണ്. അതിന്റെ ഭാഗമായാണ് കോൺഗ്രസ് പാർട്ടിയിൽ നിന്ന് സസ്പെൻഡ് ചെയ്തത്. അതിനാൽ ഇനി രാഹുലിന് കോൺഗ്രസിന്റെ നിയമസഭ കക്ഷി സ്ഥാനം ലഭിക്കില്ല. പാർട്ടിയിലെ മുതിർന്ന നേതാക്കന്മാർ എന്താണ് ആഗ്രഹിക്കുന്നതെന്ന് ഞങ്ങൾക്ക് അറിയാം. കേരളവും കേന്ദ്രവും (ശേഷം 34-ാം പേജിൽ)

## പ്രവാസികൾക്ക് നോർക്ക കെയർ ആരോഗ്യ ഇൻഷുറൻസ്

ദുബായ്: പ്രവാസികൾക്കായി നോർക്ക ഏർപ്പെടുത്തുന്ന നോർക്ക കെയർ ആരോഗ്യ-അപകട ഇൻഷുറൻസ് പദ്ധതി നവംബർ ഒന്നു മുതൽ പ്രാബല്യത്തിലാകും. ഇതിനുള്ള രജിസ്ട്രേഷൻ അടുത്ത മാസം 22 മുതൽ ഒക്ടോബർ 21 വരെ നടക്കുമെന്ന് നോർക്ക പ്രതിനിധികൾ ദുബായിൽ അറിയിച്ചു. ഒക്ടോബർ 22-ന് മുഖ്യമന്ത്രി പിണറായി വിജയൻ പദ്ധതി ഉദ്ഘാടനം ചെയ്യും. വിവിധ അസുഖങ്ങൾക്കുള്ള ചികിത്സയ്ക്ക് അഞ്ചു ലക്ഷം രൂപയും അപകടമരണം സംഭവിച്ചാൽ പത്തു ലക്ഷം രൂപയും ഉറപ്പാക്കുന്നതാണ് നോർക്ക കെയർ ഇൻഷുറൻസ് പദ്ധതി. ഭർത്താവ്, ഭാര്യ, രണ്ട് കുട്ടികൾ എന്നിവരടങ്ങിയ കുടുംബത്തിന് ജിഎസ്ടി ഉൾപ്പെടെ 13,275 രൂപയാണ് വാർഷിക പ്രീമിയം. അധികമായി ചേർക്കുന്ന ഓരോ കുട്ടിക്കും 4,130 രൂപ വീതം നല്കണം. വ്യക്തിഗത ഇൻഷുറൻസ് മാത്രമാണെങ്കിൽ 7,965 രൂപയാണ് നല്കേണ്ടത്. നിലവിലുള്ള രോഗങ്ങൾക്കും ഇൻഷുറൻസ് പരിരക്ഷ ലഭിക്കും.

കേരളത്തിലെ 410 ആശുപത്രികളടക്കം ഇന്ത്യയിൽ 14,000 ആശുപത്രികളിൽ കാഷലെസ് ചികിത്സ ലഭിക്കുമെന്ന് നോർക്ക് റൂട്സ് സിഇഒ അജിത്ത് കൊളശ്ശേരി പറഞ്ഞു. ഇൻഷുറൻസ് പദ്ധതിയിൽ പ്രവാസികളെ ഭാഗമാക്കുന്നതിനായി നോർക്ക സംഘടിപ്പിക്കുന്ന മേഖലാ യോഗങ്ങൾ യുഎഇയിൽ വിവിധയിടങ്ങളിൽ നടക്കുകയാണ്. സിഇഒയെ കൂടാതെ വൈസ് ചെയർമാൻ പി. ശ്രീരാമകൃഷ്ണൻ, സെക്രട്ടറി ഹരി കിഷോർ തുടങ്ങിയവരും യോഗങ്ങളിൽ പങ്കെടുക്കുന്നുണ്ട്.

## ക്ഷേത്രങ്ങൾ രാഷ്ട്രീയപ്രവർത്തനത്തിന് ഉപയോഗിക്കരുത്

കൊച്ചി: ക്ഷേത്രങ്ങളും ക്ഷേത്രപരിസരങ്ങളും ഏതെങ്കിലും രാഷ്ട്രീയ പാർട്ടികളുടെ പ്രചാരണ പരിപാടികൾക്ക് ഉപയോഗിക്കുന്നില്ലെന്ന് ദേവസ്വം ബോർഡുകൾ ഉറപ്പുവരുത്തണമെന്ന് ഹൈക്കോടതി. തിരുവിതാംകൂർ, കൊച്ചിൻ, മലബാർ ദേവസ്വം ബോർഡുകൾക്കാണ് നിർദേശം. എറണാകുളം മരട് സ്വദേശി എൻ. പ്രകാശ് നല്കിയ ഹർജിയിലാണ് ജസ്റ്റിസ് വി. രാജ വിജയരാഘവൻ, ജസ്റ്റിസ് കെ.വി. ജയകുമാർ എന്നിവരടങ്ങിയ ദേവസ്വം ബെഞ്ചിന്റെ ഉത്തരവ്.

എന്നാൽ, ക്ഷേത്രാചാരങ്ങളുമായി ബന്ധപ്പെട്ടല്ലാതെ മറ്റു പരിപാടികളുടെ കാര്യത്തിൽ നിയന്ത്രണം ഏർപ്പെടുത്തുന്നതിൽ പ്രായോഗിക ബുദ്ധിമുട്ടുണ്ടെന്നായിരുന്നു ദേവസ്വം ബോർഡുകളുടെ നിലപാട്. ഉത്സവ പരിപാടികളടക്കം ട്രസ്റ്റികളുടെ നിയന്ത്രണത്തിലാണ്. ഇത്തരം പരിപാടികൾ ഒട്ടേറെപ്പേർ ആസ്വദിക്കുന്നതാണെന്നും ചൂണ്ടിക്കാട്ടി. എന്നാൽ, മതസ്ഥാപനങ്ങൾ ദുരുപയോഗം ചെയ്യുന്നത് നിരോധിക്കുന്ന 1988-ലെ നിയമത്തിലെ വകുപ്പ് മൂന്ന്, ക്ഷേത്രപരിസരങ്ങൾ രാഷ്ട്രീയ പ്രവർത്തനത്തിനായി ഉപയോഗിക്കുന്നത് വിലക്കുന്നുണ്ടെന്ന് കോടതി വിലയിരുത്തി. ക്ഷേത്രങ്ങളിൽ രാഷ്ട്രീയത്തിനു സ്ഥാനമില്ലെന്ന് ഹൈക്കോടതി തന്നെ മുൻ ഉത്തരവുകളിൽ വ്യക്തമാക്കിയിട്ടുള്ളതാണെന്നും ദേവസ്വം ബെഞ്ച് അഭിപ്രായപ്പെട്ടു.

## ഇന്ത്യ ബഹിരാകാശരംഗത്ത് നേടിയത് ശ്രദ്ധേയ പുരോഗതി: മോദി

ന്യൂഡൽഹി: ബഹിരാകാശ രംഗത്ത് ഇന്ത്യ ശ്രദ്ധേയമായ പുരോഗതി കൈവരിക്കുന്നുവെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി.




വൈകാതെ ഗഗൻയാൻ ദൗത്യം നടപ്പാക്കുമെന്നും വരുംവർഷങ്ങളിൽ ഇന്ത്യ സ്വന്തമായി ബഹിരാകാശ നിലയം സ്ഥാപിക്കുമെന്നും ദേശീയ ബഹിരാകാശദിനത്തിൽ മോദി പറഞ്ഞു.

ഇന്ത്യ ഇതിനകം ചന്ദ്രനിലും ചൊവ്വയിലും എത്തിക്കഴിഞ്ഞു. ഇനി ബഹിരാകാശത്തിന്റെ കൂടുതൽ ആഴങ്ങളിലേക്ക് സഞ്ചരിക്കണം. പര്യവേക്ഷണം ചെയ്യപ്പെടാത്ത മേഖലകൾക്ക് മനുഷ്യരാശിയുടെ ഭാവിക്കുവേണ്ടിയുള്ള നിർണായകരഹസ്യങ്ങൾ നൽകാൻ കഴിയും. ആകാശഗംഗകൾക്ക് അപ്പുറമാണ് നമ്മുടെ ചക്രവാളം.

ബഹിരാകാശത്തിന്റെ അനന്തമായ വിശാലത ഒരു ലക്ഷ്യസ്ഥാനവും അവസാനത്തേതല്ലെന്ന് നമ്മെ നിരന്തരം ഓർമ്മിപ്പിക്കുന്നു. അതേപോലെ ബഹിരാകാശ മേഖലയിലെ നയപരമായ പുരോഗതിക്കും അവസാനമുണ്ടാകരുതെന്നും പ്രധാനമന്ത്രി പറഞ്ഞു.

ആര്യഭട്ടയിൽനിന്ന് ഗഗൻയാനിലേക്ക് എന്നതാണ് ഇത്തവണത്തെ ബഹിരാകാശ ദിന പ്രമേയം.

അത് ഇന്ത്യയുടെ ഭൂതകാലത്തിന്റെ ആത്മവിശ്വാസവും ഭാവിക്കായുള്ള ദൃഢനിശ്ചയവും പ്രതിഫലിപ്പിക്കുന്നുവെന്ന് മോദി പറഞ്ഞു.

## മുഖ്യമന്ത്രിക്കെതിരായ വിജിലൻസ് കോടതി പരാമർശം

# ഹൈക്കോടതിയെ സമീപിക്കാൻ സർക്കാരിന് നിയമോപദേശം

തിരുവനന്തപുരം: വിജിലൻസ് കോടതി ഉത്തരവിലെ മുഖ്യമന്ത്രിക്കെതിരായ പരാമർശത്തിനെതിരെ ഹൈക്കോടതിയെ സമീപിക്കാൻ സർക്കാരിന് നിയമോപദേശം. എക്സൈസ് കമ്മീഷണർ എഡിജിപി എം.ആർ. അജിത്കുമാറിനെതിരായ അനധികൃത സ്വത്തുസമ്പാദന ആരോപണക്കേസിലെ വിജിലൻസ് കോടതി ഉത്തരവിലാണ് മുഖ്യമന്ത്രിക്കെതിരെ കടുത്ത പരാമർശങ്ങളുണ്ടായത്.

ഇത് ഒഴിവാക്കാനും കേസ് നടപടികൾ സ്റ്റേ ചെയ്യാനും ഹൈക്കോടതിയെ സമീപിക്കാനാണ് ലീഗൽ അഡ്വൈസർ വിജിലൻസ് ഡയറക്ടർക്കു റിപ്പോർട്ട് നൽകിയത്. ഈ റിപ്പോർട്ട് തുടർ നടപടികൾക്കായി വിജിലൻസ് ഡയറക്ടർ മനോജ് ഏബ്രഹാം ആഭ്യന്തര-വിജിലൻസ് സെക്രട്ടറിക്കു കൈമാറി. സർക്കാരാണു തീരുമാനമെടുക്കേണ്ടത്.

സുപ്രീം കോടതിയുടെ ആവർത്തിച്ചുള്ള വിധികൾ പാലിക്കാതെയും സർക്കാരിൽനിന്ന് പ്രോസിക്യൂഷൻ അനുമതി തേടാതെയുമാണ് വിജിലൻസ് കോടതി അന്വേഷണത്തിന് ഉത്തരവിട്ടതെന്ന് നിയമ വിദഗ്ധർ സർക്കാരിനെ അറിയിച്ചിട്ടുണ്ട്. അടുത്തകാലത്ത് ഒരു കേസിൽ സുപ്രീം കോടതി പുറപ്പെടുവിച്ച വിധിയിൽ ഇത്തരം മാനദണ്ഡങ്ങൾ പാലിക്കാത്ത ഒന്നിലധികം കേസുകൾ വിവിധ സംസ്ഥാനങ്ങളിൽ സ്റ്റേ ചെയ്തിരുന്നു.

നിയമവിരുദ്ധമായ ക്ലീൻചിറ്റ് റിപ്പോർട്ട് മുഖ്യമന്ത്രി എങ്ങനെ അംഗീകരിച്ചു? ഈ കേസിൽ മുഖ്യമന്ത്രിക്ക് എന്തുകാര്യം? വിജിലൻസ് അന്വേഷണത്തിൽ ഭരണപരമായ ഇടപെടൽ സാധ്യമാണോ? അന്വേഷണ റിപ്പോർട്ട് വിജിലൻസ് അംഗീകരിച്ചെന്നും 'മേൽ തീരുമാനത്തിന് മുഖ്യമന്ത്രിയുടെ അംഗീകാരമുണ്ടെന്നും അറിയിക്കുന്നു' എന്നുമാണ് മുൻ വിജിലൻസ് ഡയറക്ടർ യോഗേഷ് ഗുപ്ത കോടതിയെ അറിയിച്ചത്.

ഉയർന്ന റാങ്കുള്ള പോലീസ് ഉദ്യോഗസ്ഥന് എതിരായ അന്വേഷണത്തിൽ ഭരണഘടനാ പദവി വഹിക്കുന്നവരുടെ റോൾ എന്താണ്? വിജിലൻസ് വകുപ്പ് മുഖ്യമന്ത്രിയുടെ നിയന്ത്രണത്തിലാണെങ്കിലും അത് ഭരണപരമായ കാര്യങ്ങൾക്കു മാത്രമാണ്. ഉന്നത പോലീസ് ഉദ്യോഗസ്ഥന് എതിരായ അന്വേഷണത്തിൽ രാഷ്ട്രീയ നേതൃത്വത്തിനു റോളില്ല.

ഒരുവ്യക്തി കുറ്റം ചെയ്തിട്ടുണ്ടോ എന്നു തീരുമാനിക്കേണ്ടതു നിയമപ്രമാണങ്ങളുടെ അടിസ്ഥാനത്തിലാകണം. ഭരണനേതൃത്വത്തിന്റെ അംഗീകാരത്തിന്റെ അടിസ്ഥാനത്തിലാകരുത്. അന്വേഷണ റിപ്പോർട്ട് മറിച്ചായിരുന്നുവെങ്കിൽ അത് അംഗീകരിക്കപ്പെടുമെന്നു കരുതാനാകുമോ.

വിജിലൻസ് കോടതി വിധിക്കെതിരെ എഡിജിപി എം.ആർ. അജിത്കുമാർ സ്വന്തംനിലയിലും ഹൈക്കോടതിയെ സമീപിക്കാൻ ഒരുങ്ങുകയാണ്. മുതിർന്ന അഭിഭാഷകരുമായി അദ്ദേഹം ചർച്ച നടത്തിയതായി അറിയുന്നു. സുപ്രീം കോടതി മാർഗനിർദേശങ്ങൾ പാലിക്കാത്ത വിജിലൻസ് കോടതി വിധി റദ്ദാക്കണമെന്ന് അദ്ദേഹം ആവശ്യപ്പെടുമെന്നാണു വിവരം.

## അമേരിക്കയിലേക്കുള്ള തപാൽ സേവനം പുനരാരംഭിക്കാനുള്ള ശ്രമങ്ങൾ തുടരുന്നു

ന്യൂഡൽഹി: മാറ്റം വരുത്തിയ കസ്റ്റംസ് നിയമങ്ങളിൽ 100 യുഎസ് ഡോളർ വരെ മൂല്യമുള്ള കത്തുകളും രേഖകളും സമ്മാനങ്ങളും ഉൾപ്പെടാത്തതിനാൽ ഇവ അമേരിക്കയിലേക്ക് അയയ്ക്കുന്നതിന് നിയന്ത്രണമില്ലെന്നും യുഎസിലേക്കുള്ള പൂർണ തപാൽ പ്രവർത്തനങ്ങൾ എത്രയും വേഗം പുനരാരംഭിക്കാനുള്ള ശ്രമങ്ങൾ നടന്നുവരികയാണെന്നും തപാൽ വകുപ്പ് അറിയിച്ചു.

യുഎസ് കസ്റ്റംസ് ആൻഡ് ബോർഡർ പ്രൊട്ടക്ഷൻ (സിബിപി) അംഗീകരിച്ച 'യോഗ്യരായ കക്ഷികൾ'ക്കും തപാൽ ഉരുപ്പടികളുടെ കയറ്റുമതി നടത്തുന്നവർക്കും ട്രംപിന്റെ എക്സിക്യൂട്ടീവ് ഉത്തരവിൽ പുതിയ ചുമതലകൾ നിർദേശിച്ചതാണ് അമേരിക്കയിലേക്കുള്ള തപാൽ സേവനങ്ങൾ നിർത്തിവെക്കുന്നതിലേക്കു നയിച്ചതെന്ന് തപാൽ വകുപ്പ് പുറപ്പെടുവിച്ച പ്രസ്താവനയിൽ വ്യക്തമാക്കി. യുഎസ് പ്രഖ്യാപിച്ച തീരുവയാണ് പോസ്റ്റൽ സർവീസിനെയും ബാധിച്ചത്. തപാൽ ഉരുപ്പടികളുടെ കയറ്റുമതി നടത്തുന്ന ഗതാഗതവാഹകരും യോഗ്യരായ കക്ഷികളും കയറ്റുമതി തീരുവ ശേഖരിച്ച് അയയ്ക്കേണ്ടതുണ്ടെന്ന് എക്സിക്യൂട്ടീവ് ഉത്തരവിൽ നിർദേശമുള്ളതായി പ്രസ്താവനയിൽ പറയുന്നു.

കഴിഞ്ഞ 15-ന് സിബിപി ഇതുസംബന്ധിച്ച് ചില മാർഗനിർദേശങ്ങൾ പുറപ്പെടുവിച്ചെങ്കിലും 'യോഗ്യരായ കക്ഷികൾ' എന്ന പദവിയെക്കുറിച്ചും നികുതി ശേഖരിക്കുന്നതിന്റെയും പണമടയ്ക്കുന്നതിന്റെയും രീതികളെക്കുറിച്ചും വ്യക്തമായി നിർവചനം നടത്തിയിട്ടില്ല. തത്ഫലമായി നിർവഹണ-സാങ്കേതിക തയാറെടുപ്പുകളുടെ അഭാവം ചൂണ്ടിക്കാട്ടി അമേരിക്കയിലേക്ക് സർവീസ് നടത്തുന്ന വിമാനക്കമ്പനികൾ ഈ മാസം 25-നുശേഷം തപാൽ ഉരുപ്പടികൾ സ്വീകരിക്കാനാകില്ലെന്ന് അറിയിച്ചിട്ടുണ്ടെന്നും ഇതു പ്രകാരമാണ് അമേരിക്കയിലേക്കുള്ള തപാൽ സേവനങ്ങൾ താത്കാലികമായി നിർത്തിവെക്കാൻ തീരുമാനിച്ചതെന്നും തപാൽ വകുപ്പ് വ്യക്തമാക്കി. യുഎസ് കസ്റ്റംസ് ആൻഡ് ബോർഡർ പ്രൊട്ടക്ഷൻ (സിബിപി) തീരുവ സംബന്ധിച്ച തീരുമാനം ഉടൻ പ്രഖ്യാപിക്കുമെന്നാണു കരുതുന്നത്.

## അനീഷ് ദയാൽ സിംഗ് ദേശീയ ഡെപ്യൂട്ടി സുരക്ഷാ ഉപദേഷ്ടാവ്



ന്യൂഡൽഹി: ദേശീയ ഡെപ്യൂട്ടി സുരക്ഷാ ഉപദേഷ്ടാവായി റിട്ട. ഐപിഎസ് ഉദ്യോഗസ്ഥൻ അനീഷ് ദയാൽ സിംഗിനെ നിയമിച്ചു. സിആർപിഎഫ്-ഇന്തോ ടിബറ്റൻ ബോർഡർ പോലീസ് എന്നീ അർദ്ധ സൈനിക വിഭാഗങ്ങളുടെ ഡയറക്ടർ ജനറലായി അദ്ദേഹം സേവനമനുഷ്ഠിച്ചിരുന്നു. മണിപ്പൂർ കേഡറിൽ നിന്നുള്ള 1988 ബാച്ച് ഐപിഎസ് ഉദ്യോഗസ്ഥനായിരുന്ന അദ്ദേഹം കഴിഞ്ഞവർഷം ഡിസംബറിലാണ് സർവീസിൽ നിന്ന് വിരമിച്ചത്.

ജമ്മുകശ്മീർ ഉൾപ്പെടെയുള്ള രാജ്യത്തിന്റെ ആഭ്യന്തരസുരക്ഷാ കാര്യങ്ങൾ, നക്സൽ വിഷയം, വടക്കു കിഴക്കൻ സംസ്ഥാനങ്ങളിലെ കലാപങ്ങൾ തുടങ്ങിയ ഭീഷണികൾ ഇല്ലാതാക്കുന്നതിൽ സിംഗിന്റെ പരിചയസമ്പത്ത് ഗുണം ചെയ്തേക്കും. ദേശീയ സുരക്ഷാ ഉപദേഷ്ടാവ് അജിത് ഡോവലിനൊപ്പം ദേശീയ സുരക്ഷാ കാര്യങ്ങളിൽ തന്ത്രപ്രധാനമായ തീരുമാനങ്ങളും ഉപദേശങ്ങളും സിംഗ് നല്കും.

ഇന്റലിജൻസ് ബ്യൂറോ, റിസർച്ച് ആൻഡ് അനാലിസിസ് വിംഗ് തുടങ്ങിയ മറ്റ് ദേശീയ സുരക്ഷാ ഏജൻസികളുമായി അദ്ദേഹം സഹകരിച്ചു പ്രവർത്തിക്കും. ഭീകരവാദം, കലാപം, സൈബർ ഭീഷണികൾ എന്നിവയുൾപ്പെടെ നിരവധി ആഭ്യന്തര സുരക്ഷാ വെല്ലുവിളികൾ രാജ്യം നേരിടുന്ന സാഹചര്യത്തിലാണ് പുതിയ നിയമനം.

## ഓൺലൈൻ മണി ഗെയിം നിയന്ത്രണ ബില്ല് പാസാക്കി

ന്യൂഡൽഹി: പണം നിക്ഷേപിച്ചു കളിക്കുന്ന ഓൺലൈൻ ഗെയിമിംഗ് പ്ലാറ്റ്ഫോമുകൾ നിയന്ത്രിക്കുന്നതിനും നിശ്ചിത ഫെഡറേഷൻ കീഴിലുള്ള ഇ-സ്പോർട്സ് ഗെയിമുകൾ പ്രോത്സാഹിപ്പിക്കുന്നതിനുമുള്ള പ്രൊമോഷൻ ആൻഡ് റെഗുലേഷൻ ഓഫ് ഓൺലൈൻ ഗെയിമിംഗ് ബില്ല്-2025 ചർച്ചയില്ലാതെ ലോക്സഭ പാസാക്കി. ഇലക്ട്രോണിക്സ്, ഐടി വകുപ്പ് മന്ത്രി അശ്വിനി വൈഷ്ണവാണ് ലോക്സഭയിൽ ബില്ല് അവതരിപ്പിച്ചത്. ആദ്യം പണം നിക്ഷേപിച്ചു കൂടുതൽ പണം തിരികെ ലഭിക്കുന്ന തരത്തിലുള്ള ഗെയിമുകളെയാണ് ഓൺലൈൻ മണി ഗെയിമുകളുടെ പരിധിയിൽ കൊണ്ടുവന്നിരിക്കുന്നത്.

ഇത്തരം പ്ലാറ്റ്ഫോമുകളെ നിയന്ത്രിക്കുന്നതിന് ചെയർപേഴ്സണും അംഗങ്ങളും ഉൾപ്പെടുന്ന അഥോറിറ്റി രൂപീകരിക്കും. പണം ഉൾപ്പെട്ട ഗെയിമുകളുമായി ബന്ധപ്പെട്ട പരാതികളിൽ ഈ അഥോറിറ്റിയുടെ നേതൃത്വത്തിൽ പരിശോധിച്ചു നടപടി സ്വീകരിക്കും.

ബില്ല് നിയമമാകുന്നതോടെ ഏതെങ്കിലും മാധ്യമത്തിലൂടെ ഓൺലൈൻ മണി ഗെയിമുകൾ പ്രചരിപ്പിക്കുന്നതിനോ പ്രോത്സാഹിപ്പിക്കുന്നതിനോ സാധിക്കില്ല. കൂടാതെ ബാങ്കുകൾക്കോ ധനകാര്യ സ്ഥാപനങ്ങൾക്കോ ഇത്തരം ഗെയിമുകളുമായി ബന്ധപ്പെട്ട പണമിടപാട് സേവനം നൽകാനുള്ള അനുമതി ലഭിക്കില്ല. മണി ഗെയിമുകൾ പ്രചരിപ്പിച്ചാൽ മൂന്നു വർഷം തടവോ ഒരു കോടി രൂപയോ പിഴ ലഭിക്കും. അല്ലെങ്കിൽ രണ്ടും ഒരുമിച്ച് അനുഭവിക്കേണ്ടിവരും. ഇത്തരം ഗെയിമുകൾ പ്രോത്സാഹിപ്പിക്കുന്ന തരത്തിലുള്ള പരസ്യങ്ങൾ ഏതെങ്കിലും മാധ്യമത്തിലൂടെ പ്രചരിപ്പിച്ചാൽ രണ്ടുവർഷം തടവും 50 ലക്ഷം പിഴയും ശിക്ഷയായി ലഭിക്കും. പണമിടപാട് സേവനം നൽകുന്ന സ്ഥാപനങ്ങൾക്ക് മൂന്നുവർഷം തടവും ഒരുകോടി രൂപ പിഴയുമാണ് ശിക്ഷ. പണം നിക്ഷേപിച്ചുകൊണ്ടുള്ള ഓൺലൈൻ ഗെയിമുകൾക്ക് കടുത്ത നിയന്ത്രണവും പിഴയും ഏർപ്പെടുത്തുന്നതിലൂടെ ഈ മേഖലയിലൂടെ ഉണ്ടാകുന്ന കുറ്റകൃത്യങ്ങളും ആസക്തിയും കുറയ്ക്കാൻ സാധിക്കുമെന്നാണ് കണക്കുകൂട്ടൽ. ഇത്തരം ഗെയിമുകൾ കുട്ടികളുടെയും യുവാക്കളുടെ മാനസിക-ശാരീരിക ആരോഗ്യത്തെ കാര്യമായി സ്വാധീനിക്കുന്നതായും വിവിധ പഠനങ്ങളെ മുൻനിർത്തി കേന്ദ്ര സർക്കാർ ബില്ലിൽ വ്യക്തമാക്കി.

## നല്ല കരാർ ലഭിക്കുന്നിടത്ത് നിന്ന് ഇന്ത്യ എണ്ണ വാങ്ങും; ട്രംപിന്റെ വിരട്ടൽ തള്ളി ഇന്ത്യ

മോസ്കോ: ഏറ്റവും മികച്ച കരാറിൽ എണ്ണ ലഭിക്കുന്നിടത്തുനിന്ന് ഇന്ത്യൻ കമ്പനികൾ എണ്ണ വാങ്ങുന്നത് തുടരുമെന്ന് റഷ്യയിലെ ഇന്ത്യൻ പ്രതിനിധി വിനയ് കുമാർ. ദേശീയ താല്പര്യം സംരക്ഷിച്ചുകൊണ്ട് മാത്രമേ രാജ്യത്തിനു മുന്നോട്ടു പോകാൻ സാധിക്കുകയുള്ളുവെന്നും വാർത്താ ഏജൻസിയായ ടാസിനു നല്കിയ അഭിമുഖത്തിൽ അദ്ദേഹം വ്യക്തമാക്കി. രാജ്യത്തെ 1.4 ബില്യൻ ജനങ്ങളുടെ ഊർജ്ജസുരക്ഷ ഉറപ്പാക്കുക എന്നതാണ് ഇന്ത്യയുടെ മുൻഗണനയെന്നും അദ്ദേഹം പറഞ്ഞു. റഷ്യൻ എണ്ണ വിലക്കുറവിൽ ഇന്ത്യ വാങ്ങുന്നുവെന്ന ട്രംപിന്റെ വിമർശനത്തിനു പിന്നാലെയാണ് ഇന്ത്യ നിലപാട് വേയക്തമാക്കിയത്. വ്യാപാരം നടക്കുന്നത് വാണിജ്യ അടിസ്ഥാനത്തിലാണ്. ഇന്ത്യൻ കമ്പനികൾ ഏറ്റവും മികച്ച കരാർ ലഭിക്കുന്നിടത്തുനിന്ന് എണ്ണ വാങ്ങുന്നത് തുടരും. അതിനാൽ നിലവിലെ സ്ഥിതി തുടരും. ഇന്ത്യയിലെ 1.4 ബില്യൻ ജനങ്ങളുടെ ഊർജ സുരക്ഷയാണ് ഞങ്ങളുടെ ലക്ഷ്യം. റഷ്യയുമായുള്ള ഇന്ത്യയുടെ സഹകരണം ആഗോള എണ്ണവിപണിയിൽ സ്ഥിരത കൈവരിക്കാൻ രാജ്യത്തിന് സഹായമായിട്ടുണ്ട്.

കേരളാ എക്സ്പ്രസ്
KERALA EXPRESS
അമേരിക്കൻ മലയാളികളുടെ സമ്പൂർണ്ണ വാർത്താവാരിക
Weekly Newspaper National Edition From Chicago

3425 Cleveland St,
Skokie, Illinois 60076
Tel: 630 728 7956
eFax: 773.304.1917

Volume XXXIII
Number 35
August 25, 2025

*Chief Editor*
K.M. Eapen

*Executive Editor*
Jose Kaniyaly

*Managing Editors*
Joseph Mathew
K.O. Jose, C.P.A.
Titus Eapen

*Cir2culation Manager*
Ajith Eapen

*Office Administration*
Anish Eapen

*Legal Advisor*
Selma C. D'souza

*Manager*
K.M. Thimothy

*Overseas Office*
KERALA EXPRESS
KMC 172-A
C.M.S. College Jn.
Kottayam - 686001
Kerala, India
Tel : + 91 481-2561203

*Co-ordinating Editor*
Mani Samuel

*News Editor*
Mini Mani

*Graphics*
Samuel Mani

*Consultant Editor*
Prof. Babu Poozhikunnel

*Special Correspondent*
Anil Pennukkara

DISCLAIMER
The advertisements and articles published in Kerala Express denote the views and ideas expressed by the concerned authors or advertisers. Kerala Express is not responsible for the authenticity of articles or advertisements and readers are requested to verify any offers etc. directly with advertiser or author.

### മഹദ്വചനം


ലോകത്ത് സൗന്ദര്യവും സൗഭാഗ്യവും നീതിയും സൃഷ്ടിക്കുന്നത് ഭാവനയാണ്.

**ബ്ലെയിസ് പാസ്കൽ**

അഭിപ്രായസ്വാതന്ത്ര്യമാണ് ലോകത്തിലെ ഏറ്റവും സുന്ദരമായ വസ്തുത.

**ലൊറേഷ്യസ്**


Affordable Mortgages Made Easy!
ACHIEVE MORTGAGE GROUP, INC.
NMLS#2449193
SABU C. ACHETTU
Managing Broker
NMLS#222904
Phone: 847-687-5100
Email: saburealtor@sbcglobal.net
SMITHA JAMES
Loan Officer/Processor
NMLS#2457839
Phone: 847-890-3220
Email: achievewithsmitha@gmail.com
THRESIAMMA JOB (THERESA)
Mortgage Loan Originator
NMLS#2321033
Phone: 847-915-0762
Email: achievewiththeresa12@gmail.com
Achieve Real Estate
Achieve Your Dreams
Call us for All your Needs
Shawn S. Achettu
Realtor / Broker
847-529-7962
realtorachettu@gmail.com
Phone: 847-687-5100
834 E. Rand Road, Suite 6, Mount Prospect, IL 60056
Scanned with CamScanner


PROSPEROUS
THERAPY
Dr. Elizabeth Nellamattathil
PhD, LPC-TX, LCPC-IL
Offering telehealth therapy for adults in Illinois and Texas.
Our services
• Individual Therapy
• Couples Therapy
• Anxiety & Stress Management
• Depression & Mood Concerns
• Self-Esteem & Confidence
• Life Transitions
• Family Concerns
• Identity Exploration
• Interpersonal Functioning
• And more…
Contact Us
972-433-7211
info@prosperoustherapy.com
ProsperousTherapy.com


LIFE MEMBER
Million Dollar Advocates Forum
The Top Trial Lawyers In America™
ACCIDENT ATTORNEYS
AV PREEMINENT
Peer Rated for Highest Level of Professional Excellence
2025
LEADING TOP RATED LAW FIRM TRUSTED IN THE COMMUNITY
Fee Discounts On Certain Cases For Malayalee Clients
Home Visits Available
CRIFASE LAW FIRM, LTD.
312-855-0511
Free Consultation/Your Call Is Always Welcome
Like A Family Friend
Steve Crifase
Steve@Crifaselaw.com
Michael Crifase
Michael@Crifaselaw.com
Crifase Law Firm, Ltd.
8 S. Michigan Avenue, Suite 2000
Chicago, Illinois 60603
CrifaseLaw.Com
A+ Rating
BBB Accredited Business
Better Business Bureau

കേരളാ എക്സ്പ്രസ്
KERALA EXPRESS
അമേരിക്കൻ മലയാളികളുടെ സമ്പൂർണ്ണ വാർത്താവാരിക
Weekly Newspaper National Edition From Chicago

## രാഷ്ട്രീയ ജീവിതം സുതാര്യമാകണം

രാഷ്ട്രീയത്തിലെ വിശുദ്ധിയെന്നത് ഒരു നഷ്ടസ്മൃതിയായിത്തീർന്നിട്ട് കാലം കുറെയായി. അസ്വതന്ത്രമായ ഇന്ത്യയുടെ തെരുവുകളിലിറങ്ങിനടന്ന രാഷ്ട്രീയപ്രക്ഷോഭകന് തന്റെ മൂല്യങ്ങളിലുറച്ചു നിൽക്കുകയെന്നതൊഴിച്ച് മറ്റു താത്പര്യങ്ങളൊന്നുമുണ്ടായിരുന്നില്ല. കക്ഷിരാഷ്ട്രീയത്തെയും രാഷ്ട്രീയക്കാരെയും പൊതുജനം അവിശ്വാസത്തോടെയും അനാദരവോടെയും വീക്ഷിക്കുന്ന ദൗർഭാഗ്യകരമായ സാഹചര്യം വന്നുപെട്ടിട്ട് ഏറെയായി. ഒരു ജനാധിപത്യവ്യവസ്ഥിതിയിൽ ഇങ്ങനെയായിക്കൂടാത്തതാണെങ്കിലും രാഷ്ട്രീയക്കാരോടുള്ള വിരക്തിയും വിപ്രതിപത്തിയും വർത്തമാനസമൂഹത്തിലെ യാഥാർത്ഥ്യമാണ്. കക്ഷിരാഷ്ട്രീയത്തിൽ ഉത്തമരായ മനുഷ്യരുടെ സാന്നിധ്യം വിരളമായെന്ന പൊതുവികാരം പ്രബലമാണ്. അധികാരമാർജിക്കാനും അതിന്റെ ബലത്തിൽ അളവറ്റ ധനവും മറ്റു സുഖഭോഗങ്ങളും സ്വന്തമാക്കാനുമുള്ള കുറുക്കുവഴിയായി രാഷ്ട്രീയത്തെ കാണുന്നവർ ആ മേഖല കൈയടക്കിയതായി ജനം വിശ്വസിക്കുന്നു. ആദർശവാദികൾക്കും സുമനസ്സുകൾക്കും അപ്രാപ്യമോ അല്ലെങ്കിൽ പ്രവർത്തിക്കാനാകാത്തതോ ആയ മേഖലയായി മാറിയിട്ടുണ്ട് അത്. മുൻ മുഖ്യ തെരഞ്ഞെടുപ്പുകമ്മീഷണർ ടി.എൻ. ശേഷൻ ഇങ്ങനെ എഴുതുകയുണ്ടായി: ‘മന്ത്രിമാരും മറ്റു ജനപ്രതിനിധികളും ഉൾപ്പെടെ ഇരുനൂറു രാഷ്ട്രീയനേതാക്കളുടെ പട്ടിക നമുക്കു തയ്യാറാക്കാം. വ്യക്തിപരമോ നയപരമോ ആയ ഒരു പ്രശ്നത്തിന് ഉപദേശംതേടാൻ യോഗ്യരായ ആരെങ്കിലും ആ പട്ടികയിലുണ്ടാകുമെന്നു നിങ്ങൾക്കു തോന്നുന്നുണ്ടോ? ഇതാ സ്വഭാവഗുണമുള്ളൊരു മനുഷ്യൻ. എന്റെ പ്രശ്നം ഇദ്ദേഹത്തിന്റെമുന്നിൽ അവതരിപ്പിക്കാം എന്ന് ഇവരിലാരെക്കുറിച്ചെങ്കിലും പറയാൻ നമുക്കാകുമോ?’

യൂത്ത് കോൺഗ്രസ് സംസ്ഥാന അദ്ധ്യക്ഷസ്ഥാനത്തുനിന്ന് രാഹുൽ മാങ്കൂട്ടത്തിൽ എംഎൽഎയ്ക്ക് രാജിവെക്കേണ്ടിവന്ന സാഹചര്യം ജനാധിപത്യത്തിൽ വിശ്വസിക്കുകയും തെളിമയാർന്ന രാഷ്ട്രീയം സ്വപ്നംകാണുകയുംചെയ്യുന്നവരെ നിരാശപ്പെടുത്തുന്നതാണ്. തനിക്കെതിരായ ആരോപണങ്ങൾ ഇനിയും തെളിയിക്കപ്പെടേണ്ടതുണ്ട് എന്നുവേണമെങ്കിൽ അദ്ദേഹത്തിനു വാദിക്കാമെങ്കിലും അത്ര ബലമുള്ള പിടിവള്ളിയല്ല. ഒരു പൊതുപ്രവർത്തകനുനേരെ ഒരിക്കലും ഉയർന്നുകേൾക്കാൻ പാടില്ലാത്തതരം പരാതികളും ആരോപണങ്ങളുമാണ് ഉന്നയിക്കപ്പെട്ടിരിക്കുന്നത്. അവ പ്രഥമദൃഷ്ട്യാ വിശ്വാസയോഗ്യവുമാണ്. അധികാരപദവികളിലിരിക്കുന്നതിന്റെ ഹുങ്കിൽ ഇതരമനുഷ്യരുടെ മാനാഭിമാനങ്ങളും മനുഷ്യാവകാശങ്ങളും ചവിട്ടിമെതിക്കുന്നത് അനുവദിക്കാനാകില്ല. രാഷ്ട്രീയ ധാർമികതയുടെ പേരിലാണ് തന്റെ രാജിയെന്നു രാഹുൽ പ്രതികരിക്കുകയുണ്ടായി. പാർട്ടി പ്രവർത്തകർ സർക്കാരിനെതിരായ നിലപാടെടുക്കുന്ന സമയത്ത് ഇത്തരം വിഷയങ്ങളിൽ ന്യായീകരിക്കേണ്ടിവരുമ്പോഴുള്ള പ്രതിസന്ധി സൃഷ്ടിക്കുന്നില്ലെന്നായിരുന്നു രാഹുലിന്റെ വിശദീകരണം. കുറ്റം ചെയ്തതുകൊണ്ടല്ല രാജിയെന്നും രാഹുൽ പറഞ്ഞു. നിയമവഴിയിലൂടെ തന്റെ നിരപരാധിത്വം തെളിയിക്കാൻ രാഹുലിന് എല്ലാ അവകാശങ്ങളും അവസരവുമുണ്ട്. എന്നാൽ, തനിക്കെതിരായ ആരോപണങ്ങൾക്കു കോടതിയിലെന്ന പോലെ ജനങ്ങൾക്കു മുന്നിൽനിന്നു രാഹുൽ തെളിവ് ചോദിച്ചിട്ടു കാര്യമില്ല. ആരോപണങ്ങൾ തള്ളിക്കളയാൻ ഒപ്പമുള്ളവർപോലും തയാറല്ലെന്നു പ്രതികരണങ്ങളിൽനിന്നു വ്യക്തം. രാഹുലിനെതിരായ പരാതികൾ പാർട്ടിനേതൃത്വം ഗൗനിച്ചിരുന്നില്ലെന്നാണ് ആക്ഷേപം. പാർട്ടിയിൽ രാഹുലിന്റെ സംരക്ഷകനായി കരുതുന്ന പ്രതിപക്ഷ നേതാവ് വി.ഡി. സതീശനടക്കം പേരുദോഷമാണ് സംഭവിച്ചിരിക്കുന്നത്. വരുന്ന തദ്ദേശ, നിയമസഭാ തെരഞ്ഞെടുപ്പുകളിലൂടെ കേരളത്തിൽ ശക്തമായി തിരിച്ചുവരാൻ ഒരുങ്ങുന്ന യുഡിഎഫിനെ ആരോപണങ്ങൾ പ്രതിരോധത്തിലാക്കുന്നു.

രാഹുൽ മാങ്കൂട്ടത്തിലിനെതിരെ പരാതിയുമായി രംഗത്തെത്തിയവരുടെ വാക്കുകളും വിലമതിക്കപ്പെടണം. അതിനു നിയമപരമായ അനുസ്യൂതിയുമുണ്ടാകണം. സ്ത്രീകളോട് അപമര്യാദയായി പെരുമാറുന്ന രാഷ്ട്രീയക്കാരൻ പൊതുരംഗത്തു തുടരാൻ എത്രയും അയോഗ്യനാണെന്നതിൽ സംശയമില്ല. ഒരുതരത്തിൽ, നമ്മുടെ രാഷ്ട്രീയരംഗത്തുണ്ടാകേണ്ടത് ഉത്കൃഷ്ടരായ മനുഷ്യരാണെന്ന സ്വപ്നത്തിനു തിടംവെക്കുന്ന സന്ദർഭംകൂടിയാണിത്. മൂല്യങ്ങളോട് ഏകാന്തഭക്തി പുലർത്തിയൊരു മഹാത്മാവിനെയാണു നാം ഇന്നും രാഷ്ട്രപിതാവെന്നു വിളിക്കുന്നതെന്ന് നവരാഷ്ട്രീയക്കാർ ഓർക്കുകയെങ്കിലും ചെയ്താൽ നന്ന്. രാഷ്ട്രീയ അധികാരം കൈയിലുള്ളവർ ചെയ്യുന്ന കാര്യങ്ങൾ സാധാരണ പൗരന്മാരുടെ രീതിയിൽ ഒരിക്കലും കാണാനാവില്ല. ഒരുപാടുപേരുടെ ജീവിതത്തേയും നാടിന്റെ ഭാവിയെതന്നെയും ബാധിക്കുന്നതാകും ഇവരുടെ പ്രവർത്തനങ്ങൾ. ഒരു സാധാരണക്കാരൻ നിയമവും നീതിയും വിട്ടു ചെയ്യുന്ന കാര്യങ്ങൾപോലും സമൂഹത്തെ ബാധിക്കാമെന്നിരിക്കെ ഒരു ജനപ്രതിനിധിയാണ് അതു ചെയ്യുന്നതെങ്കിൽ എത്രയോ അപകടകരമാകാം. പാലക്കാടിന്റെ ജനപ്രതിനിധിക്കെതിരെ ഇത്തരത്തിൽ ഗുരുതരമായ ആരോപണം ഉയർന്നിരിക്കുന്ന സാഹചര്യത്തിൽ ഈ നാടിനു ഗുണകരമായ തീരുമാനം രാഹുൽ ഉൾപ്പെടുന്ന കോൺഗ്രസ് പാർട്ടി സ്വീകരിക്കുമെന്നു പ്രതീക്ഷിക്കുന്നു.

# ഒബിസി പ്രാതിനിധ്യം: കേന്ദ്രത്തിന്റെ വാദം തെറ്റെന്ന് പാർലമെന്ററി സമിതി

ന്യൂഡൽഹി: സ്വകാര്യമേഖലയിലെ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഒബിസി പ്രാതിനിധ്യം 40 ശതമാനമാണെന്ന കേന്ദ്രസർക്കാരിന്റെ അവകാശവാദം ശരിയല്ലെന്ന് രാജ്യസഭയിൽ സമർപ്പിച്ച വിദ്യാഭ്യാസ പാർലമെന്ററി സ്റ്റാൻഡിങ് കമ്മിറ്റിയുടെ റിപ്പോർട്ട്. ഒബിസി-40 ശതമാനം, എസ്സി-14.9 ശതമാനം, എസ്ടി-അഞ്ചു ശതമാനം എന്നിങ്ങനെയാണ് ഉന്നത വിദ്യാഭ്യാസ സെക്രട്ടറി നൽകിയ കണക്കെങ്കിലും സ്വകാര്യ സ്ഥാപനങ്ങളിൽ നിന്ന് നേരിട്ട് ലഭിച്ച ഡേറ്റ പ്രകാരം ഇത് വളരെ കുറവാണെന്ന് കമ്മിറ്റി ചൂണ്ടിക്കാട്ടി.

ഉന്നത വിദ്യാഭ്യാസരംഗത്തെ സാമൂഹികാന്തരം പരിഹരിക്കാൻ സ്വകാര്യമേഖലയിൽ ഒബിസിക്ക് 27 ശതമാനം സംവരണം വേണമെന്നും സമിതി ശിപാർശചെയ്തു.

സർക്കാരിന്റെ വാദം ഖണ്ഡിക്കാൻ ഒട്ടേറെ സ്വകാര്യസ്ഥാപനങ്ങൾ സമർപ്പിച്ച കണക്കുകളും കമ്മിറ്റി പങ്കുവെച്ചു. ബിറ്റ്സ് പിലാനിയിൽ 2024-25 വർഷത്തിലെ ആകെ 5137 വിദ്യാർത്ഥികളിൽ 514 പേർ (10 ശതമാനം) മാത്രമാണ് ഒബിസി. എസ്സി-29 (0.5 ശതമാനം), എസ്ടി-4 (0.08 ശതമാനം) എന്നിങ്ങനെയും ഒ.പി. ജിൻഡാൽ ഗ്ലോബൽ യൂണിവേഴ്സിറ്റിയിൽ ആകെ 3181 വിദ്യാർത്ഥികളിൽ 28 പേർ എസ്സിയും 29 പേർ എസ്ടിയുമാണ്. രണ്ടും ചേർന്ന് ഒരു ശതമാനത്തിലും താഴെ. ശിവ് നാടാൻ യൂണിവേഴ്സിറ്റിയിലെ 3359 വിദ്യാർത്ഥികളിൽ യഥാക്രമം 48 (1.5 ശതമാനം), 29 (0.5 ശതമാനം) എന്നിങ്ങനെ. മൂന്ന് മുൻനിര സ്വകാര്യ സർവകലാശാലകളിലെ ഒബിസി കണക്കെടുത്താൽ 11.16 ശതമാനം മാത്രം.

ഇന്ത്യയിൽ സ്വകാര്യ സർവകലാശാലകൾ കൂടുന്നതായി കമ്മിറ്റി ചൂണ്ടിക്കാട്ടി. 2021-22 കാലത്ത് 685 സർക്കാർ സർവകലാശാലകളാണ് ഉണ്ടായിരുന്നത്. ഒപ്പം 473 സ്വകാര്യ അൺഎയിഡഡ് സർവകലാശാലകളും. ഇപ്പോൾ, യുജിസിക്കുകീഴിൽ 517 സ്വകാര്യ സർവകലാശാലകളുണ്ട്. 45,473 കോളജുകളിൽ 21.5 ശതമാനം മാത്രമാണ് സർക്കാർ മേഖലയിൽ.

13.2 ശതമാനം സ്വകാര്യ എയ്ഡഡും 65.3 ശതമാനം സ്വകാര്യ അൺഎയിഡഡും. പൊതുമേഖലാസ്ഥാപനങ്ങൾക്ക് വിദ്യാഭ്യാസത്തിലെ സാമൂഹികാന്തരം കുറയ്ക്കാൻ കഴിയില്ലെന്നാണ് ഇത് ചൂണ്ടിക്കാട്ടുന്നതെന്ന് കമ്മിറ്റി പറഞ്ഞു.

സ്വകാര്യ സർവകലാശാലകളിലെ വാർഷിക ഫീസ് വളരെ ഉയർന്നതാണെന്നും ദരിദ്ര വിഭാഗങ്ങൾക്ക് ഇത് താങ്ങാനാകില്ലെന്നും കമ്മിറ്റി ചൂണ്ടിക്കാട്ടി. ഭരണഘടനയുടെ അനുച്ഛേദം 15(5) പ്രകാരം സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സംവരണം ഏർപ്പെടുത്താം. ഈ വകുപ്പ് പാർലമെന്റിലെ നിയമനിർമാണത്തിലൂടെ പ്രാവർത്തികമാക്കണമെന്ന് കമ്മിറ്റി നിർദേശിച്ചു.

പ്രവേശനപരീക്ഷകളിൽ പാർശ്വവത്കരിക്കപ്പെട്ട വിദ്യാർത്ഥികൾ വെല്ലുവിളി നേരിടുന്നു. പ്രമുഖ സ്ഥാപനങ്ങളിലെ ജാതിവിവേചനവുമുണ്ട്. ഇത് അവസാനിപ്പിക്കാൻ നടപടി വേണമെന്ന് സമിതി നിർദേശിച്ചു.

# കേരള വ്യോമയാന ഉച്ചകോടി ഉദ്ഘാടനം ചെയ്തു

നെടുമ്പാശേരി: വ്യോമഗതാഗത ഹബ്ബായി മാറാൻ കേരളത്തിന് ഏറെ സാധ്യതയുണ്ടെന്നു മുഖ്യമന്ത്രി പിണറായി വിജയൻ. ഫിക്കിയുടെ സഹകരണത്തോടെ സിയാൽ സംഘടിപ്പിച്ച കേരള വ്യോമയാന ഉച്ചകോടി (കേരള ഏവിയേഷൻ സമ്മിറ്റ് 2025) ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. വ്യോമയാന വ്യവസായത്തിൽ സിയാൽ ജനകീയ മാതൃക തീർത്തെന്നും മുഖ്യമന്ത്രി പറഞ്ഞു.

യാത്രാച്ചെലവും പ്രവർത്തനച്ചെലവും കുറച്ച് വിമാനയാത്ര ജനകീയമാക്കണം. വ്യോമയാന വ്യവസായ മേഖലയുടെ വളർച്ചയ്ക്ക് ആസൂത്രിതമായ ഇടപെടൽ നടത്തണം. ദേശീയ, പ്രാദേശിക വ്യോമയാന ചർച്ചകളിൽ കേരളത്തിന്റെ പ്രാതിനിധ്യം ഉറപ്പുവരുത്തും. നിക്ഷേപ, നവീകരണ സാധ്യതകൾ ഉറപ്പാക്കുമെന്നും മുഖ്യമന്ത്രി പറഞ്ഞു. എയർപോർട്ട് ഹെൽത്ത് ഓഫീസിനായി (എപിഎച്ച്ഒ) സിയാലിൽ ആരംഭിക്കുന്ന എയർപോർട്ട് ആരോഗ്യകേന്ദ്രത്തിന്റെ ഉദ്ഘാടനവും മുഖ്യമന്ത്രി നിർവഹിച്ചു.

ആരോഗ്യകേന്ദ്രത്തിന്റെ താക്കോൽദാനം റവന്യൂ മന്ത്രി കെ. രാജൻ നിർവഹിച്ചു. മന്ത്രി പി. രാജീവ് അദ്ധ്യക്ഷനായിരുന്നു. ബെന്നി ബെഹനാൻ എംപി, സിയാൽ ഡയറക്ടർമാരായ അരുണ സുന്ദർരാജൻ, എൻ.വി. ജോർജ്, വർഗീസ് ജേക്കബ്, ഡെപ്യൂട്ടി ഡയറക്ടർ ജനറൽ ഓഫ് ഹെൽത്ത് സർവീസസ് ഡോ. എസ്. സെന്തിൽനാഥൻ, ഫിക്കി സീനിയർ ഡയറക്ടർ മനോജ് മേത്ത എന്നിവരും പങ്കെടുത്തു.





നെടുമ്പാശേരിയിൽ പ്രഥമ കേരള വ്യോമയാന ഉച്ചകോടി ‘കേരള ഏവിയേഷൻ സമ്മിറ്റ് 2025’ മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യുന്നു.


# തദ്ദേശ തെരഞ്ഞെടുപ്പ് നിയമസഭാ പോരാട്ടത്തിന്റെ തുടക്കമെന്ന് അമിത് ഷാ

കൊച്ചി: വരാനിരിക്കുന്ന തദ്ദേശ തെരഞ്ഞെടുപ്പിനെ 2026-ലെ നിയമസഭാ തെരഞ്ഞെടുപ്പിനുള്ള ചവിട്ടുപടിയായി കാണാൻ കേരളത്തിലെ ബിജെപി നേതാക്കൾക്കും പ്രവർത്തകർക്കും കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷായുടെ ആഹ്വാനം. കേരളത്തിലെ ജനങ്ങളുടെ സമഗ്ര വികസനം ലക്ഷ്യമിടുന്ന 21 ഇന കർമ്മ പരിപാടികൾ അദ്ദേഹം സംസ്ഥാന നേതൃയോഗത്തിൽ അവതരിപ്പിച്ചു.

നേതൃയോഗം ഉദ്ഘാടനം ചെയ്ത അമിത് ഷാ വിജയത്തിലേക്കു കുറുക്കുവഴികളില്ലെന്ന് നേതാക്കളെ ഓർമ്മിപ്പിച്ചു. കേരളം അഭിമുഖീകരിക്കുന്ന വികസന, സാമ്പത്തിക, സുരക്ഷാ പ്രതിസന്ധികൾക്കെല്ലാം ഏകപരിഹാരം സംസ്ഥാനത്ത് എൻഡിഎ അധികാരത്തിൽ എത്തുന്നതാണ്. 2026-ൽ അതു സാദ്ധ്യമാകണം. അതിനുള്ള ചവിട്ടുപടിയായി തദ്ദേശ തെരഞ്ഞെടുപ്പിൽ പരമാവധി നേട്ടമുണ്ടാക്കണം.

ദേശീയതലത്തിലും പ്രാദേശിക തലത്തിലും പഞ്ചായത്ത്, വാർഡ് തലത്തിലും വിഷയങ്ങൾ തിരിച്ചറിഞ്ഞ് അവയെ കേരളത്തിന്റെ വികസനവുമായി കൂട്ടിച്ചേർത്തുള്ള വികസന അജൻഡയാകണം ജനത്തിനു മുന്നിൽ അവതരിപ്പിക്കേണ്ടത്: അമിത് ഷാ ഓർമ്മിപ്പിച്ചു. സംസ്ഥാന പ്രസിഡണ്ട് രാജീവ് ചന്ദ്രശേഖർ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ കേന്ദ്രമന്ത്രിമാരായ സുരേഷ് ഗോപി, ജോർജ് കുര്യൻ തുടങ്ങി പ്രമുഖനേതാക്കൾ സംബന്ധിച്ചു.


THE PREMIER GASOLINE DISTRIBUTION COMPANY
Gas DEPOT
We Fuel Your Growth
MARATHON
VALERO
CITGO
www.gasdepot.com


Enhance your ministry competencies...
enrol for DMin
ipctsk IPC THEOLOGICAL SEMINARY KOTTAYAM
Integrating theology and practice
Specializations in
Pentecostal Studies
Leadership & Church Administration
Duration: 4-5 years
Eligibility: MDiv/BD with B+ grade and five years ministry experience
APPLICATION DEADLINE 31 AUGUST 2025
COURSE COMMENCEMENT JANUARY 2026
OCDS
T.G. Oommen Centre for Doctoral Studies
Doctoral Department of IPC Theological Seminary Kottayam
ocds.ipctsk@gmail.com +91 9188952098 https//ipcseminary/ocds.com


B&M
AUTO COLLISION CTR
Fast & Efficient
Quality Repair
We work with all Insurance Companies
Call Anish Eapen
773-263-9863
4440 West Addison, Chicago, IL 60641
773.685.3200
773.685.7388
www.bmautocollision.com

## ജിഎസ്ടി ഇനി രണ്ട് സ്ലാബുകളിൽ

ന്യൂഡൽഹി: ചരക്കുസേവന നികുതിയിലെ സ്ലാബുകൾ നാലിൽനിന്ന് രണ്ടായി കുറയ്ക്കുന്നതുൾപ്പെടെയുള്ള പരിഷ്കാരങ്ങൾക്കു വിവിധ സംസ്ഥാനങ്ങളിൽനിന്നുള്ള മന്ത്രിമാരുടെ പാനൽ തത്വത്തിൽ അംഗീകാരം നൽകി. ഇതുവഴിയുണ്ടാകുന്ന നികുതിനഷ്ടം എങ്ങനെ നികത്തുമെന്ന ആശങ്ക ഏതാനും പ്രതിപക്ഷ സംസ്ഥാനങ്ങളിലെ മന്ത്രിമാർ പാനൽ യോഗത്തിൽ ഉന്നയിക്കുകയും ചെയ്തു. ഇപ്പോൾ അഞ്ച് ശതമാനം, 12 ശതമാനം, 18 ശതമാനം, 28 ശതമാനം എന്നിങ്ങനെ സ്ലാബുകളാണുള്ളത്. ഇതിൽനിന്ന് 12 ശതമാനം, 28 ശതമാനം എന്നീ സ്ലാബുകൾ ഒഴിവാക്കും. 12 ശതമാനത്തിൽ ഉൾപ്പെടുന്ന വസ്തുക്കളെ അഞ്ചു ശതമാനത്തിലേക്കു മാറ്റും. 28 ശതമാനം വരുന്ന ഭൂരിഭാഗം ഉത്പന്നങ്ങളും 18 ശതമാനം നികുതി ഈടാക്കുന്ന സ്ലാബിലേക്കു വരും. ഇതുൾപ്പെടെയുള്ള നിർദേശങ്ങൾക്കാണ് ബിഹാർ ഉപമുഖ്യമന്ത്രി സമ്രാട്ട് ചൗധരിയുടെ നേതൃത്വത്തിലുള്ള മന്ത്രിതല സമിതി അംഗീകാരം നൽകിയത്. പുതിയ നിർദേശങ്ങൾ സാധാരണക്കാർക്കു പ്രയോജനപ്പെടുമെന്നാണ് ധനമന്ത്രാലയത്തിന്റെ വാദം. ഉയർന്ന വിലയുള്ള കാറുകൾ, സിഗററ്റുകൾ ഉൾപ്പെടെ ഉത്പന്നങ്ങൾക്ക് 40 ശതമാനം അധികനികുതികൂടി ഈടാക്കും. ഇത്തരം ഉത്പന്നങ്ങളുടെ വില ഇതോടെ കുതിച്ചുയരും. ആരോഗ്യ, ലൈഫ് ഇൻഷുറൻസ് പ്രീമിയത്തിന് ജിഎസ്ടി ഒഴിവാക്കണമെന്ന നിർദേശത്തിനും അനുമതിയുണ്ട്. ഇതുവഴി 9,700 കോടി രൂപയുടെ നികുതി വരുമാനനഷ്ടമുണ്ടാകും. ബിജെപി ഭരണത്തിലുള്ള ബിഹാർ, ഉത്തർപ്രദേശ്, രാജസ്ഥാൻ പ്രതിപക്ഷഭരണത്തിലുള്ള കർണാടക (കോൺഗ്രസ്), കേരളം (ഇടതുമുന്നണി), പശ്ചിമബംഗാൾ (തൃണമൂൽ കോൺഗ്രസ്) എന്നിവിടങ്ങളിൽനിന്നുള്ള മന്ത്രിമാരാണു സമിതിയിലുള്ളത്.

## ഡൽഹി വിമാനത്താവളത്തിൽ 25 കോടിയുടെ കഞ്ചാവ് പിടികൂടി

ന്യൂഡൽഹി: ഇന്ത്യാതലസ്ഥാനത്ത് ഇന്ദിരാഗാന്ധി അന്താരാഷ്ട്ര വിമാനത്താവളത്തിൽ യാത്രക്കാരനിൽനിന്ന് 25 കോടി വിലമതിക്കുന്ന കഞ്ചാവ് കസ്റ്റംസ് പിടികൂടി. ബാങ്കോക്കിൽനിന്ന് സിങ്കപ്പൂർ വഴി ന്യൂഡൽഹിയിലെത്തിയ ഇന്ത്യക്കാരനായ യാത്രക്കാരനിൽനിന്നാണ് കഞ്ചാവ് പിടികൂടിയത്. 25 കവറുകളിലെത്തിച്ച ഹൈബ്രിഡ് കഞ്ചാവാണ് പിടികൂടിയത്. യാത്രക്കാരനെക്കുറിച്ചുള്ള വിവരങ്ങൾ കസ്റ്റംസ് പുറത്തുവിട്ടില്ല. ഇയാൾ കസ്റ്റഡിയിലാണ്. അതിനിടെ, ഡൽഹിയിലെ മുഖ്യ ഹെറോയിൻ വിതരണശൃംഖല തകർത്ത് പോലീസ്. മയക്കുമരുന്ന് വിതരണക്കാരായ രണ്ടു സ്ത്രീകൾ അറസ്റ്റിലായി. അഞ്ചു കോടിയിലധികം വിലമതിക്കുന്ന മയക്കുമരുന്ന് പിടികൂടി.

## വേലുപിള്ള ചിക്കാഗോയിൽ അന്തരിച്ചു



ചിക്കാഗോ: വേലുപിള്ള (81) ചിക്കാഗോയിൽ അന്തരിച്ചു. ഓമന പിള്ളയാണ് സഹധർമ്മിണി. മാധവൻപിള്ള, ചന്ദ്രൻപിള്ള, പൊന്നമ്മ പിള്ള, സുമ മിറ്റൽ, അമ്മിണി നാഥ്, മണിയമ്മ എന്നിവർ സഹോദരങ്ങളാണ്. അനിത, അമ്പിളി, അർച്ചന, അഭിലാഷ് എന്നിവർ മക്കളും മോഹനൻ പിള്ള, ചന്ദ്രശേഖര പിള്ള, രഞ്ജിത് പിള്ള രേശ്മ പിള്ള എന്നിവർ മരുമക്കളുമാണ്. പരേതന്റെ പൊതുദർശനം ആഗസ്റ്റ് 27-ന് ബുധനാഴ്ച 10 മണി മുതൽ 12 മണി വരെയും അതിനുശേഷം ശവസംസ്കാര ചടങ്ങുകളും ബാർട്ട്ലറ്റിലുള്ള കൺട്രി സൈഡ് ഫ്യൂണറൽ ഹോമിൽ (950 S. Bartlett Road, Bartlett, IL 60103) വെച്ച് നടത്തുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് ചന്ദ്രൻപിള്ള (847 220 0017).

## പ്രത്യേക ദൗത്യസംഘത്തിൽ സിഐഎസ്എഫ് വനിതാ കമാൻഡോ സംഘവും

ന്യൂഡൽഹി: സ്ത്രീശാക്തീകരണം ലക്ഷ്യമിട്ട് സുപ്രധാന ദൗത്യങ്ങൾക്ക് വനിതാ കമാൻഡോ സംഘത്തെ നിയോഗിക്കാൻ സെൻട്രൽ ഇൻഡസ്ട്രിയൽ സെക്യൂരിറ്റി ഫോഴ്സ് (സിഐഎസ്എഫ്) തയ്യാറെടുക്കുന്നു. ഇതിന്റെ ഭാഗമായി ഒരുസംഘം വനിതാ കമാൻഡോകൾ കടുത്ത പരിശീലനത്തിലാണ്. മധ്യപ്രദേശിലെ പരിശീലന കേന്ദ്രത്തിലാണ് സംഘം തുടരുന്നത്. എട്ടാഴ്ച നീളുന്ന പരിശീലനത്തോടെ ദ്രുതകർമ്മ സേനകളിലും പ്രത്യേക ദൗത്യസംഘങ്ങളിലും പരിശീലിക്കാനുള്ള ശേഷി കമാൻഡോകൾ സ്വായത്തമാക്കും. അതീവസുരക്ഷയുള്ള കേന്ദ്രങ്ങളിലുൾപ്പെടെയാകും ഇവരെ വിന്യസിക്കുക. ശാരീരിക ദൃഢത വർദ്ധിപ്പിക്കുന്നതിനോടൊപ്പം ആയുധ പരിശീലനവും സേനാംഗങ്ങൾക്കു നല്കുന്നുണ്ട്. പ്രതികൂല സാഹചര്യങ്ങളെ മറികടക്കുന്നതിനും ശാരീരിക-മാനസിക കരുത്ത് വർദ്ധിപ്പിക്കുന്നതിനും പ്രത്യേക പരിശീലനം ഉണ്ടാകും.

രാജ്യത്തെ വിവിധ വിമാനത്താവളങ്ങളിൽ വിന്യസിച്ചിരുന്ന 30 വനിതകളാണ് ആദ്യസംഘത്തിലുള്ളത്. രണ്ടാമത്തെ സംഘം ഒക്ടോബർ ആറ് മുതൽ നവംബർ 29 വരെ പരിശീലനം തേടും. വനിതാ കേഡറ്റുമാരെ കൂടുതലായി സിഐഎസ്എഫിൽ എത്തിക്കാനും ആഭ്യന്തര മന്ത്രാലയം തീരുമാനിച്ചു. വനിതകളുടെ സാന്നിദ്ധ്യം പത്തു ശതമാനമായി വർദ്ധിപ്പിക്കുകയാണ് ലക്ഷ്യം. ഇപ്പോൾ 12,491 വനിതകളാണ് സിഐഎസ്എഫിലുള്ളത്. അംഗബലത്തിന്റെ എട്ടു ശതമാനം മാത്രമാണിത്. 2500 വനിതകളെ പടിപടിയായി സേനയുടെ ഭാഗമാക്കുമെന്നും മന്ത്രാലയ വൃത്തങ്ങൾ സൂചന നല്കി.

## മനിക വിശ്വകർമ മിസ് ഇന്ത്യ യൂണിവേഴ്സ്

ജയ്പൂർ: രാജസ്ഥാനിലെ ഗംഗാനഗർ സ്വദേശിയായ മനിക വിശ്വകർമ മിസ് ഇന്ത്യ യൂണിവേഴ്സ് കിരീടം ചൂടി. ജയ്പൂരിലെ സീ സ്റ്റുഡിയോയിലായിരുന്നു മത്സരം.

യുപി സ്വദേശി താന്യ ശർമ രണ്ടാം സ്ഥാനവും ഹരിയാന സ്വദേശി മെഹക് ധിൻഗ്ര മൂന്നാം സ്ഥാനവും നേടി.

ഈ വർഷം തായ്‌ലൻഡിൽ നടക്കുന്ന 74-ാമത് മിസ് യൂണിവേഴ്സ് മത്സരത്തിൽ മനിക ഇന്ത്യയെ പ്രതിനിധീകരിക്കും.



## കാട്ടാനക്കലി: വീട്ടമ്മയ്ക്കു ദാരുണാന്ത്യം

മലപ്പുറം: കാട്ടാനയുടെ ആക്രമണത്തിൽ വയോധികയായ വീട്ടമ്മയ്ക്കു ദാരുണാന്ത്യം. എടവണ്ണ ഒതായി കിഴക്കേ ചാത്തല്ലൂർ കാവിലട്ടിയിലെ പരേതനായ പട്ടീരി ചന്ദ്രന്റെ ഭാര്യ കല്യാണി അമ്മ(64)യാണ് കൊല്ലപ്പെട്ടത്. ഓഗസ്റ്റ് 21-ന് രാവിലെ 11-നാണ് നാടിനെ നടുക്കിയ സംഭവം.

പത്തു ദിവസത്തോളമായി പ്രദേശത്ത് കൃഷി നശിപ്പിക്കുന്ന കാട്ടാനയെക്കുറിച്ച് നാട്ടുകാർ നേരത്തെ തന്നെ വനംവകുപ്പിനോട് പരാതിപ്പെട്ടിരുന്നു. 21-ന് വനംവകുപ്പ് ഉദ്യോഗസ്ഥരും റാപ്പിഡ് റെസ്പോൺസ് ടീമും ചേർന്ന് ആനയെ തുരത്തുന്നതിനിടയിലാണ് ആക്രമണം. ചോലാർ മലയിലെ കമ്പിക്കയം വെള്ളച്ചാട്ടത്തിനു മുകളിൽ നിന്ന് വനപാലകർ ആനയെ റബർ ബുള്ളറ്റ് വെച്ച് തുരത്താൻ ശ്രമിച്ചു. ജനവാസ മേഖലയിലേക്ക് ആന ഓടി. കാട്ടാനയെ വെടിവെച്ച് ഓടിക്കുന്ന വിവരമറിഞ്ഞ് കളിക്കാൻ പോയ കുട്ടികളെ തേടി വീടിനടുത്തുള്ള വെള്ളച്ചാട്ടത്തിനു സമീപമെത്തിയപ്പോഴാണ് കല്യാണി അമ്മ കാട്ടാനയുടെ മുന്നിൽപ്പെട്ടത്.

രക്ഷപ്പെടാൻ ശ്രമിക്കുന്നതിനിടെ തുമ്പിക്കൈകൊണ്ട് അടിച്ചുവീഴ്ത്തി ചവിട്ടുകയായിരുന്നു. ഓടിയെത്തിയ നാട്ടുകാരും വനംവകുപ്പ് ഉദ്യോഗസ്ഥരും ചേർന്ന് ആശുപത്രിയിലെത്തിച്ചെങ്കിലും രക്ഷിക്കാനായില്ല. മൃതദേഹം മഞ്ചേരി മെഡിക്കൽ കോളജ് ആശുപത്രിയിൽ പോസ്റ്റ്മോർട്ടം നടത്തി.

വെടിവെക്കുന്ന കാര്യം വാർഡ് അംഗങ്ങളെയോ പഞ്ചായത്ത് അധികൃതരെയോ നാട്ടുകാരെയോ അറിയിച്ചിരുന്നില്ലെന്നാണ് ആരോപണം. ജില്ലയിലെ മലയോര ഗ്രാമങ്ങളിൽ 42-ലേറെ പേരാണ് ഇതുവരെ കാട്ടാനകളുടെ ആക്രമണങ്ങളിൽ മരിച്ചത്.

കല്യാണി അമ്മയുടെ മക്കൾ: ഷിൽജു, ലീന, സിജി, ഉഷ. മരുമക്കൾ: നീതു, അറുമുഖൻ (ഇരുവരും എടവണ്ണപ്പാറ), അറുമുഖൻ (ഇരുവേറ്റി), ഷിബു (കുരിക്കലം പാട്). മൃതദേഹം വീട്ടുവളപ്പിൽ സംസ്കരിച്ചു.

കല്യാണി അമ്മയുടെ മരണം ആനയുടെ തുമ്പിക്കൈകൊണ്ടുള്ള പ്രഹരമേറ്റാണെന്നു പ്രാഥമിക പോസ്റ്റ്മോർട്ടം റിപ്പോർട്ട്.







ചിക്കാഗോ സോഷ്യൽ ക്ലബിന്റെ 11-ാമത്
ഇന്റർനാഷണൽ
വടംവലി
മത്സരം
CHICAGO Social Club
31ST AUGUST 2025, AT 9 AM
MORTON GROVE PARK DISTRICT STADIUM
6834 DEMPSTER ST. MORTON GROVE, IL60053
RONALD POOKUMBEL (PRESIDENT)
SUNNY INDIKUZHY (VICE PRESIDENT)
RAJU MANUMKAL (SECRETARY)
BEJOY KAPPEN (TREASURER)
THOMAS PUTHETHU (JOINT SECRETARY)
1st Prize $11111 MANI NEDIYAKALAYIL MEMORIAL EVERROLLING TROPHY
Spon. by : Mr. JOY NEDIYAKALAYIL
2nd Prize $5555 JOY MUNDAPLACKAL MEMORIAL EVERROLLING TROPHY
Spon. by : Mr. PHLILIP MUNDAPLACKAL
3rd Prize $3333 CHACKO & MARIYAM KIZHAKKEKUTTU MEMORIAL EVERROLLING TROPHY
Spon. by : ELITE GAMING, FRANCIS & TONY KIZHAKKEKUTTU
4th Prize $1111 CHICAGO MANGALYA JEWELLERY
Spon. by : SHYBU KIZHAKKEKUTTU, MANEEV CHITTALAKATTU MITHUN MAMMOOTTIL
TOURNAMENT COMMITTEE
CYRIAC KOOVAKKATTIL (CHAIRMAN)
MANI KARIKULAM (VICE CHAIRMAN)
STEPHEN KIZHAKKEKUTTU (GENERAL CONVENER)
BINU KAITHAKATHOTTIYIL (FINANCE CHAIR)
MATHEW THATTAMATTAM(PRO)
JOSE MANAKATTE (INDIA FOOD FEST CHAIR)
JOY NEDIYAKALAYIL FAMILY
PHILIP MUNDAPLACKAL FAMILY
ELITE GAMING 777
Mangalya
FORMER PRESIDENTS
SIMON CHAKKALAPADAVIL
SAJU KANNAMPALLY
ALEX PADINJAREL
PETER KULANGARA
BINU KAITHAKATHOTTIYIL
SIBI KADALIMATTOM
SAME LOCATION
9.00am - 5 pm വടംവലി മത്സരം
5.00pm - 10 pm ഇന്ത്യാ ഫുഡ് ഫെസ്റ്റ്
7.00pm - 10 pm അഫ്സലിന്റെ നേതൃത്വത്തിൽ കലാസന്ധ്യ
Fore more information
• RONALD POOKUMBEL (630) 935-9655
• CYRIAC KOOVAKKATTIL (630) 673-3382
CHICAGO SOCIAL CLUB 11th International TUG of WAR Raffle Ticket $100
Raffle Prize SLING SHOT
SPARK of KERALA

# സ്ഥിരം ജോലികൾക്ക് താൽക്കാലികക്കാരെ ചൂഷണം ചെയ്യരുത്: സുപ്രീംകോടതി

ന്യൂഡൽഹി: സ്ഥിരം ജോലികൾക്ക് സർക്കാരുകൾ താൽക്കാലിക ജീവനക്കാരെ ചൂഷണം ചെയ്യരുതെന്ന് സുപ്രീംകോടതി. അംഗീകൃത, സ്ഥിരം തസ്തികകൾ സൃഷ്ടിക്കുന്നതിൽ സർക്കാരുകളുടെ ഉത്തരവാദിത്തം ചൂണ്ടിക്കാട്ടിയാണ് ജസ്ജിമാരായ വിക്രംനാഥ്, സന്ദീപ് മേത്ത എന്നിവരുടെ ബെഞ്ച് ഇക്കാര്യം വ്യക്തമാക്കിയത്.

നിയമനം താൽക്കാലികമായിരുന്നെന്നും ഒഴിവില്ലെന്നും ചൂണ്ടിക്കാട്ടി സ്ഥിര നിയമനം നിഷേധിച്ച യുപി ഉന്നതവിദ്യാഭ്യാസ സേവന കമ്മീഷൻ നടപടി റദ്ദാക്കിക്കൊണ്ടാണിത്.

കമ്മീഷന്റെ നടപടി ശരിവെച്ച ഹൈക്കോടതി വിധിക്കെതിരായ അപ്പീലാണ് സുപ്രീംകോടതി പരിഗണിച്ചത്. 2002 മുതൽ പ്രാബല്യത്തിൽ വരുന്ന മുഴുവൻ വേതനവും ആനുകൂല്യവും സഹിതം താൽക്കാലിക തൊഴിലാളികളെ മുഴുവൻ സ്ഥിരപ്പെടുത്താനും തസ്തിക ലഭ്യമല്ലെങ്കിൽ അധിക തസ്തിക സൃഷ്ടിക്കാനും കോടതി നിർദേശിച്ചു.

'സ്ഥിരം ജോലി താൽക്കാലിക ജീവനക്കാരെ കൊണ്ടു ചെയ്യിക്കാൻ കഴിയില്ല. ഭരണഘടനാപരമായ തൊഴിലുടമയാണ് സർക്കാരെന്നത് ഓർമ വേണം. സാധാരണ തൊഴിൽ ചെയ്യുന്നവരുടെ ചുമലിൽ ചാരി ബജറ്റ് നേട്ടം ഉണ്ടാക്കരുത്. താൽക്കാലിക തസ്തികകളിൽ തൊഴിലാളികളെ ദീർഘകാലമായി പണിയെടുപ്പിക്കുന്നത് പൊതുജന വിശ്വാസം ഇല്ലാതാക്കുകയും തുല്യ സംരക്ഷണം നശിപ്പിക്കുകയും ചെയ്യും. തൊഴിലാളികളെ ഔട്ട് സോഴ്സ് ചെയ്യണമെന്ന നിർദേശത്തെ ചൂഷണത്തിനുള്ള വഴിയാക്കി മാറ്ററുത്' - കോടതി നിരീക്ഷിച്ചു.

# വാഴൂർ സോമൻ എംഎൽഎ അന്തരിച്ചു



തിരുവനന്തപുരം: പീരുമേട് എംഎൽഎ വാഴൂർ സോമൻ (72) അന്തരിച്ചു. ഇടുക്കി ജില്ലയിലെ റവന്യൂ പ്രശ്നങ്ങൾ ചർച്ച ചെയ്തു പരിഹരിക്കുന്നതിനായി വിളിച്ചു ചേർത്ത റവന്യൂജില്ലാ അസംബ്ലിയിൽ പങ്കെടുത്തു മടങ്ങുന്നതിനിടെ കുഴഞ്ഞുവീണായിരുന്നു അന്ത്യം.

റവന്യൂമന്ത്രി കെ. രാജൻ തിരുവനന്തപുരം പിടിപി നഗറിലെ ലാൻഡ് ഡിസാസ്റ്റർ മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടിൽ വിളിച്ച ഇടുക്കി ജില്ലാ റവന്യൂ അസംബ്ലിയിൽ പ്രസംഗിച്ചതിനു ശേഷം മടങ്ങുന്നതിനിടെ 21-ന് വൈകുന്നേരം നാലോടെ അദ്ദേഹം കുഴഞ്ഞുവീഴുകയായിരുന്നു. തുടർന്ന് സർക്കാർ വാഹനത്തിൽ അടുത്തുള്ള ശാസ്തമംഗലം ശ്രീരാമകൃഷ്ണ മിഷൻ ആശുപത്രിയിൽ എത്തിച്ചെങ്കിലും ഒരു മണിക്കൂറിനകം അന്ത്യം സംഭവിച്ചു.

പിന്നീട് സിപിഐ സംസ്ഥാന സമിതി ഓഫീസായ എം.എൻ. സ്മാരകമന്ദിരത്തിൽ പൊതുദർശനത്തിനു വെച്ച മൃതദേഹം രാത്രിയോടെ സ്വദേശമായ വണ്ടിപ്പെരിയാറിലേക്കു കൊണ്ടുപോയി. വണ്ടിപ്പെരിയാർ ടൗൺഹാളിൽ പൊതുദർശനം നടത്തിയശേഷം പീരുമേട് പഴയ പാമ്പനാറിൽ മുതിർന്ന സിപിഐ നേതാവ് എസ്.കെ. ആനന്ദന്റെ സ്മൃതിമണ്ഡപത്തിനു സമീപത്തായി സംസ്കരിച്ചു. ഭാര്യ ബിന്ദു. മക്കൾ: അഡ്വ. സോബിൻ, അഡ്വ. സോബിത്ത്.

# ബ്യൂറോക്രസി യജമാനന്മാരല്ല, ജനാധിപത്യസേവകരാണ്: കോടതി

കൊച്ചി: ബ്യൂറോക്രസി യജമാനന്മാരല്ല, ജനാധിപത്യസേവകരാണെന്നും സർക്കാരിനും ജനങ്ങൾക്കുമിടയിൽ സഹാനുഭൂതി പ്രകടിപ്പിക്കുന്നതിൽ ബ്യൂറോക്രസിക്കു നിർണായക പങ്കുണ്ടെന്നും ഹൈക്കോടതി. ജന പ്രതിനിധികളുടെ ഭരണത്തിനൊപ്പം ഉദ്യോഗസ്ഥരിൽനിന്ന് മനുഷ്യത്വപരമായ സമീപനംകൂടി ഉണ്ടാകുമ്പോഴേ ജനാധിപത്യം വിജയിക്കൂ. ഉദ്യോഗസ്ഥരിൽ മാനുഷിക സ്പർശം ഉണ്ടായില്ലെങ്കിൽ സർക്കാരുകൾ പരാജയമായി മാറുമെന്നും ജസ്റ്റിസ് പി.വി. കുഞ്ഞിക്കൃഷ്ണൻ പറഞ്ഞു.

തഹസിൽദാരുടെ കൃത്യനിർവഹണം തടസപ്പെടുത്തിയെന്നാരോപിച്ചു രജിസ്റ്റർ ചെയ്ത കേസിൽ കൊല്ലം പട്ടത്താനം സ്വദേശി മണിലാലിനെ കുറ്റവിമുക്തനാക്കിയ ഉത്തരവിലാണു നിരീക്ഷണം. വിചാരണ നേരിടണമെന്ന കൊല്ലം ജുഡീഷൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതി ഉത്തരവിനെതിരെ മണിലാൽ നൽകിയ പുനഃപരിശോധനാ ഹർജിയാണു കോടതി പരിഗണിച്ചത്.

ഹർജിക്കാരന്റെ 76-കാരനായ ഭാര്യാപിതാവ് മൂന്നു സെന്റ് സ്ഥലം പോക്കുവരവ് ചെയ്യാൻ ഒന്നരവർഷം മുമ്പ് നൽകിയ അപേക്ഷ സാങ്കേതികകാരണങ്ങൾ പറഞ്ഞു തഹസിൽദാർ അനുവദിക്കാതിരുന്നതിനെത്തുടർന്ന് 2020-ൽ താലൂക്ക് ഓഫീസിൽ നടന്ന അദാലത്തിൽ പങ്കെടുക്കാൻ ഹർജിക്കാരനും അപേക്ഷകനും പോയിരുന്നു. അപേക്ഷകനൊപ്പം മറ്റൊരാളുടെ സാന്നിധ്യം പാടില്ലെന്നു പറഞ്ഞ് തഹസിൽദാർ തെളിവെടുപ്പിനു വിസമ്മതിച്ചതോടെ ബഹളംവെച്ചെന്നും ക്ലർക്കിൽനിന്ന് ഫയൽ പിടിച്ചുവാങ്ങി മേശപ്പുറത്തേക്ക് ഇട്ടെന്നും കസേര നിലത്തടിച്ചെന്നും ആരോപിച്ചു ഹർജിക്കാരനെതിരെ കേസെടുത്തു.

# പാലിയേക്കര ടോൾ തടഞ്ഞ് സുപ്രീംകോടതി

ന്യൂഡൽഹി: മണ്ണുത്തി-ഇടപ്പള്ളി മേഖലയിലെ കനത്ത ഗതാഗതക്കുരുക്കു ചൂണ്ടിക്കാട്ടി പാലിയേക്കരയിലെ ടോൾ പിരിവ് നാല് ആഴ്ചത്തേക്ക് തടഞ്ഞ കേരള ഹൈക്കോടതി ഉത്തരവ് സുപ്രീംകോടതി ശരിവെച്ചു. ഇതോടെ യാത്രക്കാർക്ക് ടോൾ നല്കാതെ പാതയിലൂടെ സഞ്ചരിക്കാം. ഹൈക്കോടതി വിധിക്കെതിരെ ദേശീയപാതാ അതോറിറ്റി (എൻഎച്ച്എഐ) നല്കിയ ഹർജി തള്ളിയാണ് ചീഫ് ജസ്റ്റിസ് ബി.ആർ. ഗവായ് അധ്യക്ഷനായ ബെഞ്ചിന്റെ ഉത്തരവ്.

കാര്യക്ഷമതയില്ലായ്മയുടെ പ്രതീകങ്ങളായ ഗട്ടറുകളിലൂടെയും കുഴികളിലൂടെയും പണം നല്കാതെ സൗജന്യമായി യാത്ര ചെയ്യാൻ പൗരന്മാരെ അനുവദിക്കുക എന്നു വ്യക്തമാക്കിയാണ് ജസ്റ്റിസുമാരായ കെ. വിനോദ് ചന്ദ്രൻ, എൻ.വി. അൻജാരിയ എന്നിവരുടെ ബെഞ്ചിന്റെ വിധി. ഗതാഗതം സുഗമമായി പുനരാരംഭിക്കുന്ന നിമിഷം മുതൽ നിരോധന ഉത്തരവ് പിൻവലിക്കണമെന്ന് അപേക്ഷിക്കാൻ എൻഎച്ച്എഐക്ക് അവകാശമുണ്ട്. ജോലികൾ പൂർത്തിയാക്കിയാൽ ഹൈക്കോടതി ഉത്തരവിട്ട നാല് ആഴ്ചകൾക്കു മുൻപ് തന്നെ ഇതിനു സമീപിക്കാമെന്നും കോടതി പറഞ്ഞു.

# തെരുവുനായ പ്രശ്നം: ദേശീയതലത്തിൽ നയം രൂപീകരിക്കണമെന്ന് സുപ്രീം കോടതി

ന്യൂഡൽഹി: തെരുവുനായ വിഷയത്തിൽ എല്ലാ സംസ്ഥാനങ്ങളെയും കക്ഷിചേർത്ത് ദേശീയതലത്തിൽ നയം രൂപീകരിക്കാൻ സുപ്രീംകോടതി തീരുമാനം. ഡൽഹിയിലെ തെരുവുനായ വിഷയവുമായി ബന്ധപ്പെട്ടു സ്വമേധയാ സ്വീകരിച്ച കേസിലെ മുൻ ഉത്തരവ് പരിഷ്കരിച്ചുകൊണ്ടാണ് വിഷയം മറ്റു സംസ്ഥാനങ്ങളിലേക്കുകൂടി വ്യാപിപ്പിക്കാൻ കോടതി തീരുമാനിച്ചത്. മൃഗജനന നിയന്ത്രണവുമായി (എബിസി) ബന്ധപ്പെട്ട് ഓരോ സംസ്ഥാനവും കേന്ദ്ര ഭരണ പ്രദേശവും സ്വീകരിച്ച നടപടികൾ സമർപ്പിക്കാനും ജസ്റ്റിസുമാരായ വിക്രംനാഥ്, സന്ദീപ് മേത്ത, എൻ.വി. അഞ്ജരിയ എന്നിവരുടെ ബെഞ്ച് സംസ്ഥാന ചീഫ് സെക്രട്ടറിമാരോടും കേന്ദ്രഭരണ പ്രദേശങ്ങളുടെ അഡ്മിനിസ്ട്രേറ്റർമാരോടും നിർദേശിച്ചു. തെരുവുനായ വിഷയവുമായി ബന്ധപ്പെട്ട് ഇന്ത്യയിലെ എല്ലാ ഹൈക്കോടതികളിലും തീർപ്പുകൽപ്പിക്കാതെ കിടക്കുന്ന കേസുകൾ സുപ്രീംകോടതിയിലേക്കു മാറ്റുന്നതിനുള്ള നിർദേശവും ബെഞ്ച് നൽകി.

ഡൽഹിയിലെ തെരുവുനായ വിഷയം പരിഹരിക്കുന്നതിന് ജസ്റ്റിസുമാരായ ജെ.ബി. പർദിവാല, ആർ. മഹാദേവൻ എന്നിവരടങ്ങിയ ബെഞ്ച് കഴിഞ്ഞ 11-ന് കർശന നിർദേശമാണു നൽകിയത്. ഇതിനെതിരെ നിരവധി മൃഗസ്നേഹികൾ രംഗത്തുവന്നതോടെയാണു വിഷയം മൂന്നംഗ ബെഞ്ചിന്റെ പരിഗണനയ്ക്കുവിട്ടത്. തുടർന്ന്, നേരത്തെ പുറപ്പെടുവിച്ച ചില കർശന നിർദേശങ്ങളിൽ കോടതി അയവ് വരുത്തി.

# ഓക്സിജൻ അഭാവം: ലഡാക്കിൽ സൈനികൻ മരിച്ചു

ഗുരുഗ്രാം: ലഡാക്കിൽ ജോലിക്കിടെ അന്തരീക്ഷത്തിൽ ആവശ്യത്തിന് ഓക്സിജൻ ലഭിക്കാതെ ചികിത്സയിലായിരുന്ന സൈനികൻ മരിച്ചു. ഹരിയാന ഗുരുഗ്രാം സ്വദേശി പ്രീതം ഖടാനയാണ് (33) മരിച്ചത്. ലഡാക്കിലെ മഞ്ഞുമലയിൽ പതിവുജോലിക്കെത്തിയ അദ്ദേഹത്തിന്റെ ആരോഗ്യം ഓക്സിജന്റെ അഭാവത്തിൽ വഷളായി. ഉടൻ ഛണ്ഡീഗഢിലെ സൈനിക ആശുപത്രിയിൽ പ്രവേശിപ്പിച്ചെങ്കിലും മരിച്ചു. സംസ്കാരം അഭയ്പുരിലെ ജന്മനാട്ടിൽ നടന്നു.





# ഫോമാ ബിസിനസ് കൺവൻഷനും ഫാമിലി നൈറ്റും ലാസ് വേഗാസിൽ

**പന്തളം ബിജു തോമസ്**

കാലിഫോർണിയ: ഫോമാ വെസ്റ്റേൺ റീജിയന്റെ ആഭിമുഖ്യത്തിൽ ലാസ് വേഗസിൽ വെച്ച് നവംബർ 14, 15 തീയതികളിൽ ബിസിനസ് കൺവൻഷനും ഫാമിലി നൈറ്റും ഗംഭീരമായി നടത്തുവാൻ റീജിയണൽ കമ്മിറ്റി തീരുമാനിച്ചു.

ലാസ് വേഗാസിലെ പ്രശസ്തമായ റിയോ കാസിനോ ഹോട്ടലുമായി ഇതു സംബന്ധിച്ച് കരാർ ഒപ്പുവെച്ചു. ഈ വരുന്ന നവംബർ മാസത്തിലെ ഹേമന്തത്തിന്റെ കുളിരിൽ നിശയുണരുമ്പോൾ സജീവമാകുന്ന ലാസ് വേഗാസിന്റെ മാസ്മരികത ആസ്വദിച്ചുകൊണ്ട് കുടുംബമായും അല്ലാതെയും ഈ പ്രത്യേക പരിപാടിയിൽ പങ്കെടുക്കുവാൻ എല്ലാവർക്കും അവസരമൊരുക്കുന്നതാണ്.

അമേരിക്കൻ മലയാളി ബിസിനസ് സംരംഭകർക്കും തുടക്കക്കാർക്കും അവരുടേതായ ബിസിനസ് വളർച്ചയ്ക്കുവേണ്ടിയും വിവിധ മേഖലകളിൽനിന്നും കിട്ടുന്ന ആനുകൂല്യങ്ങൾ, ബിസിനസ് മേഖലയിൽ നേരിടാവുന്ന പ്രശ്നങ്ങൾ എന്നിങ്ങനെ ഒട്ടനവധി വിഷയങ്ങൾക്കു മാർഗനിർദേശങ്ങൾ നൽകുകയെന്നുള്ളതാണ് ഈ ബിസിനസ് കൺവൻഷന്റെ ലക്ഷ്യം. ബിസിനസ് രംഗത്തു ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിച്ചിട്ടുള്ള വിദഗ്ധരാവും ഈ പരിപാടിയുടെ മുഖ്യാതിഥികൾ.

ബിസിനസ് സെഷനുകളിൽ വ്യവസായ നേതാക്കളും സംരംഭകരുമായുള്ള ആശയ വിനിമയം, പ്രമുഖ എക്സിക്യൂട്ടീവുകളുടെയും ഗസ്റ്റ് സ്പീക്കേഴ്സിന്റെയും മുഖ്യ പ്രസംഗങ്ങൾ, സ്ട്രാറ്റജി, ഗ്രോത്ത്, ഇന്നവേഷൻ ചർച്ചകൾ, വ്യവസായത്തെ കുറിച്ചുള്ള ധാരണകൾ, മാർക്കറ്റ് ട്രെൻഡുകൾ, ഭാവി വിജയത്തിനുള്ള ആക്ഷൻ പ്ലാനുകൾ, പ്രൊഫഷണൽ ഡവലപ്മെന്റ് എന്നിവ ഉൾപ്പെടും.

കുടുംബങ്ങൾക്ക് വേണ്ടി ഒരുക്കിയിരിക്കുന്ന വിനോദപരിപാടികളിൽ ഗൈഡഡ് സിറ്റി ടൂർ, ഷോപ്പിംഗ് യാത്രകൾ, ലൈവ് മ്യൂസിക്കിന്റെയും കലാപ്രകടനങ്ങളുടെയും അകമ്പടിയോടെ ബാങ്ക്വറ്റ്, പ്രശസ്ത ലാസ്വേഗാസ് ഷോകൾക്കുള്ള എക്സ്ക്ലൂസീവ് പ്രവേശനം, കുട്ടികൾക്കായി അക്വേറിയം, റൈഡ്സ്, പ്ലേ സോൺസ്, പൂൾ സൈഡ് ഗെയിമുകൾ, വിനോദ പരിപാടികൾ, മുതിർന്നവർക്ക് കാസിനോ നൈറ്റ് എന്നിവ ഒരുക്കിയിരിക്കുന്നു.

പങ്കെടുക്കാൻ വേണ്ടിയുള്ള രജിസ്ട്രേഷൻ വെബ്സൈറ്റ് പ്രസിദ്ധീകരിച്ചു. പരിപാടികളെ സംബന്ധിച്ചുള്ള എല്ലാ വിവരങ്ങളും വിശദമായി വെബ്സൈറ്റിൽ പ്രതിപാദിച്ചിട്ടുണ്ട്. വെബ്സൈറ്റിലുള്ള ലിങ്കിൽ കൂടി രജിസ്ട്രേഷൻ പൂർത്തിയാക്കാം. ഏർലി ബേഡ് ബുക്കിങ്ങിന് മികവ് ഡിസ്കൗണ്ടുകൾ പ്രഖ്യാപിച്ചിട്ടുണ്ട്. പരിപാടിയിൽ പങ്കെടുക്കുവാൻ രജിസ്ട്രേഷൻ നിർബന്ധമാണ്.



ബേബി മണക്കുന്നേൽ (പ്രസിഡണ്ട്)



ജോൺസൺ ജോസഫ് (ആർ.വി.പി.)



ബിജു സ്കറിയ (ബിസിനസ് ചെയർ)

വെസ്റ്റേൺ റീജിയൺ ആർ.വി.പി. ജോൺസൺ ജോസഫിന്റെയും ബിസിനസ് ചെയർ ബിജു സ്കറിയയുടെയും (കേരള അസോസിയേഷൻ ഓഫ് വാഷിംഗ്ടൺ, സിയാറ്റിൽ) നേതൃത്വത്തിൽ ഫോമയുടെ മിനി കൺവൻഷൻ എന്നു വിശേഷിപ്പിക്കാവുന്ന ഈ കൺവൻഷന്റെ പ്രവർത്തനങ്ങൾക്ക് എല്ലാ മലയാളികളെയും സ്വാഗതം ചെയ്യുന്നതായി ഫോമ പ്രസിഡണ്ട് ബേബി മണക്കുന്നേൽ, ജനറൽ സെക്രട്ടറി ബൈജു വർഗീസ്, ട്രഷറർ സിജിൽ പാലയ്ക്കലോടി, വൈസ് പ്രസിഡണ്ട് ഷാലു പുന്നൂസ്, ജോയിന്റ് സെക്രട്ടറി പോൾ ജോസ്, ജോയിന്റ് ട്രഷറർ അനുപമ കൃഷ്ണൻ, നാഷണൽ ബിസിനസ് ഫോറം ചെയർ ബേബി ഊരാളിൽ, ഫോമ മുൻ പ്രസിഡണ്ടും കൺവൻഷൻ ഉപദേശക സമിതി ചെയർമാനുമായ ജോൺ ടൈറ്റസ് എന്നിവർ അറിയിച്ചു.

നാഷണൽ കമ്മിറ്റി അംഗങ്ങളായ ജോർജ്ജ്കുട്ടി തോമസ് പുല്ലാപ്പള്ളി, സുജ ഔസോ, സജൻ മൂലേപ്ലാക്കൽ, ഓജസ് ജോൺ, ഡോ. മഞ്ജു പിള്ള, ശരത് നായർ, ആഗ്നസ് ബിജു, ചെയർമാൻ റെനി പൗലോസ്, സെക്രട്ടറി സജിത്ത് തൈവളപ്പിൽ, ട്രഷറർ മാത്യു ചാക്കോ, വൈസ് ചെയർമാൻ ജോസഫ് ഔസോ, ജോയിന്റ് സെക്രട്ടറി സെൽബി കുര്യാക്കോസ്, പിആർഒ പന്തളം ബിജു തോമസ്, ജാസ്മിൻ പരോൾ, ഡോ. പ്രിൻസ് നെച്ചിക്കാട്ട്, ഡോ. രശ്മി സജി, രാജൻ ജോർജ്, ജാക്സൺ പൂയപ്പടം, റേച്ചൽ പോൾ, ടോജോ തോമസ്, ഡാനിഷ് തോമസ്, പോൾ ജോൺ, ഡോ. തോംസൺ ചെമ്പ്ളാവിൽ, ഡേവിഡ് പറപ്പിള്ളി, കുസുമം ടൈറ്റസ്, ഷൈജു വർഗീസ്, ഷോണ സാജൻ, ജോമി മാത്യു, ഷാൻ പരോൾ എന്നിവർ ഉൾപ്പെട്ട കമ്മിറ്റി വിപുലമായ പ്രവർത്തനങ്ങൾ നടത്തി വരുന്നു. കേരള അസോസിയേഷൻ ഓഫ് ലാസ്വേഗാസിന്റെ പരിപൂർണ്ണ സഹകരണത്തോടെയായിരിക്കും പരിപാടികളുടെ നടത്തിപ്പുകൾ.

കൂടുതൽ വിവരങ്ങൾക്കും രജിസ്ട്രേഷനും


https://fomaavegas2025.com/

Johnson Joseph (RVP) - 310-986-9672

Biju Skariah (Business Chair) - (425) 329-9090

Media Partner Lead-FLOWERS TV USA

# റീമ പുസ്തകമേള ആരംഭിച്ചു



പുസ്തകമേളയുടെ ഉദ്ഘാടനം അഡ്വ. വർഗീസ് മാമൻ നിർവഹിക്കുന്നു റവ. സി.പി. മോനായി, സാറാമ്മ ഫ്രാൻസിസ്, റവ. എ.എം. വർഗീസ്, ജയകുമാർ, ജിജി വട്ടശ്ശേരി, തോമസ് കോശി എന്നിവർ സമീപം.

**നിബു വെള്ളവന്താനം**

തിരുവല്ല: ഒരു മാസം നീണ്ടുനില്ക്കുന്ന 27-ാമത് റീമ പുസ്തകമേള പുഷ്പഗിരി റോഡിലുള്ള റീമ ബുക്ക് ഹൗസിൽ പത്തനംതിട്ട ജില്ല യുഡിഎഫ് ചെയർമാൻ അഡ്വ. വർഗീസ് മാമൻ ഉദ്ഘാടനം ചെയ്തു. റീമ ഡയറക്ടർ റവ. സി.പി. മോനായി അദ്ധ്യക്ഷത വഹിച്ചു. പുസ്തകത്തിന്റെ വില്പന ചർച്ച് ഓഫ് ഗോഡ് ഭൂട്ടാൻ ഓവർസിയർ റവ. എ.എം. വർഗീസ് നടത്തി.

തിരുവല്ല മുനിസിപ്പൽ വൈസ് ചെയർമാൻ ജിജി വട്ടശേരി, സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ സാറാമ്മ ഫ്രാൻസിസ്, മുൻ മുനിസിപ്പൽ ചെയർമാൻ ആർ. ജയകുമാർ, മാർത്തോമ്മാ സഭ കൗൺസിൽ മെംബർ തോമസ് കോശി എന്നിവർ പ്രസംഗിച്ചു. പുസ്തകമേളയിൽ 50 ശതമാനം വരെ വിലക്കുറവ് ഏർപ്പെടുത്തിയിട്ടുണ്ട്.



# സാന്റി മാത്യു ഫൊക്കാനയുടെ പ്രത്യേക പുരസ്കാരം നേടി

**ഡോ. മാത്യു ജോയിസ്**

ലാസ്‌വേഗാസ്: ആഗോളതലത്തിൽ സാമൂഹിക, സാംസ്കാരിക രംഗങ്ങളിൽ സ്തുത്യർഹമായ സേവനം ചെയ്യുന്ന നിരവധി സംഘടനകളുടെ നട്ടെല്ലായി വർത്തിക്കുന്ന തൊടുപുഴക്കാരൻ സാന്റി മാത്യുവിനെ അറിയാത്തവർ ചുരുക്കം. നാട്ടിലും വിദേശത്തും വിവിധ മലയാളി കൂട്ടായ്മകളുടെ ഔദ്യോഗിക സ്ഥാനങ്ങൾ വഹിച്ചുകൊണ്ട് മനുഷ്യസ്നേഹത്തിന്റെയും അനുകമ്പയുടെയും ജനോപകാരപ്രദമായ വിവിധ പദ്ധതികൾ വിഭാവന ചെയ്തു പ്രാവർത്തികമാക്കുന്നതിൽ സദാ ജാഗരൂകനാണ് സാന്റി മാത്യു എന്ന ഈ ജനപ്രിയൻ. വിവിധ വിഷയങ്ങളിൽ ടിവി ചാനലുകൾ അവതരിപ്പിക്കുന്ന ചർച്ചകളിലൂടെ തന്റെ രാഷ്ട്രീയ, സാമൂഹിക പ്രതിബദ്ധതകളും കാഴ്ചപ്പാടുകളും മലയാളികൾക്ക് സുപരിചിതമാണ്.

തന്റെ സേവനങ്ങളുടെ അംഗീകാരമായി ഔട്ട്സ്റ്റാൻഡിംഗ് ഡീലർ അവാർഡ് 2002, ബെസ്റ്റ് ബിസിനസ്മാൻ അവാർഡ് 2004, ഡബ്ല്യുഎംസി സ്വിറ്റ്സർലൻഡ് നല്കിയ ഇന്റർനാഷണൽ അവാർഡ് ഫോർ ബെസ്റ്റ് സോഷ്യൽ ആക്ടിവിസ്റ്റ് തുടങ്ങിയ ശ്രേഷ്ഠ പുരസ്കാരങ്ങൾ മുമ്പ് നേടിയിട്ടുണ്ട്. നൈസർഗ്ഗിക പരിസ്ഥിതി സംരക്ഷണത്തിലും ഊർജ്ജ സംരക്ഷണത്തിലും ഊർജ്ജ കാര്യക്ഷമതയിലും മികച്ച പരിഷ്കാരങ്ങൾ നടപ്പിലാക്കുന്നതിൽ, സാന്റി എനർജി കൺസേർവേഷൻ സൊസൈറ്റി എന്ന സംഘടനയുടെ പിആർഒ ആയും പിന്നീട് വൈസ് പ്രസിഡണ്ടായും പ്രവർത്തിച്ച കാലയളവിൽ ജനപ്രീതി നേടിയ ഒട്ടനവധി പദ്ധതികൾ പ്രാവർത്തികമാക്കിയ ചരിത്രം മറക്കാനാവില്ല.

കേരളത്തിൽ ദിനംപ്രതി വർദ്ധിച്ചുവരുന്ന റോഡപകടങ്ങളിൽപ്പെടുന്നവരിൽ നിരവധി പേരെ രക്ഷപ്പെടുത്തി പുനരധിവസിപ്പിക്കുന്നതിൽ സാന്റിയുടെ നേതൃത്വത്തിൽ ചെയ്തുകൊണ്ടിരിക്കുന്ന ജീവകാരുണ്യ പ്രവർത്തനങ്ങളും അതുമായി ബന്ധപ്പെട്ട അനവധി റോഡ് സേഫ്റ്റി ടിവി ചർച്ചകളും ഇന്നത്തെ തലമുറയ്ക്ക് മാതൃകാപരമാണ്. സൗമ്യ എന്ന നമ്മുടെ സഹോദരി നിഷ്ഠൂരം കൊല്ലപ്പെട്ടപ്പോൾ ജുഡീഷ്യൽ എക്സിക്യൂട്ടീവ് ലെജിസ്ലേറ്റീവ് സിസ്റ്റത്തിന്റെ ലാപ്സ് ചൂണ്ടിക്കാട്ടിയുള്ള തീപാറുന്ന ചർച്ച അക്കാലത്ത് ഏറ്റവും ഉയർന്ന റേറ്റിങ് നേടിയിട്ടുള്ള ടെലികാസ്റ്റുകളിൽ ഒന്നായി മാറിയിരുന്നു. 1872-ലെ മോഡിഫൈ ചെയ്യപ്പെടാത്ത ഇന്ത്യൻ എവിഡൻസ് ആക്ടിനെക്കുറിച്ചും ശക്തമായ വിമർശനം ഉന്നയിച്ചിരുന്നു. കൈരളി ചാനൽ നടത്തിയിരുന്ന ഫുഡ് സേഫ്റ്റി ചർച്ചകളിൽ തീരാരോഗികളാക്കുന്ന നീചന്മാർക്കെതിരെയും വാളോങ്ങിയിരുന്നു. നിഷ്കളങ്കരായ നമ്മുടെ സ്ത്രീകളെ വീട്ടുജോലിക്കെന്നും പറഞ്ഞ് ഗൾഫ് നാടുകളിൽ എത്തിച്ചു ചതിവിൽപ്പെടുത്തുന്ന റാക്കറ്റുകൾക്കെതിരെ അമൃത ടിവിയിലെ 'കഥയല്ല ജീവിതം' ഏഴ് എപ്പിസോഡുകളായി അവതരിപ്പിച്ചിരുന്നു. ഉന്നത റേറ്റിങ് ഉണ്ടായിരുന്ന ഏഷ്യാനെറ്റിലെ നമ്മൾതമ്മിൽ എന്ന ജനപ്രിയ പരിപാടിയിൽ കൊച്ചു കുഞ്ഞുങ്ങളെ വൃത്തികേടുകളിലേക്കു നയിക്കുന്ന നരാധമന്മാർക്കെതിരെ ചൈൽഡ് അബ്യൂസ് ചർച്ചകളിലും ലോകത്തിലെ ഏറ്റവും ഉയർന്ന സിസ്സേറിയൻ നിരക്കുള്ള നമ്മുടെ നാട്ടിലെ ആശുപത്രി കൊള്ളയ്ക്കെതിരെ വാട്ടർ ബെർത്ത് ചർച്ചകളിലും സാന്റി മാത്യുവിന്റെ ആഗോള പഠനങ്ങൾ തർക്കരഹിതമായി അവതരിപ്പിച്ചിരുന്നു. അമൃത ടിവിയിൽ മണിയൻപിള്ള രാജു അവതരിപ്പിച്ചിരുന്ന റോഡ് സുരക്ഷാ ചർച്ചകളിലും പ്രധാന പാനലിസ്റ്റ് ആയിരുന്നു സാന്റി മാത്യു.









ഫൊക്കാനയുടെ അംഗങ്ങൾക്ക് കൊച്ചി അന്തർദ്ദേശീയ വിമാനത്താവളത്തിലെ ഡ്യൂട്ടിഫ്രീ ഷോപ്പുകളിൽ പത്ത് ശതമാനം ഡിസ്കൗണ്ട് ലഭിക്കുന്ന നൂതന സംവിധാനത്തിന് വഴിയൊരുക്കിയത് സാന്റി മാത്യുവിന്റെ അനുപമമായ ശ്രമത്തിലൂടെയാണ്. ലോകത്തിലെ ഏറ്റവും പഴക്കമുള്ളതും വലുതുമായ മലയാളി സംഘടനയായ ഫൊക്കാനയുടെ ത്രിദിന കേരളാ കൺവൻഷൻ കുമരകത്തെ ഗോകുലം ഗ്രാൻഡ് ഫൈവ് സ്റ്റാർ റിസോർട്ടിൽ സമാപിക്കുമ്പോൾ സാന്റി മാത്യുവിന് പ്രത്യേക പുരസ്കാരം നല്കി ആദരിക്കുകയുണ്ടായി.

പ്രൗഢഗംഭീരമായ ചടങ്ങിൽ ദേവസ്വം മന്ത്രി വി.എൻ. വാസവൻ ആണ് അവാർഡ് ദാനം നിർവഹിച്ചത്. ചടങ്ങിൽ സുപ്രസിദ്ധ സംവിധായകൻ പത്മവിഭൂഷൺ അടൂർ ഗോപാലകൃഷ്ണൻ, മോഹൻകുമാർ ഐഎഎസ്, Synthyte ലിമിറ്റഡ് മാനേജിങ് ഡയറക്ടർ ഡോ. വിജു ജേക്കബ്, കാരിത്താസ് ഹോസ്പിറ്റൽ ഡയറക്ടർ ഫാ. ഡോ. ബിനു കുന്നത്ത്, എംജിഎം എഡ്യൂക്കേഷണൽ ഇൻസ്റ്റിറ്റ്യൂഷൻസ് ചെയർമാൻ ഡോ. ഗീവർഗീസ് യോഹന്നാൻ, ചാരിറ്റി പ്രവർത്തക ഷീബ അമീർ എന്നിവർക്കും അവാർഡ് നല്കപ്പെട്ടു. വാട്ടർ റിസോഴ്സ് മന്ത്രി റോഷി അഗസ്റ്റിൻ, റിട്ടയേഡ് ഐഎഫ്എസ് ഓഫീസർ വേണു രാജാമണി എന്നിവർ ആശംസകൾ നേർന്നു സംസാരിച്ചു.



FAMILY DENTAL
GENERAL DENTISTRY
COSMETIC DENTISTRY
IMPLANT, GUM SURGERY
ORTHODONTIC TREATMENT
WISDOM TOOTH EXTRACTIONS

552 S WASHINGTON ST., SUITE # 101,
NAPERVILLE, ILLINOIS 60540
PHONE: 630 999 1976

Children Welcome
Invisalign & Braces

9709 N. MILWAUKEE AVE.
GLENVIEW, ILLINOIS 60025
PHONE: 847 581 1418
(NORTHWEST CORNER OF MILWAUKEE & GREENWOOD)




DR. SUSAN EDUKUTHARAYIL BDS, DDS
DR. SUSMITHA EDUKUTHARAYIL DMD
Appointment, Visit: MyDentistToday.com MONDAY - SATURDAY

ACHIEVE REAL ESTATE GROUP, INC.
For All Your Real Estate Needs
Please Call ...
THOMAS KURUVILLA KARIKULAM
Real Estate Broker
1-847-219-6050
834 Rand Rd Mount Prospect IL 60056



FULL TIME REALTOR




# ചിക്കാഗോ സോഷ്യൽ ക്ലബിന്റെ പ്രവർത്തനങ്ങൾ മാതൃകാപരം: രാജ്മോഹൻ ഉണ്ണിത്താൻ എംപി

ജോസ് കണിയാലി

ചിക്കാഗോ: കായികവിനോദ രംഗത്തു മാത്രമല്ല ജീവകാരുണ്യ രംഗത്തും ചിക്കാഗോ സോഷ്യൽക്ലബ് നടത്തുന്ന പ്രവർത്തനങ്ങൾ തികച്ചും മാതൃകാപരമാണെന്ന് കോൺഗ്രസ് നേതാവും കാസർകോഡ് എംപിയുമായ രാജ്മോഹൻ ഉണ്ണിത്താൻ പ്രസ്താവിച്ചു. ചിക്കാഗോ സോഷ്യൽക്ലബ് ഹാളിൽ നടന്ന പ്രസ്മീറ്റിൽ പങ്കെടുത്തുകൊണ്ട് സംസാരിക്കുകയായിരുന്നു അദ്ദേഹം. സോഷ്യൽ ക്ലബ് അംഗങ്ങളുടെ ചോദ്യങ്ങൾക്ക് സ്വതസിദ്ധമായ ശൈലിയിൽ രാജ്മോഹൻ ഉണ്ണിത്താൻ മറുപടി പറഞ്ഞു.

ഭാരതത്തിന്റെ 79-ാം സ്വാതന്ത്ര്യദിനം അമേരിക്കയിലെ വിവിധ സംഘടനകൾ ആഘോഷിക്കുമ്പോൾ അതിൽ പങ്കെടുക്കാനുള്ള ക്ഷണം ലഭിച്ചതിന്റെ ഭാഗമായിട്ടാണ് അമേരിക്കയിലെത്തിയത്. ജീവിതത്തിൽ ആദ്യമായിട്ടാണ് അമേരിക്കയിൽ വരുന്നത്. 2020-ൽ അമേരിക്ക സന്ദർശിക്കുവാനുള്ള വിസ കിട്ടി. ഡിപ്ലോമാറ്റിക് പാസ്പോർട്ടും ലഭിച്ചു. ടിക്കറ്റും എടുത്തതാണ്. എന്നാൽ, യാത്ര തിരിക്കുന്നതിനു മൂന്നു ദിവസം മുമ്പ് കോവിഡ് ലോകമെമ്പാടും വ്യാപിച്ചു. രാജ്യാന്തര വിമാനത്താവളങ്ങൾ അടക്കപ്പെട്ടു. അങ്ങനെ യാത്ര മുടങ്ങി. പിന്നീട് ഇപ്പോഴാണ് വീണ്ടും ഒരു അവസരമുണ്ടായത്. ഇതിനോടകം ന്യൂയോർക്ക്, പെൻസിൽവാനിയ, വാഷിങ്ടൺ എന്നീ സ്ഥലങ്ങളിലെ നിരവധി പ്രോഗ്രാമുകളിൽ പങ്കെടുത്തതിനു ശേഷമാണ് ഇപ്പോൾ ചിക്കാഗോയിൽ എത്തിയത്.

കഴിഞ്ഞ 12 വർഷക്കാലമായി ചിക്കാഗോ സോഷ്യൽ ക്ലബ് നടത്തുന്ന അന്താരാഷ്ട്ര വടംവലി മത്സരത്തെപ്പറ്റി ധാരാളം കേട്ടിട്ടുണ്ട്. നാട്ടിൽനിന്നും ഇതിൽ പങ്കെടുത്തിട്ടുള്ള നേതാക്കന്മാരുമായി ആശയവിനിമയം നടത്തിയിട്ടുമുണ്ട്. നാട്ടിൽ ഓണക്കാലത്ത് പല സ്ഥലങ്ങളിലും വടംവലി മത്സരങ്ങൾ നടത്താറുണ്ട്. ജന്മനാടിനോടുള്ള സ്നേഹമാണ് ഈ രാജ്യത്തും ഈ കായിക വിനോദം സംഘടിപ്പിക്കുവാൻ നിങ്ങളെ പ്രേരിപ്പിക്കുന്നതെന്ന് ഞാൻ മനസ്സിലാക്കുന്നു. സോഷ്യൽ ക്ലബ് ചെയ്തിരിക്കുന്ന ജീവകാരുണ്യ പ്രവർത്തനങ്ങളെപ്പറ്റിയും ധാരാളം കേട്ടിട്ടുണ്ട്. ആഗസ്റ്റ് 31-ന് ഞായറാഴ്ച നടക്കുവാൻ പോകുന്ന വടംവലി മത്സരത്തിന് എല്ലാവിധ വിജയാശംസകളും നേരുന്നു. രാജ്മോഹൻ ഉണ്ണിത്താന്റെ സരസഗംഭീരമായ സംസാരശൈലി ശ്രോതാക്കളെ വളരെയധികം ആകർഷിച്ചു.










സോഷ്യൽ ക്ലബ് പ്രസിഡണ്ട് റൊണാൾഡ് പൂക്കുമ്പേൽ അദ്ധ്യക്ഷത വഹിച്ചു. വടംവലി മത്സരം വൻ വിജയമാക്കി മാറ്റുവാൻ അണിയറയിൽ കഠിനാദ്ധ്വാനം ചെയ്യുന്ന എല്ലാവരെയും അദ്ദേഹം അഭിനന്ദിക്കുകയും നന്ദി രേഖപ്പെടുത്തുകയും ചെയ്തു. ലോകമെമ്പാടുമുള്ള കായികപ്രേമികളെ പ്രസിഡണ്ട് റൊണാൾഡ് പൂക്കുമ്പേൽ ആഗസ്റ്റ് 31-ാം തീയതി ചിക്കാഗോയിലേക്ക് സ്വാഗതം ചെയ്തു.

ടൂർണമെന്റ് ചെയർമാൻ സിറിയക് കൂവക്കാട്ടിൽ മത്സരത്തിന്റെ നടപടിക്രമങ്ങളെക്കുറിച്ചും ഒരുക്കങ്ങളെക്കുറിച്ചും വിശദീകരിച്ചു. വൈസ് പ്രസിഡണ്ട് സണ്ണി ഇണ്ടിക്കുഴി, ജനറൽ കൺവീനർ സ്റ്റീഫൻ കിഴക്കേക്കുറ്റ്, സെക്രട്ടറി രാജു മാനുങ്കൽ, ജോയിന്റ് സെക്രട്ടറി തോമസ് പുത്തേത്ത്, മുൻ പ്രസിഡണ്ടും ഫൈനാൻസ് ചെയറുമായ ബിനു കൈതക്കതൊട്ടിയിൽ, പി.ആർ.ഒ. മാത്യു തട്ടാമറ്റം തുടങ്ങിയവർ ചോദ്യങ്ങൾക്ക് വിശദീകരണം നല്കി. ഇന്ത്യാ ഫുഡ്ഫെസ്റ്റ് ചെയർമാൻ ജോസ് മണക്കാട്ട് സ്വാഗതവും ട്രഷറർ ബിജോയ് കാപ്പൻ കൃതജ്ഞതയും പറഞ്ഞു.

മുൻ പ്രസിഡണ്ടുമാരായ സൈമൺ ചക്കാലപ്പടവിൽ, സാജു കണ്ണമ്പള്ളി, അലക്സ് പടിഞ്ഞാറേൽ, സിബി കദളിമറ്റം എന്നിവരും സന്നിഹിതരായിരുന്നു.



# അമേരിക്കൻ പൗരത്വം നേടാൻ അപേക്ഷിക്കുന്നവർക്ക് പുതിയ മാനദണ്ഡങ്ങൾ

**ലാൽ വർഗീസ്, അറ്റോർണി അറ്റ് ലോ**

ഡാളസ്: അമേരിക്കൻ പൗരത്വം നേടാൻ അപേക്ഷിക്കുന്നവർക്ക് പുതിയ മാനദണ്ഡങ്ങൾ. യു.എസ്. സിറ്റിസൺഷിപ്പ് ആൻഡ് ഇമിഗ്രേഷൻ സർവീസസ് (യുഎസ്.സി.ഐ.എസ്) പുറത്തിറക്കിയ പുതിയ നയപരമായ മെമ്മോറാണ്ടം (പിഎം-602-0188) അനുസരിച്ച് അപേക്ഷകരുടെ 'നല്ല സ്വഭാവം' (ഗുഡ് മോറൽ കാരക്ടർ) വിലയിരുത്തുമ്പോൾ അവരുടെ മോശം പ്രവൃത്തികൾ മാത്രമല്ല, നല്ല സ്വഭാവങ്ങളും പരിഗണിക്കും.

അപേക്ഷകരുടെ സ്വഭാവം, സാമൂഹിക നിയമങ്ങൾ പാലിക്കാനുള്ള കഴിവ്, സമൂഹത്തിനുള്ള നല്ല സംഭാവനകൾ എന്നിവയെല്ലാം ഇതിൽ പരിഗണിക്കും. ഇതിലൂടെ കുറ്റകൃത്യങ്ങളിൽ ഏർപ്പെടാത്തവർ എന്നതിനപ്പുറം നല്ല രീതിയിൽ ജീവിച്ച വ്യക്തിയാണോ എന്ന് കൂടുതൽ സമഗ്രമായി വിലയിരുത്താൻ ഉദ്യോഗസ്ഥർക്ക് സാധിക്കും.

പുതിയ മാനദണ്ഡം അനുസരിച്ച് നല്ല സ്വഭാവമായി പരിഗണിക്കുന്ന ചില കാര്യങ്ങൾ ഇവയാണ്.


* യുഎസിൽ സ്ഥിരമായുള്ള സാമൂഹിക പങ്കാളിത്തവും സംഭാവനകളും.* കുടുംബകാര്യങ്ങളിലുള്ള ഉത്തരവാദിത്വം.* വിദ്യാഭ്യാസ യോഗ്യത.* സ്ഥിരവും നിയമപരവുമായ തൊഴിൽ ചരിത്രം.* യു.എസിൽ നിയമപരമായി താമസിച്ച കാലയളവ്.* നികുതി ബാദ്ധ്യതകളും സാമ്പത്തിക ഉത്തരവാദിത്വങ്ങളും കൃത്യമായി പാലിക്കുന്നത്.

പുതിയ നയം പ്രകാരം അപേക്ഷകരുടെ പോസിറ്റീവ് വശങ്ങൾക്കും സംഭാവനകൾക്കും കൂടുതൽ ഊന്നൽ നല്കും. ഇത് പൗരത്വം അപേക്ഷിക്കുന്നവരുടെ കാര്യത്തിൽ ഒരു സമഗ്രമായ സമീപനം ഉറപ്പാക്കുന്നു.

# ഡാളസ് മലയാളി അസോസിയേഷൻ ഓണാഘോഷം ഓഗസ്റ്റ് 30-ന്

**ബിനോയി സെബാസ്റ്റ്യൻ**


ഡാളസ്: ജന്മനാടായ മലയാളക്കരയിലും പ്രവാസജീവിത നാടായ ഡാളസിലും സംയുക്തമായി ഡാളസ് മലയാളി അസോസിയേഷൻ തിരുവോണം ആഘോഷിക്കുന്നു. ഓഗസ്റ്റ് 30-ന് ശനിയാഴ്ച കൊപ്പേൽ സെന്റ് അ



ഡോ. എം.വി. പിള്ള

ൽഫോൻസാ ചർച്ച് ഓഡിറ്റോറിയത്തിൽ രാവിലെ 10.30-ന് തിരികൊളുത്തുന്ന ഓണാഘോഷച്ചടങ്ങിൽ പ്രമുഖ പ്രഭാഷകനും എഴുത്തുകാരനും വിശ്വപ്രസിദ്ധ ഓങ്കോളജിസ്റ്റുമായ ഡോ. എം.വി. പിള്ള മുഖ്യാതിഥിയായിരിക്കും.

പരമ്പരാഗത ക്ഷേത്രവാദ്യഘോഷ




ങ്ങളുടെ അകമ്പടിയോടെ ആരംഭിക്കുന്ന ചടങ്ങിൽ ഫോമാ മുൻ പ്രസിഡണ്ട് ഫിലിപ്പ് ചാമത്തിൽ, ഫോമാ സതേൺ റീജിയൻ വൈസ് പ്രസിഡണ്ട് ബിജു ലോസൺ, ഡാളസ് മലയാളി അസോസിയേഷൻ പ്രസിഡണ്ട് ജൂഡി ജോസ് ഉൾപ്പെടെയുള്ള വിവിധ മത-സാംസ്കാരിക നേതാക്കൾ ഓണസന്ദേശങ്ങൾ നല്കും.

കേരളത്തിലെ തെരഞ്ഞെടുത്ത് അഞ്ച് അനാഥകേന്ദ്രങ്ങളിൽ തിരുവോണദിവസം അസോസിയേഷന്റെ നേതൃത്വത്തിൽ സദ്യയൊരുക്കും.

നോർത്ത് ടെക്സസ് മലയാളി അസോസിയേഷൻ, കൊപ്പേൽ മച്ചാൻസ് തുടങ്ങിയ സംഘടനകളുടെ സഹകരണത്തോടെ അരങ്ങേറുന്ന വമ്പിച്ച ഓണാഘോഷ കലാപരിപാടികളുടെ ഭാഗമായി മോഹിനിയാട്ടം ഉൾപ്പെടുന്ന കേരളീയ നൃത്തനൃത്യങ്ങളും പൂർവ്വസ്മൃതികളുണർത്തുന്ന മാർഗ്ഗംകളിയും ടെക്സസ് മലയാളി ഗായകരുടെ ഗാനമേളയുമുണ്ടായിരിക്കും.

അസോസിയേഷന്റെ ഈ വർഷത്തെ ഓണാഘോഷ പരിപാടികൾക്കൊപ്പം കേരളീയത്തനിമയിൽ കേരളത്തിൽ നിന്നുമെത്തിയ പാചകവിദഗ്ദ്ധർ ഇരുപത്തിരണ്ട് വിഭവങ്ങളോടെ ഒരുക്കുന്ന ഓണസദ്യയാണ് പ്രത്യേകത.

ഓണാഘോഷ പരിപാടികളിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ ബന്ധപ്പെടുക: ജൂഡി ജോസ് 405 326 0190, സൈജു വർഗീസ് 623 337 7955, ബിജു ലോസൺ 972 342 0568, ഡക്സ്റ്റർ ഫെരേര 972 768 4652, ഷാജി ആലപ്പാട്ട് 214 227 7771.

# ചിക്കാഗോ ഐ.ഒ.സി. വിമുക്തഭടന്മാരെ ആദരിച്ചു

ചിക്കാഗോ: ചിക്കാഗോയിലെ ഇന്ത്യൻ ഓവർസീസ് കോൺഗ്രസ് സ്വാതന്ത്ര്യ ദിനത്തോടനുബന്ധിച്ച് ധീരജവാന്മാരെ ആദരിച്ചു. ഇന്ത്യയുടെ വിവിധ സേനകളിൽ തങ്ങളുടെ ജീവൻപോലും തൃണവൽഗണിച്ചുകൊണ്ട് രാജ്യസേ



വനം ചെയ്ത വീരജവാന്മാരോട് നാം എന്നും കൃതജ്ഞതയുള്ളവരായിരിക്കണമെന്ന് ആമുഖപ്രസംഗത്തിൽ പ്രസിഡണ്ട് ജോർജ് പണിക്കർ പറഞ്ഞു. തുടർന്ന് ഇന്ത്യയുടെ വായുസേനയിൽ സ്തുത്യർഹമായ സേവനം ചെയ്ത ജവാനും ഐ.ഒ.സി. മെംബറുമായ ജോർജ് മാത്യുവിനെ (ബാബു) പൊന്നാട അണിയിച്ച് സ്വീകരിച്ചു. ദേശസേവനത്തിന്റെ കർമ്മഭൂമിയിൽ വെച്ച് വീരസ്വർഗ്ഗം പ്രാപിച്ച അനേകം രക്തസാക്ഷികളുടെ ജീവൻ തുടിക്കുന്ന സ്മരണകൾ ഉൾക്കൊള്ളുന്ന ഈ ദിവസത്തിൽ ഈ ചടങ്ങ് സംഘടിപ്പിച്ചതിന് ജോർജ് മാത്യു നന്ദിയർപ്പിച്ചു. തുടർന്ന് തോമസ് മാത്യു പടന്നമാക്കൽ, പ്രഫസർ തമ്പി മാത്യു, ഏബ്രഹാം ജോർജ് (തമ്പി), അച്ചൻകുഞ്ഞ് മാത്യു, ജോൺസൺ കണ്ണൂക്കാടൻ, ആന്റോ കവലയ്ക്കൽ, ജോർജ് ജോസഫ് കൊട്ടുകാപ്പള്ളി എന്നിവർ ആശംസാപ്രസംഗങ്ങൾ നടത്തി.

# ഡിട്രോയിറ്റ് ക്നാനായ കത്തോലിക്ക ഇടവകയിൽ വെക്കേഷൻ ബൈബിൾ സർവീസ് നടത്തി

ഡിട്രോയിറ്റ്: ഡിട്രോയിറ്റ് ക്നാനായ കത്തോലിക്കാ ഇടവകയിൽ ഓഗസ്റ്റ് 11, 12, 13 തീയതികളിൽ സൺഡേസ്കൂൾ വിദ്യാർത്ഥികൾക്കായി വെക്കേഷൻ ബൈബിൾ സർവീസ് നടത്തി. റവ.ഫാ. മെൽവിൻ പോളിന്റെ നേതൃത്വത്തിൽ വിവിധ വിഷയങ്ങളിൽ പ്രമീള ഇട്ടൂപ്പ് കാഞ്ഞിരത്തിങ്കൽ, ജോൺ മൂലക്കാട്ട്, സുബി തേക്കിലക്കാട്ടിൽ എന്നിവർ ക്ലാസുകളെടുത്തു.

ഇടവക വികാരി റവ.ഫാ. ജോസഫ് തറക്കൽ, ഡിആർഇ

**ജെയിസ് കണ്ണച്ചാൻപറമ്പിൽ**

സിമി തൈമാലിൽ, കൈക്കാരന്മാരായ സെബാസ്റ്റ്യൻ വഞ്ചിത്താനത്ത്, സേവ്യർ തോട്ടത്തിൽ, സൗമി അച്ചിറത്തലയ്ക്കൽ, ഫിലിപ്സൺ താന്നിച്ചുവട്ടിൽ, സിമി മണിമലേത്ത്, അനു കണ്ണച്ചാൻപറമ്പിൽ, ജെയിസ് കണ്ണച്ചാൻപറമ്പിൽ, സ്റ്റെല്ല പാറയിൽ, ആഷ്‌ലി ചെറുവള്ളിൽ, ആഷ്ന വെട്ടിക്കാട്ട്, രോഹൻ എരുമത്ര, എയിഡൻ ബോബി ആലപ്പാട്ട്, നികിത ബിജു, റേച്ചൽ ബിജു, ക്രിസ്റ്റൽ മരിയ എഡ്‌വേർഡ് എന്നിവർ വെക്കേഷൻ ബൈബിൾ സർവീസിന്റെ വിജയത്തിനായി പ്രവർത്തിച്ചു.



# ചിക്കാഗോ സെന്റ് മേരീസ് ക്നാനായ കത്തോലിക്കാ ഇടവകയിലെ ദർശനതിരുനാളിന് ഭക്തിനിർഭരമായ സമാപനം

**അനിൽ മറ്റത്തിക്കുന്നേൽ**

ചിക്കാഗോ: ചിക്കാഗോ സെന്റ് മേരീസ് ക്നാനായ കത്തോലിക്കാ ഇടവകയുടെ എട്ട് ദിവസങ്ങൾ നീണ്ടുനിന്ന ഈ വർഷത്തെ പ്രധാന തിരുനാളിന് ഭക്തിനിർഭരമായ സമാപനം. ഓഗസ്റ്റ് പതിനൊന്നു വരെ ദർശനത്തിരുനാളായി ആഘോഷിക്കപ്പെട്ട ഈ തിരുനാളിന് ഓഗസ്റ്റ് മൂന്നിനു രാവിലെ പത്തു മണിക്കുള്ള കുർബാനയ്ക്കു ശേഷം നടത്തപ്പെട്ട പതാക ഉയർത്തലോടെയാണ് തുടക്കമായത്. വി. കുർബാനയ്ക്ക് ക്നാനായ റീജിയൻ ഡയറക്ടർ മോൺ. തോമസ് മുളവനാൽ മുഖ്യകാർമ്മികത്വം വഹിക്കുകയും ഗുജറാത്ത് മിഷന്റെ സുപ്പീരിയർ ജനറൽ ഫാ. സ്റ്റീഫൻ ജയരാജ് സന്ദേശം നല്കുകയും ചെയ്തു.

ഒരാഴ്ചയോളം നീണ്ടുനിന്ന തിരുനാളിന്റെ ഭാഗമായി തിങ്കൾ മുതൽ ബുധൻ വരെ ആഘോഷമായ ദിവ്യബലിയും മരിയൻ സന്ദേശത്തോടു കൂടിയുള്ള തിരുക്കർമ്മങ്ങളും നടത്തപ്പെട്ടു. ഫാ. ജോസ് തറക്കൽ, ഫാ. ടോമി



വട്ടുകുളം, ഫാ. ജോബി പൂച്ചുകണ്ടത്തിൽ എന്നിവർ ഈ ദിവസങ്ങളിലെ തിരുക്കർമ്മങ്ങൾക്ക് മുഖ്യ കാർമ്മികത്വം വഹിച്ചു. ഫാ. ജോബി പന്നൂറയിൽ, ഫാ. ജോബി വെള്ളൂക്കുന്നേൽ, ഫാ. ബിൻസ് ചേത്തലിൽ എന്നിവരാണ് വ്യാഴം, വെള്ളി, ശനി ദിവസങ്ങളിലെ തിരുക്കർമ്മങ്ങൾക്ക് കാർമ്മികത്വം വഹിച്ചത്. വെള്ളിയാഴ്ച നടത്തിയ തിരുക്കർമ്മങ്ങൾ യുവതീയുവാക്കൾക്കു വേണ്ടി ഇംഗ്ലീഷിൽ നടത്തപ്പെട്ടപ്പോൾ ശനിയാഴ്ചത്തെ തിരുക്കർമ്മങ്ങൾക്ക് നേതൃത്വം നല്കിയത് ചിക്കാഗോ സേക്രഡ് ഹാർട്ട് ക്നാനായ ഫൊറോന ഇടവകയുടെ അസി. വികാരി ഫാ. ബിൻസ് ചേത്തലിൽ, സേക്രഡ് ഹാർട്ടിലെ ഗായകസംഘം, അൾത്താര ശുശ്രൂഷകർ എന്നിവരടക്കമുള്ള സേക്രഡ് ഹാർട്ട് ഇടവകാംഗങ്ങളാണ്.

ഓഗസ്റ്റ് 8-ന് വെള്ളിയാഴ്ചയും 9-ന് ശനിയാഴ്ചയും കൂടാരയോഗ കലാമേളയും കലാസന്ധ്യയും വൈവിധ്യമാർന്ന പരിപാടികളോടെ ശ്രദ്ധേയമായി. ഇടവകയിലെ കൂടാരയോഗങ്ങളുടെയും തിരുബാലസഖ്യം, ടീൻ മിനിസ്ട്രി, യൂത്ത് മിനിസ്ട്രി, യുവജനവേദി തുടങ്ങിയവർ വർണ്ണവൈവിധ്യമാർന്ന പരിപാടികൾ അവതരിപ്പിച്ചു. മെൻ മിനിസ്ട്രിയുടെ നേതൃത്വത്തിൽ സംഘടിപ്പിച്ച നാടകം ഏറെ ശ്രദ്ധിക്കപ്പെട്ടു.

പ്രധാന തിരുനാൾ ദിവസമായ ഓഗസ്റ്റ് 10-ന് ഞായറാഴ്ചത്തെ റാസ കുർബാനയ്ക്ക് ഫാ, ലിജോ കൊച്ചുപറമ്പിൽ മുഖ്യകാർമ്മികത്വം വഹിച്ചു. ആബാലവൃദ്ധം ജനങ്ങൾ പങ്കെടുത്ത തിരുനാൾ പ്രദക്ഷിണവും വാശിയോടെ നടത്തപ്പെട്ട തിരുനാൾ ലേലവും കുട്ടികൾക്കായി തയ്യാറാക്കിയ വളർത്തുമൃഗങ്ങളുടെ കാഴ്ചബംഗ്ലാവും തിരുനാളിന് വർണ്ണപ്പൊലിമ ചാർത്തി. സ്നേഹ വിരുന്നോടെയാണ് ഞായറാഴ്ചത്തെ തിരുക്കർമ്മങ്ങൾ അവസാനിച്ചത്.

ഓഗസ്റ്റ് 11-ന് തിങ്കളാഴ്ച നടത്തപ്പെട്ട മരിച്ചവർക്കു വേണ്ടിയുള്ള വിശുദ്ധ കുർബാനയോടും സെമിത്തേരി സന്ദർശനത്തോടെയുമാണ് തിരുനാൾ തിരുക്കർമ്മങ്ങൾ അവസാനിച്ചത്. ഇടവക മദ്ധ്യസ്ഥയായ പരിശുദ്ധ ദൈവമാതാവിന്റെ സ്വർഗ്ഗാരോപണ തിരുനാളാണ് ദർശനത്തിരുനാളായി കൊണ്ടാടപ്പെടുന്നത്. ഇടവക സ്ഥാപിതമായിട്ട് പതിനഞ്ചു വർഷങ്ങൾ പൂർത്തിയായ വേളയിൽ നടത്തപ്പെട്ട തിരുനാളിന് മെൻ മിനിസ്ട്രിയിലൂടെ ഇടവകയിലെ എല്ലാ കുടുംബങ്ങളും പ്രസുദേന്തിമാരാകുന്നു എന്ന പ്രത്യേകത കൂടിയുണ്ടായിരുന്നു. നാനൂറോളം പ്രസുദേന്തിമാർ തിരുനാളിൽ പങ്കുകാരായി.

വികാരി ഫാ. സിജു മുടക്കോടിൽ, അസി. വികാരി ഫാ. അനീഷ് മാവേലി പുത്തൻപുര, സെക്രട്ടറി സിസ്റ്റർ ഷാലോം, കൈക്കാരന്മാരായ സാബു കട്ടപ്പുറം, ബിനു പൂത്തുറയിൽ, ലൂക്കോസ് പൂഴിക്കുന്നേൽ, ജോർജ് മറ്റത്തിപ്പറമ്പിൽ, നിബിൻ വെട്ടിക്കാട്ട്, സെക്രട്ടറി സണ്ണി മേലേടം, തിരുനാൾ കോ-ഓർഡിനേറ്റേഴ്സായ സിബി കൈതക്കതൊട്ടിയിൽ, സ്റ്റീഫൻ ചൊള്ളമ്പേൽ, ജോണിക്കുട്ടി



പിള്ളവീട്ടിൽ, പോൾസൺ കുളങ്ങര എന്നിവരുടെ നേതൃത്വത്തിലുള്ള തിരുനാൾ കമ്മിറ്റിയാണ് തിരുനാളിന്റെ വിജയത്തിനായി അഹോരാത്രം പ്രവർത്തിച്ചത്. തിരുനാളിന്റെ സുഗമവും ഭക്തിനിർഭരവുമായ നടത്തിപ്പിനായി സഹകരിച്ച എല്ലാവർക്കും ഇടവക വികാരി ഫാ. സിജു മുടക്കോടിൽ നന്ദി അറിയിച്ചു. അടുത്തവർഷത്തെ തിരുനാളിനായി ഇടവകയിൽ പതിനഞ്ചു വർഷങ്ങളായി സേവനം ചെയ്ത അല്മായ നേതൃത്വം പ്രസുദേന്തിമാരാകും.

























# ഇന്ത്യക്കാരനായതിൽ അഭിമാനിച്ച വ്യക്തിത്വമായിരുന്നു ഡോ. അനിരുദ്ധന്റേതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ



റോയി മുളകുന്നം

തിരുവനന്തപുരം: ഇന്ത്യാക്കാരൻ എന്നതിൽ എന്നും അഭിമാനിച്ച വ്യക്തിത്വമായിരുന്നു ഡോ. എം. അനിരുദ്ധന്റേതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.

അമേരിക്കൻ പൗരത്വം ലഭിക്കാൻ എല്ലാ അവസരങ്ങളും സാദ്ധ്യതകളും ഉണ്ടായിട്ടും ഇന്ത്യൻ പൗരത്വം വെടിയേണ്ടതില്ലെന്ന ഉറച്ച നിലപാട് സ്വീകരിച്ച വ്യക്തിയായിരുന്നു ഡോ. അനിരുദ്ധന്റേതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു.

നോർക്ക റൂട്ട്സ് ഡയറക്ടർ ബോർഡ് അംഗവും ലോക കേരള സഭാംഗവും ശാസ്ത്രഗവേഷകനും ഫൊക്കാന പ്രഥമ പ്രസിഡണ്ടും അമേരിക്കയിലെ പ്രമുഖ പ്രവാസി സംരംഭകനുമായിരുന്ന ഡോ. എം. അനിരുദ്ധൻ അനുസ്മരണ യോഗത്തിൽ മുഖ്യ അനുസ്മരണ പ്രഭാഷണം നടത്തി സംസാരിക്കുകയായിരുന്നു മുഖ്യമന്ത്രി.

ജീവിതാവസാനം വരെ ഇന്ത്യൻ പാസ്പോർട്ടായിരുന്നു ഡോ. അനിരുദ്ധന്. എല്ലാക്കാലത്തും ഇന്ത്യക്കാരൻ എന്ന് അഭിമാനിക്കുകയും ആ സ്വത്വം നിലനിർത്തുകയും ചെയ്ത വ്യക്തിത്വമായിരുന്നു ഡോ. എം. അനിരുദ്ധന്റേതെന്നും മുഖ്യമന്ത്രി പിണറായി വിജയൻ അനുസ്മരിച്ചു.

തന്റെ അമേരിക്കൻ സന്ദർശന വേളകളിലെയും കേരളത്തിലെയും അനിരുദ്ധനൊപ്പമുള്ള സൗഹൃദ നിമിഷങ്ങളും അനുഭവങ്ങളും മുഖ്യമന്ത്രി ഓർമ്മിച്ചു.

സഹോദരതുല്യമായ സ്നേഹമായിരുന്നു പരസ്പരമുണ്ടായിരുന്നതെന്നും ഡോ. അനിരുദ്ധന്റെ വിയോഗം തനിക്ക് വ്യക്തിപരമായ നഷ്ടം കൂടിയാണെന്നും പിണറായി വിജയൻ പറഞ്ഞു.



ഡോ. എം. അനിരുദ്ധന്റെ ദീർഘവീക്ഷണവും നിസ്വാർത്ഥമായ സേവനവും നോർക്ക റൂട്ട്സിന്റെ ഉന്നതിക്ക് സഹായകമായെന്ന് ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ചു സംസാരിച്ച പൊതുവിദ്യാഭ്യാസ തൊഴിൽവകുപ്പു മന്ത്രി വി. ശിവൻകുട്ടിയും ഓർമ്മിച്ചു.

ഓരോ പ്രവാസിയുടെയും കണ്ണീരും സ്വപ്നവും അദ്ദേഹം തന്റേതുകൂടിയായി കണ്ട് അതിനായി നിരന്തരം പ്രയത്നിച്ച വ്യക്തിത്വമായിരുന്നു അദ്ദേഹമെന്നും വി. ശിവൻകുട്ടി അനുസ്മരിച്ചു.

അമേരിക്കൻ മലയാളികളുടെ സാംസ്കാരിക അന്യവൽക്കരണത്തിനുള്ള സാദ്ധ്യത മുന്നിൽ കണ്ട് മലയാള ഭാഷാ സ്വത്വത്തിനു വേണ്ടിയും സാംസ്കാരിക തിരിച്ചറിവിനു വേണ്ടിയും അദ്ദേഹം നടത്തിയ ശ്രമങ്ങളെ അനുസ്മരണ പ്രഭാഷണത്തിൽ നോർക്ക റസിഡന്റ് വൈസ് ചെയർമാൻ പി. ശ്രീരാമകൃഷ്ണൻ ഓർമ്മിച്ചു.

നാടുമായുള്ള ബന്ധം എന്നും നിലനിർത്തിയിരുന്ന വ്യക്തിയായിരുന്നു ഡോ. അനിരുദ്ധനെന്ന് സഹപ്രവർത്തകനെന്ന നിലയിലും സുഹൃത്തെന്ന നിലയിലുമുള്ള അദ്ദേഹത്തോടൊപ്പമുള്ള ഓർമ്മകൾ പങ്കുവെച്ച് നോർക്ക റൂട്ട്സ് വൈസ് ചെയർമാൻ ഡോ. എം.എ. യൂസഫലി അഭിപ്രായപ്പെട്ടു.

തിരുവനന്തപുരം മസ്കോട്ട് ഹോട്ടലിൽ സംഘടിപ്പിച്ച അനുസ്മരണ യോഗത്തിൽ മുൻമന്ത്രിമാരായ എം.എം. ഹസ്സൻ, കെ.സി. ജോസഫ്, ഡോ. അനിരുദ്ധന്റെ മക്കളായ അരുൺ അനിരുദ്ധൻ, ഡോ. അനൂപ് അനിരുദ്ധൻ എന്നിവരും ലോക കേരളസഭ അംഗങ്ങൾ, പ്രവാസി സംഘടനാ പ്രതിനിധികൾ തുടങ്ങിയവരും സംബന്ധിച്ചു.

ചടങ്ങിൽ നോർക്ക വകുപ്പ് സെക്രട്ടറി എസ്. ഹരികിഷോർ ഐഎഎസ് സ്വാഗതവും നോർക്ക റൂട്ട്സ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അജിത് കോളശ്ശേരി നന്ദിയും പറഞ്ഞു.

## ചോദ്യം



ലൂസി കണിയാലി

എന്തിന് നീ നിന്റെ മക്കളെ കൂടെ കൊണ്ടുപോയ്
നെഞ്ചോട് ചേർത്തുപിടിച്ചു നടന്നിട്ട്
കണ്ണുകളടച്ചു നീ ചെവികളും അടച്ചുവോ
ഈ ലോകനീതിക്ക് കണ്ണില്ല, ചെവികളും
നിന്റെയുള്ളം കരഞ്ഞതും ഞാനറിഞ്ഞതില്ല
നിന്റെ നിലവിളി കേട്ടില്ല, കേട്ടതായി നടിച്ചില്ല
നീ നടന്ന വഴികളിൽ ചോര കിനിഞ്ഞതും
നിന്നെയടിച്ചവർ പിന്നാലെ നടന്നതും
നീയെന്ന സത്യത്തെ ഉൾക്കൊള്ളാതിരുന്നതും
നിന്നെയറിയില്ലെന്നു ഞാൻ പറഞ്ഞതും
നിന്റെ മുറിവുകളിൽ ഞാൻ കുത്തി രസിച്ചതും
നിനക്കു ഞാൻ ദാഹജലം നിഷേധിച്ചതും
നിന്റെ സ്വപ്നങ്ങളുടെ ചിതയ്ക്ക് തീ കൊളുത്തിയതും
അറിയുന്നു ഞാനിപ്പോൾ, നീയൊരു ഓർമ്മയായപ്പോൾ
എന്റെ കപടസ്നേഹത്തിന്റെ മുഖംമൂടിവെച്ചു ഞാൻ
പിന്നെയും ചോദിച്ചു....
എന്തിനു നീയാ മക്കളെ കൂടെ കൊണ്ടുപോയ്
ഉത്തരം നല്കിടാൻ നീയടുത്തില്ലെങ്കിലും
കേട്ടു ഞാൻ കാറ്റായ് പറക്കുന്ന നിൻ ശാപത്തിൻ ശീൽക്കാരം
മഴയായ് ഇരയ്ക്കുന്ന നിൻ വേദനയുടെ പെയ്ത്തുകാലം
ഇനിയുംവരും വസന്തവും പിന്നെ ശൈത്യവും
വേനലിൽ എരിയുന്ന എന്നെ ദഹിപ്പിക്കും ദുഃഖവും.

## ഇന്ത്യൻ ക്രിസ്ത്യൻ ഡേ അവിസ്മരണീയമായി

രാജു തരകൻ

ഡാളസ്: യേശുക്രിസ്തുവിന്റെ ശിഷ്യനായ തോമസ് അപ്പോസ്തലൻ ഇന്ത്യയിൽ കടന്നുവന്നതിന്റെ സ്മരണക്കായി തുടക്കം കുറിച്ചതാണ് ഇന്ത്യൻ ക്രിസ്ത്യൻ ഡേ. ഓഗസ്റ്റ് രണ്ടിന് കരോൾട്ടൻ സിറ്റിയിൽ 'ദ ചർച്ച് ഓഫ് ദ ബേ' ഓഡിറ്റോറിയത്തിൽ വൈകിട്ട് നടന്ന സമ്മേളനത്തിൽ മാർത്തോമാ, യാക്കോബായ, ഓർത്തഡോക്സ്, ക്നാനായ, ബ്രദറൺ, സിഎസ്ഐ, കത്തോലിക്കാ, ഐപിസി, ചർച്ച് ഓഫ് ഗോഡ് സ്വതന്ത്ര സഭകൾ, മെഥഡിസ്റ്റ്, നോൺ ഡിനോമിനേഷൻ തുടങ്ങിയ സഭകളിൽ നിന്നുള്ള സഭാശുശ്രൂഷകരും സഭാ ലീഡേഴ്സും വിശ്വാസികളും സാംസ്കാരിക രംഗത്തുള്ളവരും രാഷ്ട്രീയ പ്രവർത്തകരും പങ്കെടുക്കുകയുണ്ടായി. കേരളം, തമിഴ്നാട്, കർണാടക, തെലങ്കാന, ഗുജറാത്ത് തുടങ്ങിയ സംസ്ഥാനങ്ങളിൽ നിന്നുള്ള പ്രവാസികൾ സമ്മേളന നഗരിയിൽ ഒത്തുകൂടിയത് ഏവരേയും ആകർഷിക്കുന്നതായിരുന്നു. ഭാരതത്തിന് വിദേശ മിഷണറിമാരിൽ നിന്ന് വിവിധ മേഖലകളിൽ ലഭിച്ച അമൂല്യ സംഭാവനകൾ, സുവിശേഷത്തിനു വേണ്ടി ജീവൻ ബലിയർപ്പിച്ചവരുടെ ജീവിതാനുഭവങ്ങൾ എല്ലാം ഈ സമ്മേളനത്തിലെ പ്രധാന ചർച്ചാ വിഷയങ്ങൾ ആയിരുന്നു. കരോൾട്ടൻ പ്രോ മേയർ (ഡയ്സി പലാമോ) മർഫി പ്രോ മേയർ (എലിസബത്ത് ഏബ്രഹാം), ഗാർലൻഡ് അഡ്ബൈസറി മെംബർ പി.സി. മാത്യു തുടങ്ങിയവർ പ്രസംഗിച്ചു. സമ്മേളനത്തിൽ മുഖ്യസന്ദേശം നിർവഹിച്ചത് പ്രഫസർ സണ്ണി മാത്യു ആയിരുന്നു.






ഡാളസ് ഫോർട്ട് വർത്ത് സിറ്റി ബൈഡ് പ്രയർ ഫെലോഷിപ്പ് കോ-ഓർഡിനേറ്റർ പാസ്റ്റർ മാത്യു ശമുവേൽ, പാസ്റ്റർ ജോൺ എള്ളമ്പള്ളി, പോൾ ഗുരുപ്പ് തുടങ്ങിയവരാണ് ഈ സമ്മേളനത്തിന്റെ മുഖ്യസംഘാടകർ.


# അറ്റ്ലാന്റയിൽ ലൂക്കാച്ചൻ ചക്കാലപ്പടവിലിന്റെ അനുസ്മരണയോഗം നടത്തി

**സിബി മുളയാനിക്കുന്നേൽ**

അറ്റ്ലാന്റ: ക്നാനായ കത്തോലിക്കാ അസോസിയേഷൻ ഓഫ് ജോർജിയ ദിവംഗതനായ ലൂക്കാച്ചൻ ചക്കാലപ്പടവിലിന്റെ നാല്പത്തിയൊന്നാം ചരമ ദിനത്തോടനുബന്ധിച്ച് അനുസ്മരണയോഗം നടത്തി. ഓഗസ്റ്റ് പത്തിന് ഞായറാഴ്ച ദിവ്യബലിയും തുടർന്ന് മന്ത്രായ്ക്കുശേഷം ചേർന്ന യോഗത്തിൽ കെസിസിഎൻഎ പ്രസിഡണ്ട് ജെയിംസ് ഇല്ലിക്കൽ അദ്ധ്യക്ഷത വഹിച്ചു. ഹോളി ഫാമിലി ഇടവക വികാരി ഫാ. ജോസഫ് ചിറപ്പുറത്തിന്റെ പ്രാർത്ഥനയോടെ ആരംഭിച്ച യോഗത്തിന് കെസിഎജി സെക്രട്ടറി സിബി മുളയാനിക്കുന്നേൽ സ്വാഗതം ആശംസിച്ചു. ലൂക്കാച്ചന്റെ നിര്യാണം നമുക്കെല്ലാവർക്കും ഒരു വലിയ നഷ്ടമാണെന്നും ക്നാനായ സമൂഹത്തോടുള്ള അചഞ്ചലമായ സമർപ്പണവും ആത്മാർത്ഥതയും കെസിഎജിക്ക് വേണ്ടി ചെയ്ത സേവനങ്ങളും എക്കാലവും ഓർമ്മിക്കപ്പെടുമെന്നും പ്രസിഡണ്ട് ജോണി ഇല്ലിക്കാട്ടിൽ തന്റെ അനുശോചന സന്ദേശത്തിൽ പറഞ്ഞു. എക്കാലവും സമുദായ പാരമ്പര്യങ്ങളും പൈതൃകങ്ങളും മുറുകെപ്പിടിച്ചായിരുന്നു ലൂക്കാച്ചന്റെ ജീവിതമെന്നും എല്ലാ കെസിസിഎൻഎ കൺവൻഷനുകളിലുമുള്ള അദ്ദേഹത്തിന്റെ സജീവ പങ്കാളിത്തം അതിനു തെളിവാണെന്നും കെസിസിഎൻഎ പ്രസിഡണ്ട് ജെയിംസ് ഇല്ലിക്കൽ പറയുകയുണ്ടായി.

യോഗത്തിൽ ജോസ് കാപറമ്പിൽ, ഡൊമിനിക് ചാക്കോനാൽ, ജെയിൻ കൊട്ടിയാനിക്കൽ, അഞ്ജലി ഷാജൻ പൂവത്തുംമൂട്ടിൽ, വത്സമ്മ ഉപ്പൂട്ടിൽ, ബിജു അത്തിമറ്റത്തിൽ, ജെയ്മോൻ നെല്ലിക്കാട്ടിൽ, ഷാജൻ ജോസഫ് പൂവത്തുംമൂട്ടിൽ എന്നിവർ ലൂക്കാച്ചനെപ്പറ്റിയുള്ള തങ്ങളുടെ നല്ല ഓർമ്മകൾ പങ്കുവെച്ചു. പരിപാടികൾക്ക് കെസിഎജി വൈസ് പ്രസിഡണ്ട് ഡാർലി ഉപ്പൂട്ടിൽ, ജോയിന്റ് സെക്രട്ടറി നിഷ ലിജോ പുലിക്കൂട്ടിൽ, ട്രഷറർ ഏബ്രഹാം കളത്തിൽ എന്നിവർ നേതൃത്വം നല്കി. ആന്റണി ഷാജൻ പൂവത്തുംമൂട്ടിലിന്റെ നന്ദിപ്രകാശനത്തോടെ യോഗം പര്യവസാനിച്ചു.

## ആദരാഞ്ജലികൾ



**ലൂക്കാച്ചൻ ചക്കാലപ്പടവിൽ**









ജോണി ഇല്ലിക്കാട്ടിൽ (പ്രസിഡണ്ട് KCAG)



ജെയിംസ് ഇല്ലിക്കൽ (പ്രസിഡണ്ട് KCCNA)



ഫാ. ജോസഫ് ചിറപ്പുറത്ത് (സ്പിരിച്വൽ ഡയറക്ടർ KCAG)



ഡാർലി ഉപ്പൂട്ടിൽ (വൈസ് പ്രസിഡണ്ട് KCAG)



സിബി മുളയാനിക്കുന്നേൽ (സെക്രട്ടറി KCAG)



നിഷ ലിജോ പുലിക്കൂട്ടിൽ (ജോ. സെക്രട്ടറി KCAG)



ഏബ്രഹാം (റെജി) കളത്തിൽ (ട്രഷറർ KCAG)



ഡൊമിനിക് ചാക്കോനാൽ



വത്സമ്മ ജേക്കബ് ഉപ്പൂട്ടിൽ



ജെയിൻ കൊട്ടിയാനിക്കൽ



ജോസ് കാപറമ്പിൽ



ഷാജൻ പൂവത്തുംമൂട്ടിൽ



ജെയ്മോൻ നെല്ലിക്കാട്ടിൽ




ബിജു അത്തിമറ്റത്തിൽ



അഞ്ജലി ഷാജൻ പൂവത്തുംമൂട്ടിൽ



ആന്റണി ഷാജൻ പൂവത്തുംമൂട്ടിൽ








കേരളാ എക്സ്പ്രസ്
KERALA EXPRESS
വാരാന്ത്യം

# മലയാളം കണ്ട മനോഹരമായ തിരിച്ചു വരവ്



ലേഖനം



ജോസ് കണിയാലി

മലയാള സിനിമ കണ്ട ഏറ്റവും വലിയ തിരിച്ചു വരവുകളിൽ ഒന്ന് മമ്മൂട്ടിയുടേതായിരുന്നു. ജോഷിയുടെ ന്യൂ ഡൽഹിയിലൂടെ എല്ലാവരും അവസാനിച്ചെന്ന് വിധിയെഴുതിയ മമ്മൂട്ടിയുഗം തിരിച്ചു വന്നപ്പോൾ ഉദയം കൊണ്ടത് മലയാള സിനിമയുടെ ഒരു സുവർണ്ണ കാലഘട്ടം കൂടിയായിരുന്നു. ഇപ്പോഴിതാ എടുത്ത ഇടവേളകളിൽ നിന്ന് പൂർണ്ണ ആരോഗ്യവാനായി വീണ്ടും ആ മഹാനാടൻ വീണ്ടുമൊരു തിരിച്ചു വരവ് നടത്തുമ്പോൾ ലോക സിനിമാ പ്രേമികൾ എല്ലാം തന്നെ അതിന്റെ ആഘോഷത്തിലാണ്.

ആരാധകരുടെയും സിനിമാലോകത്തിന്റെയും പ്രാർത്ഥനകൾ ഫലം കണ്ടതായി നിർമാതാവ് ആന്റോ ജോസഫ് സമൂഹമാധ്യമങ്ങളിൽ പങ്കുവെച്ച കുറിപ്പ് പുറത്തുവന്നത് എവിടെയാണ് മമ്മൂട്ടിയുടെ തിരിച്ചുവരവ് ചർച്ചയായത്. "ലോകമെമ്പാടുമുള്ള ഒരുപാട് പേരുടെ പ്രാർത്ഥനയ്ക്ക് ഫലം കണ്ടു, ദൈവമേ നന്ദി," എന്നാണ് ആന്റോ ജോസഫിന്റെ വാക്കുകൾ. മമ്മൂട്ടിയുടെ ആരോഗ്യം പൂർണമായി വീണ്ടെടുത്തതായി ഡോക്ടർമാർ സാക്ഷ്യപ്പെടുത്തിയതോടെ, താരം സെപ്റ്റംബർ മുതൽ പുതിയ പ്രോജക്ടുകളിൽ സജീവമാകുമെന്നാണ് വിവരം.

കഴിഞ്ഞ കുറച്ച് മാസങ്ങളായി മമ്മൂട്ടിയുടെ ആരോഗ്യനിലയെക്കുറിച്ച് നിരവധി അഭ്യൂഹങ്ങൾ പ്രചരിച്ചിരുന്നു. ചിലർ അദ്ദേഹത്തിന് കാൻസർ ബാധിച്ചതായി സോഷ്യൽ മീഡിയയിൽ വ്യാപകമായി പ്രചരിപ്പിച്ചിരുന്നെങ്കിലും, താരത്തിന്റെ പിആർ ടീം ഇത് നിഷേധിച്ചിരുന്നു. റംസാൻ വ്രതം കാരണം താൽക്കാലികമായി സിനിമയിൽ നിന്ന് ഇടവേള എടുത്തതാണെന്ന് അവർ വ്യക്തമാക്കി. എന്നാൽ, അടുത്ത വൃത്തങ്ങളിൽ നിന്നുള്ള സൂചനകൾ പ്രകാരം, മമ്മൂട്ടി ചികിത്സയ്ക്കായി ചെന്നൈയിലായിരുന്നു, ഇപ്പോൾ പൂർണ ആരോഗ്യവാനായി കേരളത്തിലേക്ക് മടങ്ങിയെത്തി. ഈ വാർത്ത ആരാധകർക്ക് വലിയ ആശ്വാസവും സന്തോഷവും നൽകിയിരിക്കുകയാണ്.

മമ്മൂട്ടിയുടെ തിരിച്ചുവരവിനെ മലയാള സിനിമാലോകം ആഘോഷമാക്കുകയാണ്. നടനും സുഹൃത്തുമായ മോഹൻലാൽ, മമ്മൂട്ടിയുടെ ആരോഗ്യം വീണ്ടെടുത്തതിൽ സന്തോഷം പ്രകടിപ്പിച്ച് ഒരു പരിപാടിയിൽ സംസാരിച്ചു. "ഞാൻ ശബരിമലയിൽ പോയി അദ്ദേഹത്തിനായി പ്രാർഥിച്ചിരുന്നു. എത്രയോ ആളുകൾ അദ്ദേഹത്തിനായി പ്രാർത്ഥിക്കുന്നു, ആ പ്രാർത്ഥനകൾ തന്നെയാണ് അദ്ദേഹത്തെ തിരിച്ചുകൊണ്ടുവന്നത്," മോഹൻലാൽ പറഞ്ഞു. അവർ ഒരുമിച്ചഭിനയിക്കുന്ന 'പാട്രിയറ്റ്' എന്ന ചിത്രത്തിന്റെ ഷൂട്ടിംഗിനിടെയാണ് മമ്മൂട്ടി ചികിത്സയ്ക്കായി മാറിനിന്നത്. അടുത്ത മാസം മുതൽ താരം ഡബ്ബിങ് ആരംഭിക്കുമെന്നും മോഹൻലാൽ വെളിപ്പെടുത്തി.



മമ്മൂട്ടിയുടെ അനന്തരവനും നടനുമായ അഷ്കർ സൗദാൻ, താരത്തിന്റെ പിറന്നാൾ ദിനമായ സെപ്റ്റംബർ ഏഴിന് ഒരു വലിയ പ്രഖ്യാപനത്തോടെ തിരിച്ചുവരവ് ഉണ്ടാകുമെന്ന് സൂചിപ്പിച്ചു. "ഇപ്പോഴും അദ്ദേഹം പൂർണ ആരോഗ്യവാനാണ്. പുതിയ രൂപത്തിൽ വരാൻ വേണ്ടി മാറിനിന്നതാണ്," എന്ന് അഷ്കർ പറഞ്ഞു. ജിതിൻ കെ. ജോസ് സംവിധാനം ചെയ്യുന്ന 'കളങ്കാവൽ' എന്ന ചിത്രമാണ് മമ്മൂട്ടിയുടേതായി റിലീസിനൊരുങ്ങുന്ന പുതിയ സിനിമ. ഈ ചിത്രത്തിന്റെ പോസ്റ്റർ കഴിഞ്ഞ ദിവസം പുറത്തിറങ്ങി, ആരാധകർക്കിടയിൽ വലിയ ആവേശം സൃഷ്ടിച്ചിരിക്കുകയാണ്.

മമ്മൂട്ടിയുടെ തിരിച്ചുവരവ് മലയാള സിനിമയ്ക്ക് പുത്തൻ ഉണർവ് നൽകുമെന്നാണ് പ്രതീക്ഷ. നിർമാതാക്കളായ എസ്. ജോർജ്, രമേഷ് പിഷാരടി, മാലാ പാർവതി തുടങ്ങിയവർ സോഷ്യൽ മീഡിയയിലൂടെ തങ്ങളുടെ സന്തോഷം പ്രകടിപ്പിച്ചു. "രാജാവ് തിരിച്ചെത്തിയിരിക്കുന്നു," എന്നാണ് മാലാ പാർവതിയുടെ വാക്കുകൾ. മഹേഷ് നാരായണന്റെ മൾട്ടി-സ്റ്റാർ ചിത്രത്തിന്റെ ഷൂട്ടിംഗ് ഉടൻ പുനരാരംഭിക്കുമെന്നും വിവരമുണ്ട്. ആരാധകർ മാത്രമല്ല, മലയാള സിനിമയിലെ എല്ലാവരും 'മമ്മൂക്ക'യുടെ വരവിനായി ആകാംക്ഷയോടെ കാത്തിരിക്കുകയാണ്. മമ്മൂട്ടി തിരിച്ചുവരേണ്ടത് മലയാള സിനിമയുടെ വലിയ ആവശ്യമായിരുന്നു കാരണം നിരവധി നിർമ്മാതാക്കളും സംവിധായകരമെല്ലാം അദ്ദേഹവുമായി പുതിയ പ്രൊജക്റ്റുകൾ പ്ലാൻ ചെയ്തിരുന്നു. അവ തുടർന്നു പോകേണ്ടതിനും, സിനിമയുടെ സമ്പത്ത് നിലനിർത്തേണ്ടതിനും ഈ തിരിച്ചു വരവ് ആവശ്യമാണ്.

---

കവിത



സന്ധ്യ ജിതേഷ്

## ഒന്നും നിർവചിക്കാനില്ലാതെ

നിന്നെ കേൾക്കുകയും
നിന്നെ സ്നേഹിക്കുകയും
നിന്നെ ഓർക്കുകയും
നിന്നെ സ്വപ്നം കാണുകയും
ഒരു സങ്കീർത്തനം പോലെ
നിന്നിലലിയുവാനും
ഞാൻ കൊതിച്ചിരുന്നു...
എനിക്ക് മാത്രം കേൾക്കാം
ചുറ്റിലും നിശാചരികളായ
ഉന്മാദിനികളുടെ കാൽചിലങ്കൊച്ച ..
അടക്കം പറച്ചിൽ, പൊട്ടിച്ചിരികൾ...
അപ്പോഴും എന്റെ ചിന്തയിൽ
ഭ്രാന്തിന്റെ പ്രതീകമായി
നീയെന്നിൽ വളർന്നിരിക്കുന്നു....

എങ്കിലും നീയില്ലാത്ത
ജീവിതത്തെ കുറിച്ച്
ഓർക്കാൻ എനിക്ക് സങ്കടമാണ്!

---

കവിത



ശ്രീദേവി മധു

## വെയിൽ മണക്കുമ്പോൾ

എത്രയും വിഷാദപ്പെട്ട്
ഒന്നു ചിരിച്ച്, പിന്നെയും
മൗനത്തിലാണ്ട ഈ പകലാണ് ചേരുക,
പെയ്യാതുറഞ്ഞ
കരിമേഘത്തുണ്ടുകളുരസി
പൊടിയാൻ !

കാലം, തിരശീലയിട്ട്
മറച്ച പൊള്ളൽപ്പാടുകൾ
പറയുന്നുണ്ട്...
ഒറ്റപ്പെടലെന്ന വെയിൽ വട്ടത്തിന്റെ ചൂട്
എന്നെപ്പൊതിഞ്ഞ
ഇരുളിന്റെ മങ്ങലും...
എന്നിട്ടും വേദനിക്കുന്നെനിക്ക്
നിനക്കായി
സിറിഞ്ചുകൾ നിറയ്ക്കുമ്പോൾ ..
തനിച്ചു നീ തേടിയ
തണൽപ്പൂലരികൾ
എത്തിനിൽക്കുന്നല്ലോ
ഈ ചാഞ്ഞ കിടക്കയിൽ !
മുറിവിട്ടുപോരവേ
കണ്ടു ഞാൻ ആശുപത്രിക്കപ്പുറം
സന്ധ്യ കറുത്തിട്ടും
വെയിൽ മണം മാറാതെ നടവഴികൾ

വാരാന്ത്യം

ലേഖനം

# തലപ്പത്ത് നാല് പെണ്ണുങ്ങൾ പക്ഷേ?



ഷിബു ഗോപാലകൃഷ്ണൻ




മുൻനിരയിൽ ഇരിക്കുന്ന പലരും ഇതിനു മുൻപ് ആ കസേരകളിൽ അമർന്നിരുന്ന ആൺപടയോട് കൂറ് പ്രഖ്യാപിച്ചവരാണ്. അവരുടെ നിലപാടുകൾക്കും അതിന്റെ സംസ്ഥാപനത്തിനും നിരുപാധികം കൈയടിച്ചവരും അതിനെതിരെ നേർത്ത ശബ്ദം കൊണ്ടുപോലും അലോസരം ഉണ്ടാക്കാത്തവരുമാണ്. അങ്ങനെ ചെയ്തിരുന്നെങ്കിൽ, അവർക്ക് ഈ കസേരകളിൽ ഇരിക്കാനുള്ള യോഗം ഉണ്ടാകുമായിരുന്നില്ല. അവർ അന്നു പ്രഖ്യാപിച്ച വിശ്വസ്തതയുടെയും കൂറിന്റെയും പിൻബലത്തിൽ കൂടിയാണ് ഈ മുൻനിരയിലെ കസേരകളിൽ വന്നിരിക്കുന്നത്.

എങ്കിലും അവരെ അഭിവാദ്യം ചെയ്യുന്നു. മാറ്റം അങ്ങനെയാണ്, അത് കിലോമീറ്റർ കണക്കിനല്ല സംഭവിക്കുന്നത്, ഇഞ്ചിഞ്ചായി ഉണ്ടായിവരുന്നതാണ്. അസാധ്യമെന്നു കരുതിയിരുന്ന സിംഹാസനങ്ങളെ ഇത്രയെങ്കിലും ഇളക്കിമാറ്റാൻ കഴിഞ്ഞു എന്നതു തന്നെ മാറ്റമാണ്, അതിൽ പഴയ കാലത്തിന്റെ ചരടുകൾ പൊട്ടാതെ കിടക്കുന്നുണ്ടാകാം, എന്നാൽ മാറ്റം, അത് അനുസ്യൂതമാണ്.

അത് ഇവരെയും മറികടക്കും, ഇനിയും കുത്തിയൊലിച്ചു വരും.

ഇവരുടെ ശ്രദ്ധയിലേക്ക് മറ്റൊരു കാര്യം കൂടി.

തലപ്പത്തു നാലുപെണ്ണുങ്ങൾ എന്ന തലക്കെട്ടു കാണുമ്പോൾ തലപ്പത്തു വരാതെ കൂട്ടത്തിൽ പോലുമില്ലാതെ അപ്രത്യക്ഷരായിപ്പോയ പെണ്ണുങ്ങളെ ഓർമ വരുന്നു.

അവർ ഇല്ലായിരുന്നെങ്കിൽ, അവരുടെ ചെറുത്തുനിൽപ്പുകളും വിയോജിപ്പുകളും ഇല്ലായിരുന്നെങ്കിൽ, ഈ നാലുപെണ്ണുങ്ങൾ ഇപ്പോഴും ഇരുന്നിടത്തു തന്നെ ഇരുന്നേനെ. ആണുങ്ങൾ തീരുമാനമെടുക്കുന്ന കമ്മിറ്റിയിൽ ഇരുന്നു കൂട്ടത്തിൽ കൈയടിച്ചേനെ, അവരുടെ പത്രസമ്മേളനങ്ങളുടെ പിന്നാമ്പുറങ്ങളിൽ വന്നുനിന്നു അവരെക്കാൾ ക്രൂരമായ ചിരി ചിരിച്ചേനെ, അനീതിക്കു അകമ്പടി ആയേനെ.

ഇവർ ഇന്നു നടന്നുകയറിയ വഴികളിൽ മറ്റുള്ളവരുടെ ചോരയും കണ്ണീരുമുണ്ട്. സന്ധിയില്ലാത്ത മനുഷ്യർ തോൽക്കുമെന്നുറപ്പിച്ചു നടത്തിയ പോരാട്ടങ്ങൾ ഉണ്ട്, ഇതെല്ലാം അസംഭവ്യം എന്നുകരുതിയ ഒരു കാലത്തു നീതിയുടെ ദിവസം സ്വപ്നം കണ്ട അവരുടെ ഇറങ്ങിപ്പോക്കുകൾ ഉണ്ട്,



തിരോധനങ്ങൾ ഉണ്ട്, അകത്തും പുറത്തും അവർ നടത്തിയ കലഹങ്ങൾ രൂപപ്പെടുത്തിയ അനിവാര്യത ഉണ്ട്.

അവരെ കൂടി ഓർത്തെടുക്കാതെ, അവർക്കു കൂടി കൈയടി നൽകാതെ, നിങ്ങൾക്ക് കടന്നുപോകാനാവില്ല.

പണിക്കത്തി



രാജീവ് പണിക്കർ




'എടാ ഞാനൊരു കാമറ വാങ്ങി'

'ങ്ഹേ.. കാമറയോ? അതിന് അച്ഛന് ഫോട്ടോ എടുക്കാനൊക്കെ ഇഷ്ടാണോ?'

'അതിപ്പോ ആർക്കാ ഇഷ്ടല്ലാത്തത്.'

'എവിടെ? കാണട്ടെ.'

അച്ഛൻ വളരെ സൂക്ഷ്മതയോടെ ഒരു പേപ്പർ കാരി ബാഗ് തുറന്ന് അതിനകത്ത് നിന്നും മറ്റൊരു പ്ലാസ്റ്റിക് പാക്കറ്റ് തുറന്ന് അതിനകത്ത് നിന്നും ഒരു കാർഡ്ബോർഡ് ബോക്സ് എടുത്ത് തുറന്ന് അതിനുള്ളിൽ ബബിൾ പാക്കറ്റിൽ വെച്ചിരിക്കുന്ന മറ്റൊരു കാർഡ്ബോർഡ് പൊതി തുറന്ന് ഒരു കുഞ്ഞു കാമറ പുറത്തെടുത്തു.

ഞങ്ങളുടെ മുഖം ചുളിഞ്ഞു.

'അയ്യേ ഇതാണാ കാമറ?'

'പിന്നേ.. നീ ഏത് കാമറയാണെന്നാ വിചാരിച്ചത്?'

'വല്ല എസ് എൽ ആറും..'

'ങ്ഹാ.. അത് വാങ്ങണ കാശുണ്ടെങ്കിൽ ഇങ്ങനത്തെ മൂന്നെണ്ണം വാങ്ങാം.. ഒന്ന് പോടാ...'

കാര്യം അച്ഛന്റെ കാമറ എനിക്കും അനിയനും ഞങ്ങളുടെ സങ്കൽപ്പത്തിനൊത്തില്ല എങ്കിലും ഞങ്ങളുടെയും ഞങ്ങളുടെ ഫാമിലിയുടെയും യാത്രകളുടെയും ഒന്നുരണ്ടു കുടുംബ ഫങ്ഗ്ഷനുകളുടെയും കുഞ്ഞുങ്ങളുടെയും പൂക്കളുടെയും സംഭവങ്ങളുടെയും തുടങ്ങി ഒട്ടനവധി ഫ്രെയിമബിൾ ആയ ചിത്രങ്ങൾ അച്ഛൻ ആ കാമറ കൊണ്ട് എടുത്തു..

പതിയെപ്പതിയെ കുടുംബത്തിൽ അച്ഛന്റെ കാമറയും ഫോട്ടോ എടുപ്പും ഫെയ്മസ് ആയിത്തുടങ്ങി. വീട്ടിൽ വരുന്ന അതിഥികൾക്കൊക്കെ, ചുവരിൽ വെച്ചിരിക്കുന്ന ചിത്രങ്ങൾ അച്ഛനെടുത്തതാ എന്ന് പറഞ്ഞു ഞങ്ങൾ പരിചയപ്പെടുത്തിത്തുടങ്ങി.

കുറച്ച് നാളുകൾ അങ്ങനെ കഴിഞ്ഞു പോയപ്പോൾ മഹേഷിന്റെ ചാച്ചൻ പറഞ്ഞ പോലെ, സ്വന്തമായി ഫോട്ടോഗ്രാഫി പഠിച്ചതിന്റെ പച്ചപ്പിൽ ആൾ മഴയുടെ വിവിധ ചിത്രങ്ങൾ, ആനയുടെ ചിത്രങ്ങൾ, തെയ്യം ചിത്രങ്ങൾ തുടങ്ങിയവയിൽ തുടങ്ങി ഇടിമിന്നലിന്റെ ചിത്രങ്ങളിൽ വരെ പരീക്ഷണങ്ങൾ നടത്തിത്തുടങ്ങി.

ആ സമയങ്ങളിൽ എനിക്ക് പൊതുവെ ഓഫീസിൽ നൈറ്റ് ഡ്യൂട്ടിയാണ്. ഒരു ദിവസം ഹാഫ് ഡേ എടുത്ത്, വീട്ടിൽ എത്തി ഡ്രെസ്സൊക്കെ മാറി ഞാൻ വീടിനടുത്തുള്ള ഒരു കാവിൽ മുടിയേറ്റ് കാണാൻ പോയി. ഒരു മുഴുവൻ രാത്രി അവതരിപ്പിക്കുന്ന ഒരു അനുഷ്ഠാനകലയാണ് മുടിയേറ്റ്. ദാരികാവധമാണ് പ്രമേയം. 12 മുതൽ 20 വരെ ആളുകളും അത്യാവശ്യം വലിയ ഒരു ഗ്രൗണ്ടും വേണം ഈ കഥ അവതരിപ്പിക്കാൻ. ഞാൻ ചെല്ലുമ്പോഴേക്കും സംഗതി ആരംഭിച്ചിരുന്നു.. അരങ്ങുകേളിയും അരങ്ങുവാഴ്ത്തലും കഴിഞ്ഞ് ദാരികനും ദാരികനെ വധിക്കാൻ കാളിയും പുറപ്പെട്ടു കഴിഞ്ഞു..

അമ്പലത്തിനു മുൻപിലുള്ള തെങ്ങിൻ തോപ്പ് വൃത്തിയാക്കി റേസിംഗ് ഗ്രൗണ്ട് പോലെയാക്കിയിട്ടുണ്ട്. ചെറിയ കുഴികളും മൺ കൂനകളുമായി ഗ്രൗണ്ട് സെറ്റ് ചെയ്തിരിക്കുകയാണ്. ഞാൻ പതിയെ ചുറ്റും കൂടി നിൽക്കുന്ന ആളുകളുടെ ഇടയിലൂടെ മുന്നിലെത്തി ഒരു കോർണർ ചേർന്ന് കാഴ്ചക്കാരനായി നിന്നു.

ഭക്തിപുരസ്സരം ദാരികവധം കാണാൻ നിൽക്കുന്ന ഭക്തജനങ്ങൾ നോക്കി നിൽക്കേ ഗ്രൗണ്ടിന്റെ ഒരു സൈഡിൽ നിന്നും ഒരു അലർച്ചയോടെ ദാരികൻ ഓടി രംഗപ്രവേശം ചെയ്തു. വാളും എടുത്തുകെട്ടുകളുമായി വരുന്ന കാളിയെയും ജനങ്ങൾ ആകാംക്ഷയോടെ കാത്തിരിക്കുകയാണ്. ദാരികനെ വധിക്കാൻ കാളി വരുമ്പോൾ നിറയെ കാണികൾ ഉണ്ടെങ്കിൽ കാളിക്ക് അല്പം ആവേശം കൂടും. പുറകെ ഓടുന്നതിനിടെ കാളി, കാഴ്ചക്കാരുടെ അടുത്തു കൂടെ ഒക്കെ ഓടും. കൈയിൽ വാളും ചോര നിറമുള്ള നാവും ദംഷ്ട്രയും എല്ലാം കാണുമ്പോൾ കുട്ടികൾക്കൊക്കെ പേടിയാകുകയും ചെയ്യും.

അത്രയും നേരം ഒറ്റയ്ക്കെന്ന പോലെ നിന്നിരുന്ന എന്റെ ചുറ്റും ആളുകൾ നിറഞ്ഞു. മുൻപോട്ടുള്ള എന്റെ കാഴ്ച മറഞ്ഞു തുടങ്ങിയപ്പോൾ ഞാൻ എത്തി നോക്കി. ദാരികന്റെ പുറകെ പൊടിപറത്തിക്കൊണ്ട് കാളി വരുന്നുണ്ട്. വലിയ ബഹളങ്ങളൊന്നുമില്ലാതെ വല്ല വിധേനയും ഇത് തീർത്താ മതി എന്ന മട്ടിൽ ഒരു നിമിഷം കൊണ്ട് ദാരികനും കാളിയും എന്നെ ക്രോസ് ചെയ്ത് നീങ്ങിയപ്പോൾ അപ്രതീക്ഷിതമായ ഒരു കാഴ്ച കണ്ട് ഞാൻ ഞെട്ടി.

കൊല്ലാനായി കാളിയും ചാകാതിരിക്കാൻ ദാരികനും ഗ്രൗണ്ടിനുള്ളിൽ തലങ്ങും വിലങ്ങും ഓടി നടക്കുമ്പോൾ മുണ്ടിന്റെ മടക്കിക്കുത്ത് അഴിച്ചു വിട്ടതു കൊണ്ട് ഓട്ടം അല്പം പതുക്കെയായെങ്കിലും കാളിയുടെ നേരെ ചൂണ്ടിയ കാമറയുമായി പുറകെ തന്നെ പിടിക്കുന്ന മറ്റൊരാൾ!

ഒരു റൗണ്ട് കഴിഞ്ഞപ്പോ എനിക്കൊരു സംശയം..

ഇതിപ്പോ ദാരികനെ കാളി ഓടിക്കുവാണോ അതോ കാളിയെ അച്ഛൻ ഓടിക്കുവാണോ അതോ അച്ഛനെ ദാരികൻ ഓടിക്കുവാണോ...

കാളിയാണെങ്കിൽ ഇടയ്ക്കിടയ്ക്ക് തിരിഞ്ഞു നോക്കുന്നുമുണ്ട്!

പണിക്കത്തി അഥവാ പണിക്കരുടെ കത്തി!

# ഗോൾഡൻജൂബിലി സുവനീർ വിതരണോദ്ഘാടനം രാജ്മോഹൻ ഉണ്ണിത്താൻ നിർവഹിച്ചു

ചിക്കാഗോ: ചിക്കാഗോ മലയാളി അസോസിയേഷന്റെ 50-ാം വാർഷികത്തോടനുബന്ധിച്ചുള്ള സുവനീർ വിതരണോദ്ഘാടനം രാജ്മോഹൻ ഉണ്ണിത്താൻ നിർവഹിച്ചു.



**ജോഷി വള്ളിക്കളം**

ചിക്കാഗോ മലയാളി അസോസിയേഷന്റെ 1972 മുതൽ 2022 വരെയുള്ള ചരിത്രം ഉൾക്കൊള്ളുന്ന അതിബൃഹത്തായ ഒരു സുവനീറാണിത്. ഇതിന്റെ ആദ്യകോപ്പി രാജ്മോഹൻ ഉണ്ണിത്താൻ എംപിയിൽ നിന്നും ജോഷി വള്ളിക്കളം (മുൻ പ്രസിഡണ്ട്) സ്വീകരിച്ച് പ്രസിഡണ്ട് ജെസ്സി റിൻസിക്ക് നല്കിക്കൊണ്ടാണ് വിതരണോദ്ഘാടനം നിർവഹിച്ചത്. അസോസിയേഷന്റെ ചരിത്രത്തിൽ ആദ്യമായി ഇറങ്ങുന്ന ഈ സുവനീറിന് അസോസിയേഷൻ അംഗങ്ങളുടെയും മറ്റുള്ളവരുടെയും മുക്തകണ്ഠമായ പ്രശംസ പിടിച്ചുപറ്റി.





പ്രസ്തുത ചടങ്ങിൽ ജെസ്സി റിൻസി (പ്രസിഡണ്ട്), ആൽവിൻ ഷിക്കോർ (സെക്രട്ടറി), മനോജ് അച്ചേട്ട് (ട്രഷറർ), ഫിലിപ്പ് പുത്തൻപുര (വൈസ് പ്രസിഡണ്ട്), ഡോ. സിബിൾ ഫിലിപ്പ് (ജോ. ട്രഷറർ) ബോർഡ് അംഗങ്ങളായ സന്തോഷ് വർഗീസ്, ബിജു മുണ്ടയ്ക്കൽ, ജെയ്സൺ തോമസ് വിൻസന്റ്, സജി തോമസ്, ഷൈനി ഹരിദാസ്, മോനി വർഗീസ്, ഡോ. സൂസൻ ചാക്കോ, ജോൺസൺ കണ്ണൂക്കാടൻ (കൺവൻഷൻ ഫിനാൻസ് ചെയർമാൻ), ജൂബി വള്ളിക്കളം (കൺവൻഷൻ കോ-കൺവീനർ), ജോയി വാച്ചാച്ചിറ (മുൻ പ്രസിഡണ്ട്), തോമസ് മാത്യു (കൺവൻഷൻ എക്സിക്യൂട്ടീവ് അംഗം), ജോർജ് ജോസഫ് കൊട്ടുകാപ്പള്ളി (സുവനീർ കമ്മിറ്റിയംഗം), മോനു വർഗീസ്, മാത്യു ഫിലിപ്പ് (മുൻ പ്രസിഡണ്ട്), തോമസ് കോഴഞ്ചേരി എന്നിവർ സന്നിഹിതരായിരുന്നു. അസോസിയേഷൻ എക്സിക്യൂട്ടീവ് അംഗങ്ങൾക്കും ബോർഡ് അംഗങ്ങൾക്കും മറ്റു ബന്ധപ്പെട്ടവർക്കും സുവനീർ ലഭ്യമാണ്.

ഇതിലേക്കായി ജോഷി വള്ളിക്കളം (മുൻ പ്രസിഡണ്ട്) 312 685 6749 ബന്ധപ്പെടാവുന്നതാണ്.

# ചിക്കാഗോ മലയാളി അസോസിയേഷൻ നാഷണൽ സീനിയേഴ്സ് ഡേ ആഘോഷം ഗംഭീരമായി

**ബിജു മുണ്ടക്കൽ**

ചിക്കാഗോ: ചിക്കാഗോ മലയാളി അസോസിയേഷന്റെ ആഭിമുഖ്യത്തിലുള്ള നാഷണൽ സീനിയേഴ്സ് ഡേ ആഘോഷം 20-ന് ബുധനാഴ്ച വൈകിട്ട് 4 മണിക്ക് മൗണ്ട് പ്രോസ്പെക്ട്സിലുള്ള ചിക്കാഗോ മലയാളി അസോസിയേഷൻ ഹാളിൽ വെച്ച് നടന്നു. കാസർകോട് എംപി രാജ്മോഹൻ ഉണ്ണിത്താൻ പരിപാടി ഉദ്ഘാടനം ചെയ്തു.




മുതിർന്ന അംഗങ്ങളുടെ കലാപരിപാടികൾ, മനോജ് അച്ചേട്ട് നയിച്ച ഡിജിറ്റൽ സ്കിൽസ് ക്ലാസ് എന്നിവ ഉൾപ്പെടെയുള്ള പരിപാടികളാണ് ആഘോഷത്തോടനുബന്ധിച്ച് നടന്നത്. പ്രസിഡണ്ട് ജെസ്സി റിൻസി അദ്ധ്യക്ഷയായിരുന്ന യോഗത്തിൽ മുഖ്യ കോ-ഓർഡിനേറ്ററായ വർഗീസ് തോമസ്, കോ-ഓർഡിനേറ്റർമാരായ ഫിലിപ്പ് ലൂക്കോസ്, തോമസ് വിൻസന്റ് എന്നിവർ സംസാരിച്ചു.

മുതിർന്നവർ നമ്മുടെ സമൂഹത്തിന്റെ വഴികാട്ടികളും ജീവിതാനുഭവങ്ങളുടെ ഭണ്ഡാരങ്ങളും ആണെന്ന് പരിപാടി ഉദ്ഘാടനം ചെയ്തുകൊണ്ട് രാജ്മോഹൻ ഉണ്ണിത്താൻ പറഞ്ഞു.

അവർ നേടിയിട്ടുള്ള അറിവും ജീവിതപാഠങ്ങളും പുതിയ തലമുറയ്ക്ക് ദീപസ്തംഭം പോലെ വഴിതെളിച്ചുകൊണ്ടിരിക്കുന്നു. വിദ്യാർത്ഥിജീവിതത്തിലോ സംഘടനാപരമായ പ്രവർത്തനങ്ങളിലോ സീനിയർമാർ വെറുതെ മുന്നോട്ടു പോയവരല്ല. അവർ നമ്മെ കൈപിടിച്ചുയർത്തുന്ന വഴികാട്ടികളും ഗുരുക്കന്മാരുമാണ്. അവരുടെ അനുഭവങ്ങളിൽ നിന്ന് നമുക്ക് ആത്മവിശ്വാസവും മാർഗ്ഗദർശനവും ലഭിക്കുന്നു.

സീനിയർ ആയിരിക്കുക എന്നത് ഒരു അലങ്കാരമല്ല, അത് ഉത്തരവാദിത്വവും പ്രചോദനവുമാണ്. സ്വന്തം അനുഭവങ്ങൾ പങ്കുവെച്ച് മറ്റുള്ളവരെ മുന്നോട്ടു കൊണ്ടുപോകുമ്പോഴാണ് സീനിയറുകളുടെ മഹത്വം പൂർത്തിയാകുന്നത്. ഈ സീനിയേഴ്സ് ഡേയിൽ എല്ലാ സീനിയർമാർക്കും ഹൃദയംനിറഞ്ഞ ആശംസകൾ അർപ്പിക്കുന്നു എന്ന് തന്റെ ദീർഘമായ പ്രസംഗത്തിൽ അദ്ദേഹം പറഞ്ഞു.

മലയാളി അസോസിയേഷന്റെ ഒരു അഭിമാന പ്രൊജക്ടായ മലയാളി സെൻസസ് 2025 രാജ്മോഹൻ ഉണ്ണിത്താൻ ഉദ്ഘാടനം ചെയ്തു.

പ്രോജക്ടിന്റെ വിശദവിവരങ്ങൾ പിന്നീട് പ്രഖ്യാപിക്കുമെന്ന് പ്രസിഡണ്ട് ജെസ്സി റിൻസി യോഗത്തെ അറിയിച്ചു.

പങ്കെടുത്തവർക്കെല്ലാം അവിസ്മരണീയ അനുഭവമായി ഇത്തവണത്തെ സീനിയേഴ്സ് ഡേ.

# സൗത്ത് ഫ്ളോറിഡയിലെ സെ. മേരീസ് യാക്കോബായ ദേവാലയത്തിൽ എട്ടുനോമ്പ് കൺവൻഷനും മൂന്നിന്മേൽ കുർബാനയും

സൗത്ത് ഫ്ളോറിഡ: സൗത്ത് ഫ്ളോറിഡയിലെ സെ. മേരീസ് യാക്കോബായ ദേവാലയത്തിൽ എട്ടുനോമ്പ് ഈ വർഷം ഓഗസ്റ്റ് 31 മുതൽ സെപ്റ്റംബർ 7 വരെ വളരെ ഭക്തിയോടും പ്രാർത്ഥനയോടും കൂടി ആചരിക്കുകയാണ്.

എല്ലാദിവസവും വൈകിട്ട് 6 മണിക്ക് സന്ധ്യാപ്രാർത്ഥനയും തുടർന്ന് മദ്ധ്യസ്ഥ പ്രാർത്ഥനയും കൺവൻഷൻ പ്രസംഗവും ഉണ്ടായിരിക്കും.

അവസാന പെരുന്നാൾ ദിവസം സെപ്റ്റംബർ 7-ന് ഞായറാഴ്ച വൈകിട്ട് 5.30-ന് വിശുദ്ധ മൂന്നിന്മേൽ കുർബാനയും റാസയും നേർച്ച വിളമ്പോടു കൂടി സമാപിക്കും.

ഈ വർഷത്തെ എട്ടുനോമ്പിൽ സമീപ ഇടവകകളായ സെന്റ് മേരീസ് ക്നാനായ ഇടവകയും സെ. മേരീസ് മലങ്കര കത്തോലിക്കാ ഇടവകയുടെയും സഹകരണത്തോടെയാണ് നടത്തപ്പെടുന്നത്.

പരിശുദ്ധ മാതാവിന്റെ മദ്ധ്യസ്ഥതയിൽ അഭയപ്പെടുവാൻ എല്ലാവരെയും സ്വാഗതം ചെയ്യുന്നു.

റവ.ഫാ. ഡോ. ജോസഫ് വർഗീസ്, വികാരി

# സാൻ ഹൊസെയിൽ തിരുനാൾ ഭക്തിനിർഭരമായി കൊണ്ടാടി

**അമോൽ ചെറുകര**

കാലിഫോർണിയ: അമേരിക്കയിലെ കാലിഫോർണിയ സംസ്ഥാനത്തെ പ്രശസ്തമായ സിലിക്കൺ വാലിയിൽപ്പെട്ട സാൻ ഹൊസെ സെന്റ് മേരീസ് ക്നാനായ കത്തോലിക്കാ ഫൊറോന പള്ളിയിൽ പരിശുദ്ധ കന്യകാമറിയത്തിന്റെ തിരുനാൾ ഭക്തിനിർഭരമായി ആഘോഷിച്ചു.

ഓഗസ്റ്റ് 7, 8, 9, 10 തീയതികളിലായിരുന്നു തിരുനാൾ ആഘോഷങ്ങൾ. തിരുനാളിന്റെ ആദ്യദിനമായ ഓഗസ്റ്റ് 7-ന് മരിച്ചവരുടെ ഓർമ്മദിവസത്തോടനുബന്ധിച്ച് വിശുദ്ധ കുർബാനയും ഒപ്പീസും നടത്തി. ഓഗസ്റ്റ് 8-ന് പ്രസുദേന്തി വാഴ്ചയും കൊടിയേറ്റും തുടർന്ന് ഫാ. ബിനോയ് നാരമംഗലത്ത്, ഫാ. റെജി തണ്ടാശ്ശേരിൽ എന്നിവരുടെ കാർമ്മികത്വത്തിൽ വിശുദ്ധ കുർബാനയും അർപ്പിച്ചു.

ഓഗസ്റ്റ് 9-ന് വൈകിട്ട് ക്നാനായ റീജിയൻ ഡയറക്ടർ റവ.ഫാ. തോമസ് മുളവനാലിന്റെ നേതൃത്വത്തിൽ ലദീഞ്ഞും വിശുദ്ധ കുർബാനയും നടന്നു. ഫാ. ജോസ് തറയ്ക്കൽ കുർബാന മദ്ധ്യേ തിരുനാൾ സന്ദേശവും തിരുനാൾ മംഗളങ്ങളും നേർന്നു. പള്ളിയിലെ കർമ്മങ്ങൾക്കുശേഷം പള്ളി ഹാളിൽ സ്നേഹവിരുന്നും ഇടവകയിലെ കലാകാരന്മാരും കലാകാരികളും ചേർന്ന് അവതരിപ്പിച്ച കലാസന്ധ്യയും അരങ്ങേറി. ഈ കലാസന്ധ്യയ്ക്ക് നേതൃത്വം വഹിച്ചത് പ്രോഗ്രാം കോ-ഓർഡിനേറ്റർ ആയ ശ്രീമതി സുനു ഓണശ്ശേരിയാണ്.

മുഖ്യതിരുനാൾ ദിവസമായ ഓഗസ്റ്റ് 10-ന് ആഘോഷപൂർവമായ റാസ കുർബാന നടന്നു. ഫാ. ജോസ് തറയ്ക്കൽ, ഫാ. തോമസ് മുളവനാൽ, ഫാ. സാജു ജോസഫ്, ഫാ. ആൻസൺ ഒഎഫ്എം, ഇടവക വികാരി ഫാ. ജെമി പുതുശ്ശേരിൽ എന്നിവരായിരുന്നു കാർമ്മികത്വം വഹിച്ചത്. കുർബാന മധ്യേ ഫാ. തോമസ് മുളവനാൽ തിരുനാൾ സന്ദേശം നല്കി. കുർബാനയ്ക്കുശേഷം ചെണ്ടമേളത്തോടു കൂടി ആഘോഷപരമായ പ്രദക്ഷിണം നടന്നു. നാട്ടിലെ പെരുന്നാളുകളെ ഓർമ്മപ്പെടുത്തുംവിധം യുവജനവേദിയും കെസിവൈഎൽ, സിഎംഎൽ കുട്ടികളും പലതരം സ്റ്റാളുകൾ സജ്ജീകരിച്ചിരുന്നു. സ്നേഹവിരുന്നിനിടയിൽ തിരുനാൾ മംഗളകരമായി നടത്തുവാൻ സഹായിച്ച ഇടവകാംഗങ്ങൾക്കൊപ്പം ഈ തിരുനാളിൽ സംബന്ധിച്ച എല്ലാ മലയാളി സമൂഹത്തോടുമുള്ള നന്ദിയും സ്നേഹവും ഇടവക വികാരി ഫാ. ജെമി പുതുശ്ശേരി രേഖപ്പെടുത്തി. ഈ തിരുനാൾ ഇത്രയും ഭംഗിയായി ഏറ്റെടുത്തു നടത്തിയ പ്രസുദേന്തി ജോർജ് ആൻഡ് അൽഫോൻസ് ചെറുകരയെ അഭിനന്ദിക്കുകയും നന്ദി രേഖപ്പെടുത്തുകയും ചെയ്തു.

ഇടവകയിലെ കൈക്കാരന്മാരായ ജോസ് മാമ്പള്ളിൽ, റോബിൻ ഇലഞ്ഞിക്കൽ, ഗോഡ്സൺ ആകശാല, പാരിഷ് സെക്രട്ടറി താര മാവേലി, പാരിഷ് കൗൺസിൽ മെംബേഴ്സ്, വോളണ്ടിയേഴ്സ്, കെസിസിഎൻസി എക്സിക്യൂട്ടീവ്, സിസിഡി ടീച്ചേഴ്സ്, സാക്രിസ്റ്റൻസ് എന്നിവരും ഈ തിരുനാളിനു നേതൃത്വം നല്കി.

കുർബാനയ്ക്കുശേഷം നന്ദി പ്രസംഗത്തിൽ ഈ തിരുനാൾ ഭംഗിയായി നടത്തപ്പെടുവാൻ കാരണക്കാരായ എല്ലാവരോടും പ്രസുദേന്തി ജോർജ് ആൻഡ് അൽഫോൻസ് ചെറുകര എല്ലാവിധ നന്ദി അറിയിച്ചു. കലാസന്ധ്യയ്ക്കു നേതൃത്വം നല്കിയ സുനു ഓണശ്ശേരിയെ പ്രത്യേകമായി അഭിനന്ദിച്ചു.







പ്രസുദേന്തി ജോർജ് ആൻഡ് അൽഫോൻസ് ചെറുകര ഫാമിലി

# പാസ്റ്റർ ഏബ്രഹാം സാമുവേൽ സുവിശേഷകർക്ക് മാതൃക: സെനറ്റർ ജോ പിക്കോസി

**സിബിൻ മുല്ലപ്പള്ളി**

ഫിലാഡൽഫിയ: ജനങ്ങളെ ക്രിസ്തുവിലേക്ക് നയിക്കാൻ ത്യാഗവും സമർപ്പണവും മുഖമുദ്രയാക്കിയ പാസ്റ്റർ ഏബ്രഹാം സാമുവേലിന്റെ ജീവിതം സുവിശേഷകർക്ക് മാതൃകയാണെന്ന് പെൻസിൽവാനിയ സെനറ്റർ ജോ പിക്കോസി.

അമേരിക്കയിലെ ആദ്യ മലയാളി സഭയായ ന്യൂയോർക്ക് ഇന്ത്യാ ക്രിസ്ത്യൻ അസംബ്ലിയുടെ പ്രാരംഭ പ്രവർത്തകനും ന്യൂയോർക്ക് പെന്തെകോസ്തൽ അസംബ്ലിയുടെ സ്ഥാപകനുമായ പാസ്റ്റർ ഏബ്രഹാം സാമുവേലിന്റെ 90-ാമത് ജന്മദിന പരിപാടിയിൽ പുരസ്കാരം നല്കി ആദരിച്ചു സംസാരിക്കുകയായിരുന്നു സെനറ്റർ.

അദ്ധ്യക്ഷത വഹിച്ച ഐ.പി.സി. അരുണാചൽപ്രദേശ് സ്റ്റേറ്റ് പ്രസിഡണ്ട് ഡോ. ആൽവിൻ ഡേവിഡ്, പാസ്റ്റർ ഏബ്രഹാം സാമുവേലിന്റെ സഭാ പ്രവർത്തനങ്ങൾ അനുസ്മരിച്ചു.

ആത്മനിറവോടെയുള്ള ആത്മീയശുശ്രൂഷകളിലൂടെ കുടുംബങ്ങളുടെ ആത്മീക ഉന്നമനത്തിനു സഹായിച്ച പാസ്റ്റർ ഏബ്രഹാം സാമുവേൽ തന്റെ ജീവിതം തന്നെ സന്ദേശമാക്കിയെന്ന് ഐപിസി ജനറൽ പ്രെസ്ബിറ്റർ പാസ്റ്റർ വർഗീസ് മത്തായി മുഖ്യപ്രഭാഷണത്തിൽ പറഞ്ഞു.

പാസ്റ്റർമാരായ തോമസ് ഏബ്രഹാം, ചെറിയാൻ പി. ചെറിയാൻ, ബേബി ഡാനിയേൽ, ജോസഫ് മാത്യു, പി.സി ചാണ്ടി, ജോൺ തോമസ്, രഞ്ജൻ ഫിലിപ്പ്, സണ്ണി മാത്യു, സാമുവേൽ അലക്സാണ്ടർ, ജോർജ് കോശി, ജെയിംസ് ഏബ്രഹാം, ഡോ. കോശി വൈദ്യൻ എന്നിവരും മാത്യു സക്കറിയ, ജോർജുകുട്ടി ഡാനിയേൽ, ബെഞ്ചമിൻ തോമസ്, ജോൺ ചെറിയാൻ, മാത്യു പെരുമാൾ, അനിഷ വർഗീസ്, ശലോമി ചാണ്ടി, ഷിനു വർഗീസ്, സൂസമ്മ ഏബ്രഹാം എന്നിവരും ആശംസാപ്രസംഗങ്ങൾ നടത്തി.

സ്റ്റാൻലി ജോർജ് സ്വാഗതവും സജി തട്ടയിൽ കൃതജ്ഞതയും പറഞ്ഞു.



സെനറ്റർ ജോ പിക്കോസി പാസ്റ്റർ ഏബ്രഹാം സാമുവേലിന് പുരസ്കാരം നല്കി ആദരിക്കുന്നു.

# റോട്ടറി ക്ലബ് ഓഫ് നൈൽസ് പുതിയ ഭാരവാഹികളുടെ സ്ഥാനാരോഹണവും പ്രോജക്ട് ഉദ്ഘാടനവും

ചിക്കാഗോ: റോട്ടറി ഇന്റർനാഷണലിന്റെ ഭാഗമായ നൈൽസ് റോട്ടറി ക്ലബിന്റെ 2025-26 വർഷത്തെ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ സ്ഥാനാരോഹണ ചടങ്ങും പ്രോജക്ട് ഉദ്ഘാടനവും ഡെസ്പ്ലെയിൻസ് ക്ലബ് കാസയിൽ വെച്ച് നടന്നു. റോട്ടറി ഗവർണർ മെർലിൻ ഫ്രസ്ബി, മുൻ ഗവർണർമാരായ റോഡ്നി ആദംസ്, ലൈൽ സ്റ്റാബ് എന്നിവരുടെ മേൽനോട്ടത്തിലായിരുന്നു ചടങ്ങുകൾ.

പുതിയ ഭാരവാഹികൾ: ജിജോ വർഗീസ് (പ്രസിഡണ്ട്), ഡോ. അലക്സ് കെ. ജോസഫ് (സെക്രട്ടറി), ഷിബു പീറ്റർ വെട്ടുകല്ലേൽ (എക്സിക്യൂട്ടീവ് സെക്രട്ടറി), സിബി കുരുവിള (വൈസ് പ്രസിഡണ്ട്), ബോബി ജേക്കബ് (ട്രഷറർ). കൂടാതെ ഈ വർഷത്തെ വിവിധ കമ്മ്യൂണിറ്റി സർവീസ് പദ്ധതികളുടെ ഉദ്ഘാടനവും നടത്തി. 2018-ൽ മലയാളികൾക്ക് മാത്രമായി ആരംഭിച്ച നൈൽസ് ക്ലബ് ജനോപകാരപ്രദമായ വിവിധ പദ്ധതികളാണ് റോട്ടറി ഇന്റർനാഷണലിന്റെ സഹകരണത്തോടെ കേരളത്തിൽ നടത്തിക്കൊണ്ടിരിക്കുന്നതെന്ന് ജിജോ വർഗീസ്, ഷിബു പീറ്റർ വെട്ടുകല്ലേൽ, ഡോ. അലക്സ് കെ. ജോസഫ്, ബോബി ജേക്കബ്, സിബി കുരുവിള, നൈനാൻ തോമസ്, സിറിയക് പുത്തൻപുരയിൽ, അലക്സ് മുല്ലപ്പിള്ളിൽ, ജോസഫ് റോയ് ചേലമലയിൽ തുടങ്ങിയവർ പറഞ്ഞു.


ജിജോ വർഗീസ് (പ്രസിഡണ്ട്)


ഡോ. അലക്സ് കെ. ജോസഫ് (സെക്രട്ടറി)


ഷിബു പീറ്റർ വെട്ടുകല്ലേൽ (എക്സിക്യൂട്ടീവ് സെക്രട്ടറി)


സിബി കുരുവിള (വൈസ് പ്രസിഡണ്ട്)



ബോബി ജേക്കബ് (ട്രഷറർ)



# സ്വരാജ് പോൾ അന്തരിച്ചു

ന്യൂഡൽഹി: യുകെയിലെ പ്രമുഖ വ്യവസായിയും ജീവകാരുണ്യ പ്രവർത്തകനുമായ ലോർഡ് സ്വരാജ് പോൾ (94) അന്തരിച്ചു. ഓഗസ്റ്റ് 21-ന് വ്യാഴാഴ്ച വൈകുന്നേരം ലണ്ടനിലായിരുന്നു അന്ത്യം. യുകെ ആസ്ഥാനമായി പ്രവർത്തിക്കുന്ന കാപാറോ ഗ്രൂപ്പ് ഓഫ് കമ്പനീസിന്റെ സ്ഥാപകനാണ്. ബ്രിട്ടൻ, പ്രഭു പദവി നല്കി സ്വരാജ് പോളിനെ ആദരിച്ചു. പഞ്ചാബിലെ ജലന്ധറിൽ 1931 ഫെബ്രുവരി 18-നാണ് സ്വരാജ് പോൾ ജനിച്ചത്. പഞ്ചാബ് യൂണിവേഴ്സിറ്റിയിൽനിന്നു ബിരുദം നേടിയ സ്വരാജ് പോൾ മാസാച്ചുസെറ്റ്സ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി (എംഐറ്റി) യിൽ നിന്നു മെക്കാനിക്കൽ എൻജിനിയറിംഗിൽ മാസ്റ്റേഴ്സ് ബിരുദം നേടി. തുടർന്ന് ഇന്ത്യയിൽ മടങ്ങിയെത്തിയ സ്വരാജ് പോൾ കുടുംബ ബിസിനസിൽ ശ്രദ്ധ കേന്ദ്രീകരിച്ചു.

1996-ൽ മകൾ അംബികയുടെ ചികിത്സാർഥം യുകെയിലെത്തി. എന്നാൽ, ലുക്കീമിയ ബാധിതയായ മകൾ നാലാം വയസ്സിൽ മരിച്ചു. തുടർന്ന് അംബിക പോൾ ഫൗണ്ടേഷൻ എന്ന ചാരിറ്റബിൾ ട്രസ്റ്റ് സ്വരാജ് പോൾ ആരംഭിച്ചു. ലക്ഷക്കണക്കിനു കുട്ടികൾക്കും ചെറുപ്പക്കാർക്കും അംബിക പോൾ ഫൗണ്ടേഷൻ വഴി സഹായം ലഭിച്ചു. 1968-ൽ കാപാറോ എന്ന സ്റ്റീൽ കമ്പനിക്കു തുടക്കം കുറിച്ചു. നിലവിൽ 100 കോടി ഡോളർ ടേണോവറുള്ള കമ്പനിയാണ് കാപാറോ. മക്കളായ അംബർ, ആകാശ്, അഞ്ജലി പോൾ എന്നിവരാണു ബിസിനസ് നടത്തിവരുന്നത്. 2015-ൽ മകൻ അംഗദ്



പോലും 2022-ൽ സ്വരാജ് പോളിന്റെ ഭാര്യ അരുണയും അന്തരിച്ചു. ഇവരുടെ സ്മരണയ്ക്കായി സ്വരാജ് പോൾ ധാരാളം സേവനങ്ങൾ ചെയ്തുവരുന്നു. ഭാര്യയുടെ മരണശേഷം അംബിക പോൾ എന്നാണ് ഫൗണ്ടേഷന്റെ പേര്.

സൺഡേ ടൈംസിന്റെ സമ്പന്നപട്ടികയിൽ സ്ഥിരമായി ഇടം നേടുന്നയാളാണ് സ്വരാജ് പോൾ. ഈ വർഷം 81-ാം സ്ഥാനമായിരുന്നു ഇദ്ദേഹത്തിന്.

# അമേരിക്കൻ-കൊച്ചിൻ കൂട്ടായ്മ

ചിക്കാഗോ: അലുംമ്നി അസോസിയേഷൻ ഓഫ് സേക്രഡ് ഹാർട്ട് കോളജ് ആൻഡ് അമേരിക്കൻ-കൊച്ചിൻ ക്ലബ് ചിക്കാഗോ സംയുക്തമായി സംഘടിപ്പിക്കുന്ന അമേരിക്കൻ-കൊച്ചിൻ കൂട്ടായ്മയിലേക്ക് സ്വാഗതം.

**Chief Guest:** Fr. Johnson (Prasant) Palakkappillil (Former Principal of S.H. College Thevara, Cochin)

**Date:** Sunday Sept. 7, 2025 at 4 PM

**Venue:** Four Points Sheraton, 2200 South Elmhurst Road, Mount Prospect, Illinois

**For Information Contact:**

Herald Figueiredo-President
630-400-4744,
Allen George-Secretary
331-262-1301.
Applicate Your Rsvp to cell # 630-400-1172.

# പരീക്ഷണം വിജയം

(ഒന്നാം പേജിൽ നിന്നും)

റഡാറുകൾ എന്നിവയുൾപ്പെടെ പ്രതിരോധ സംവിധാനത്തിന്റെ എല്ലാ ഭാഗങ്ങളും കൃത്യമായി പ്രവർത്തിച്ചതായി ഡിആർഡിഒ വ്യക്തമാക്കി. ഐഎഡിഡബ്ല്യുഎസിൽ ഉപയോഗിച്ചിരിക്കുന്ന മിക്ക സംവിധാനങ്ങളും ഇന്ത്യ തദ്ദേശീയമായി വികസിപ്പിച്ചവയാണ്. ഓപ്പറേഷൻ സിന്ദൂറിനു പിന്നാലെ ഇന്ത്യയുടെ വ്യോമപ്രതിരോധ സംവിധാനമടക്കം ശക്തിപ്പെടുത്തുന്നതിനുള്ള ശ്രമങ്ങൾ ആരംഭിച്ചിരുന്നു. പാകിസ്ഥാന്റെ ഡ്രോൺ ആക്രമണത്തെ ഇന്ത്യയുടെ വ്യോമപ്രതിരോധ സംവിധാനങ്ങൾ ഉപയോഗിച്ച് പൂർണമായും ചെറുത്തത് ഈ മേഖലയിലെ ഇന്ത്യയുടെ നേട്ടമാണു വ്യക്തമാക്കിയത്. ഐഎഡിഡബ്ല്യുഎസ് സേനയുടെ ഭാഗമാകുന്നതോടെ വ്യോമപ്രതിരോധ മേഖലയിൽ ഇന്ത്യ കൂടുതൽ ശക്തമാകും.

# ഓണം: സാമൂഹിക-സാംസ്കാരിക കുടുംബോത്സവം


ആൻഡ്രൂസ് അഞ്ചേരി

കേരളത്തിന്റെ സ്വന്തം മഹോത്സവമായ ഓണം, മലയാളിയുടെ മനസ്സിൽ മാത്രം അല്ല, ജീവിതത്തിന്റെ എല്ലാ തലങ്ങളിലും ഒരു പുതുചൈതന്യം നിറക്കുന്ന കാലഘട്ടമാണ്. പുരാണങ്ങളിലെ കഥകൾക്കതീതമായി, ഇന്നത്തെ സമൂഹം ഓണത്തെ കുടുംബ സംഗമത്തിന്റെ ഉത്സവം, വിളവെടുപ്പിന്റെ സന്തോഷം, പങ്കിടലിന്റെ മഹിമ, ഐക്യത്തിന്റെയും സ്നേഹത്തിന്റെയും പ്രതീകം എന്ന നിലയിലാണ് സ്വീകരിക്കുന്നത്.

**മതത്തിനതീതമായ ഐക്യത്തിന്റെ തിരുനാൾ:** ഓണത്തിന്റെ പ്രത്യേകത, അത് ഒരു പ്രത്യേക മതത്തിന്റെ പരിധിയിലൊതുങ്ങുന്നില്ലെന്നതാണ്. ജാതിമത ഭേദമന്യേ എല്ലാവരും ഒരുമിച്ചു കൊണ്ടാടുന്ന ദേശീയോത്സവമാണ് ഓണം. പൂക്കളങ്ങളും വാഴയില സദ്യയും വള്ളംകളിയും പാട്ടും കളിയും ചേർന്ന്, കേരളത്തിന്റെ സാംസ്കാരിക സമ്പത്തിന്റെയും മതേതര മൂല്യങ്ങളുടെയും മഹിമ ലോകത്തിന് മുന്നിൽ തെളിയിക്കുന്നു.

**വിളവെടുപ്പിന്റെ നന്ദിയും പങ്കിടലും:** ഓണം, പ്രകൃതിയോടുള്ള നന്ദിയും സമൃദ്ധിയുടെ ആഘോഷവും കൂടിയാണ്. പുതിയ വിളവിനോടൊപ്പം പങ്കിടൽ, ദാനം, സൗഹൃദം എന്നീ മൂല്യങ്ങൾ തലമുറകളിലൂടെ കൈമാറപ്പെടുന്നു. കുടുംബങ്ങൾ ഒന്നിച്ച് കൂടുകയും നാട്ടിൻപുറത്തിന്റെ ഓർമ്മകൾ പുതുക്കുകയും സമൂഹബന്ധങ്ങൾ ശക്തിപ്പെടുത്തുകയും ചെയ്യുന്നൊരു കാലഘട്ടം കൂടിയാണ് ഇത്.

**കേരളീയ സംസ്കാരത്തിന്റെ അടയാളം:** ഓണം ഇന്ന് കേരളീയരുടെ സാംസ്കാരിക തിരിച്ചറിവിന്റെ പ്രതീകമാണ്. കലയും സാഹിത്യവും സംഗീതവും ഭക്ഷണവും ഓണത്തിലൂടെ പുതുചൈതന്യം പ്രാപിക്കുന്നു. കേരളീയ ജീവിതത്തിന്റെ ഐക്യം, ഭംഗി, സന്തോഷം ഒന്നിച്ചു ചേരുന്ന ദിനങ്ങൾ ഓണം നമ്മെ അനുഭവിപ്പിക്കുന്നു.

**നിഗമനം:** ഓണം കേരളീയരുടെ ജീവിതാഘോഷം തന്നെയാണ്. മതത്തിനും വിഭാഗങ്ങൾക്കും അതീതമായി, സാമൂഹിക-സാംസ്കാരിക-കുടുംബോത്സവം എന്ന നിലയിലാണ് അത് ഇന്ന് നമ്മുടെ മുന്നിൽ നിലകൊള്ളുന്നത്. ഒരുമയുടെ വിളംബരം മുഴക്കുന്ന ഈ ഉത്സവം, മലയാളി ഹൃദയത്തിൽ എന്നും പുതുമ നിറച്ചുകൊണ്ടിരിക്കും.

# യാക്കോബായ സുറിയാനി സഭയ്ക്ക് ഷാർലറ്റിൽ പുതിയ ദേവാലയം

**വർഗീസ് പാലമലയിൽ**

നോർത്ത് കരോലിന: ഷാർലറ്റിൽ പുതുതായി സ്ഥാപിതമായ സെ. ജോർജ് യാക്കോബായ സുറിയാനി പള്ളിയുടെ കൂദാശാകർമ്മം ഓഗസ്റ്റ് 8, 9 (വെള്ളി, ശനി) തീയതികളിൽ അമേരിക്കൻ മലങ്കര അതിഭദ്രാസന മെത്രാപ്പോലീത്ത അഭിവന്ദ്യ യെൽദോ മോർ തീത്തോസ് തിരുമേനി നിർവഹിച്ചു. 8-ന് വെള്ളിയാഴ്ച ഷാർലറ്റിൽ എത്തിച്ചേർന്ന അഭിവന്ദ്യ തിരുമേനിക്ക് പള്ളി വികാരി റവ.ഫാ. കുര്യാക്കോസ് പുന്നച്ചാലിലും പള്ളി ഭരണസമിതി അംഗങ്ങളും വിശ്വാസികളും ചേർന്ന് ഊഷ്മളമായ സ്വീകരണം നല്കി. തുടർന്ന് സന്ധ്യാപ്രാർത്ഥനാനന്തരം പുതിയ ദേവാലയത്തിന്റെ ശിലാസ്ഥാപനകർമ്മവും പള്ളി കൂദാശയുടെ ഒന്നാം ഭാഗവും നടന്നു.







തദവസരത്തിൽ സിറ്റി മേയർ റിച്ചാർഡ് ഫ്രാങ്ക്സ്, വാർഡ് കൗൺസിൽ മെംബർമാരായ ഡോണിയേൽ ബാർബർ, ഡിമിട്രി എന്നിവരും ഫയർ ഡിപ്പാർട്ടുമെന്റ് മേലധികാരികളായ ഹണ്ട് റോബർട്ട്, ചാൾസ് എന്നിവരും വന്ദ്യ കോർ എപ്പിസ്കോപ്പമാരായ മാത്യു തോമസ് ഇടത്തറയും ജോസഫ് സി. ജോസഫും വൈദികരായ റവ.ഫാ. ബേസിൽ ഏബ്രഹാം, റവ.ഫാ. ജോസഫ് കുളത്തറമണ്ണിൽ, റവ.ഫാ. ഡോ. തോമസ് ഫിലിപ്പ്, റവ.ഫാ. ജെയിംസ് ഏബ്രഹാം എന്നിവരും സന്നിഹിതരായിരുന്നു.

9-ന് ശനിയാഴ്ച അഭിവന്ദ്യ തിരുമേനിയുടെ പ്രധാന കാർമ്മികത്വത്തിലും വന്ദ്യ കോർ എപ്പിസ്കോപ്പമാരുടെയും വൈദികരുടെയും സഹകാർമ്മികത്വത്തിലും പള്ളി കൂദാശയുടെ രണ്ടാം ഭാഗമായ വിശുദ്ധ മൂറോൻ കൂദാശയും തുടർന്നു നടന്ന വിശുദ്ധ കുർബാനയോടും കൂടി കൂദാശാകർമ്മ പരിപാടികൾ പര്യവസാനിച്ചു.

തദവസരത്തിൽ മുൻ വികാരിമാരായ വന്ദ്യ കോർ എപ്പിസ്കോപ്പ മാത്യു തോമസ് ഇടത്തറയേയും റവ,ഫാ. ജെയിംസ് ഏബ്രാഹത്തിനേയും ആദരിച്ചു.

പള്ളി കൂദാശയോടനുബന്ധിച്ച് നടന്ന റാഫിൾ ടിക്കറ്റ് നറുക്കെടുപ്പിൽ ഒന്നാം സമ്മാനമായ 2500 ഡോളർ ഷാർലറ്റിൽ നിന്നുള്ള ജെയിംസ് ജോസഫും രണ്ടാം സമ്മാനമായ 1500 ഡോളർ ലിനിൻ ബ്രൂക്ക് സെ. മേരീസ് ഇടവകാംഗമായ ജോജി കുര്യാക്കോസിനും മൂന്നാം സമ്മാനമായ 1000 ഡോളർ ഷാർലറ്റിൽ നിന്നുള്ള ക്രിസ് തോമസിനും ലഭിച്ചു.

പള്ളി വികാരി റവ.ഫാ. കുര്യാക്കോസ് പുന്നച്ചാലിൽ, സെക്രട്ടറി ഷാജി പീറ്റർ, ട്രസ്റ്റി രൂബേൻ മാത്യു എന്നിവർ പരിപാടികൾക്ക് നേതൃത്വം നല്കി.

# ചിക്കാഗോ സോഷ്യൽ ക്ലബ് അന്താരാഷ്ട്ര വടംവലി മത്സരത്തിൽ ബിജു കെ. സ്റ്റീഫനും ലക്ഷ്മി ജയനും അതിഥികൾ

**ജോസ് കണിയാലി**

ചിക്കാഗോ: ആഗസ്റ്റ് 31-ാം തീയതി ഞായറാഴ്ച ചിക്കാഗോ സോഷ്യൽ ക്ലബിന്റെ നേതൃത്വത്തിൽ നടത്തപ്പെടുന്ന 11-ാമത് അന്താരാഷ്ട്ര വടംവലി മത്സരത്തിൽ കേരള സിവിൽ സപ്ലൈസ് കോർപ്പറേഷൻ വിജിലൻസ് ഓഫീസർ ബിജു കെ. സ്റ്റീഫനും സുപ്രസിദ്ധ കലാകാരിയും പിന്നണി ഗായികയുമായ ലക്ഷ്മി ജയനും അതിഥികളായി പങ്കെടുക്കുമെന്ന് ചിക്കാഗോ സോഷ്യൽ ക്ലബ് പ്രസിഡണ്ട് റൊണാൾഡ് പൂക്കുമ്പേൽ, വൈസ് പ്രസിഡണ്ട് സണ്ണി ഇണ്ടിക്കുഴി, ടൂർണമെന്റ് ചെയർമാൻ സിറിയക് കൂവക്കാട്ടിൽ എന്നിവർ അറിയിച്ചു.





കൂടാതെ രാഹുൽ മാങ്കൂട്ടത്തിൽ എംഎൽഎ. അഡ്വ. മോൻസ് ജോസഫ് എംഎൽഎ, മാണി സി. കാപ്പൻ എംഎൽഎ എന്നിവരും ഈ വർഷത്തെ വടംവലി മത്സരത്തിൽ അതിഥികളായിരിക്കുമെന്ന് ഭാരവാഹികൾ പറഞ്ഞു.

ഇടുക്കി ക്രൈംബ്രാഞ്ച് എസ്.പിയായി പ്രവർത്തിച്ചുവരുമ്പോഴാണ് കേരള സിവിൽ സപ്ലൈസ് വിജിലൻസ് ഓഫീസറായി ബിജു കെ. സ്റ്റീഫൻ നിയമിതനാകുന്നത്. 2012-ൽ വിശിഷ്ട സേവനത്തിനുള്ള മുഖ്യമന്ത്രിയുടെ പോലീസ് മെഡലിന് ഇദ്ദേഹം അർഹനായിട്ടുണ്ട്.

വെള്ളൂർ സ്വദേശിയായ ബിജു കെ. സ്റ്റീഫന് കുറ്റാന്വേഷണ മികവിനുള്ള 'ബാഡ്ജ് ഓഫ് ഓണർ' രണ്ട് പ്രാവശ്യം ലഭിച്ചിട്ടുണ്ട്. വടംവലി മത്സരത്തോടനുബന്ധിച്ച് നടത്തപ്പെടുന്ന ഇൻഡ്യാ ഫുഡ്ഫെസ്റ്റിവൽ ബിജു കെ. സ്റ്റീഫൻ ഉദ്ഘാടനം ചെയ്യുമെന്ന് പ്രസിഡണ്ട് റൊണാൾഡ് പൂക്കുമ്പേൽ പറഞ്ഞു.

പ്രശസ്ത കലാകാരിയും പിന്നണി ഗായികയുമായ ലക്ഷ്മി ജയൻ അറിയപ്പെടുന്ന വയലിനിസ്റ്റ് കൂടിയാണ്. ഏഷ്യാനെറ്റിലെ മുൻ അവതാരകയായ ലക്ഷ്മി ജയൻ ഏഷ്യാനെറ്റ് കേബിൾവിഷൻ, കൈരളി വി എന്നിവയിൽ അവതാരക ആയി പ്രവർത്തിക്കുന്നു.

മെയിൽ ആൻഡ് ഫീമെയിൽ വോയ്സ് ഭംഗിയായി കൈകാര്യം ചെയ്യുന്ന ലക്ഷ്മി ജയൻ ഡബ്ബിംഗ്, പിന്നണിസംഗീത മേഖലകളിൽ ശ്രദ്ധേയയാണ്. ബിഗ് ബോസ് മലയാളം സീസൺ 3-യിലും ഐഡിയ സ്റ്റാർ സിംഗറിലും പങ്കെടുത്തിട്ടുണ്ട്.



# ഐ.ഒ.സി. പെൻസിൽവാനിയ ചാപ്റ്റർ ഇന്ത്യൻ സ്വാതന്ത്ര്യദിനം ആഘോഷിച്ചു



ഫിലാഡൽഫിയ: ഇന്ത്യൻ ഓവർസീസ് കോൺഗ്രസ് പെൻസിൽവാനിയ ഘടകം സംഘടിപ്പിച്ച 79-ാമത് ഇന്ത്യൻ സ്വാതന്ത്ര്യദിനാഘോഷം വർണ്ണാഭമായി. കോൺഗ്രസ് നേതാവും കാസർകോട് എം.പിയുമായി രാജ്മോഹൻ ഉണ്ണിത്താൻ ആയിരുന്നു മുഖ്യാതിഥി. രാജ്മോഹൻ ഉണ്ണിത്താൻ ഇന്ത്യൻ ദേശീയ പതാക ഉയർത്തിയതോടെ ചടങ്ങുകൾ ആരംഭിച്ചു. തുടർന്ന് താലപ്പൊലിയുടെയും ചെണ്ടമേളത്തിന്റെയും അകമ്പടിയോടെ അദ്ദേഹത്തെ ഹാളിലേക്ക് എതിരേറ്റു.

**സുമോദ് റ്റി. നെല്ലിക്കാല**

ഇന്ത്യൻ ഓവർസീസ് കോൺഗ്രസ് പെൻസിൽവാനിയ ചാപ്റ്റർ പ്രസിഡണ്ട് ഡോ. ഈപ്പൻ ഡാനിയേൽ ആദ്ധ്യക്ഷ്യം വഹിച്ച പരിപാടിയിൽ ചാപ്റ്റർ സെക്രട്ടറി സുമോദ് റ്റി. നെല്ലിക്കാല പൊതുയോഗ പരിപാടികൾ നിയന്ത്രിച്ചു. ചാപ്റ്റർ ചെയർമാൻ സാബു സ്കറിയ സ്വാഗതവും ട്രഷറർ ഫിലിപ്പോസ് ചെറിയാൻ നന്ദിയും പ്രകാശിപ്പിച്ചു.

ജീമോൻ ജോർജ് രാജ്മോഹൻ ഉണ്ണിത്താൻ എം.പിയെക്കുറിച്ച് ഹ്രസ്വവിവരണം നല്കി. തുടർന്ന് ക്രിസ്റ്റോസ് മാർത്തോമ്മാ ചർച്ച് ഓഡിറ്റോറിയത്തിൽ തിങ്ങിനിറഞ്ഞ പ്രവാസി മലയാളികളെ അഭിസംബോധന ചെയ്ത രാജ്മോഹൻ ഉണ്ണിത്താൻ ഇന്ത്യ ഇന്നു നേരിടുന്ന വെല്ലുവിളികളും രാജ്യത്തിന്റെ ബഹുസ്വരത അട്ടിമറിച്ച് ഏകാധിപത്യ അജൻഡകൾ നടപ്പിലാക്കാനുള്ള നീക്കങ്ങളും ഉദാഹരണസഹിതം തുറന്നുകാട്ടി. സ്വാതന്ത്ര്യ സമരത്തിന്റെ ഹ്രസ്വചരിത്രം വിവരിച്ച രാജ്മോഹൻ ഉണ്ണിത്താൻ മഹാത്മാഗാന്ധിയെ വെടിവെച്ചു കൊന്നശേഷം രാജ്യത്തുണ്ടായ വർഗ്ഗീയ കലാപം, അഭയാർത്ഥി പ്രവാഹം, ദാരിദ്ര്യം എന്നിവയ്ക്കുശേഷം ഒന്നുമില്ലായ്മയുടെ അവസ്ഥയിൽ നിന്നാണ് ആദ്യപ്രധാനമന്ത്രി ജവഹർലാൽ നെഹ്റു നമ്മുടെ ഇന്ത്യയെ ഉയർത്തിക്കൊണ്ടു വന്നതെന്ന് ചൂണ്ടിക്കാട്ടി. ഈ രാജ്യം ഇന്ന് എവിടെ നിൽക്കുന്നോ അവിടേക്ക് ഇന്ത്യയെ കൊണ്ടുചെന്ന് എത്തിച്ചത് കോൺഗ്രസാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. രാഷ്ട്രപിതാവായ മഹാത്മാ ഗാന്ധിയെ വധിച്ച ആളുകളുടെ കൈയിലാണ് ഇന്ന് ഇന്ത്യയുടെ ഭരണാധികാരം. അവർ ജർമ്മനിയിൽ ഹിറ്റ്ലർ ചെയ്ത പോലെയും ഇറ്റലിയിൽ മുസോളിനി ചെയ്തപോലെയും റഷ്യയിൽ സ്റ്റാലിൻ ചെയ്തപോലെയും അവർക്കുവേണ്ടി ഒരു ചരിത്രം ഇന്ത്യയിൽ ഉണ്ടാക്കിക്കൊണ്ടിരിക്കുന്നു. ഇന്ത്യയുടെ രാഷ്ട്രീയ ചരിത്രം സമരചരിത്രം തിരുത്തിയെഴുതുന്നു. അതുകൊണ്ടുതന്നെ ജനാധിപത്യം അപകടത്തിലാണ്. നമ്മുടെ രാജ്യത്തിന്റെ പാരമ്പര്യം, പൈതൃകം, സംസ്കാരം എന്നിവ തകർക്കാൻ അധികാരം ഉപയോഗിച്ചുകൊണ്ടിരിക്കുന്നു. ഇന്ത്യയുടെ സ്വാതന്ത്ര്യത്തെ അട്ടിമറിക്കുന്നു. ബിജെപിക്കാരല്ലാത്ത ഒരാളിനു പോലും നീതി ലഭിക്കാത്ത രീതിയിൽ ഗവർണ്ണർമാരെ ഉപയോഗിച്ച് ഗവൺമെന്റുകളെ സൃഷ്ടിക്കുന്നു എന്നും അദ്ദേഹം അക്കമിട്ടു പറയുകയുണ്ടായി. ഈ സ്വാതന്ത്ര്യദിനത്തിൽ ഈവക കാര്യങ്ങളെപ്പറ്റി ബോധവാന്മാരാകണമെന്നും അദ്ദേഹം ജനാവലിയെ ഉദ്ബോധിപ്പിച്ചു.





ഇന്ത്യൻ ഓവർസീസ് കോൺഗ്രസ് നേതാക്കൾക്കു പുറമെ സാമൂഹിക, സാംസ്കാരിക നേതാക്കളും അമേരിക്കൻ പൊളിറ്റിക്സ് പ്രതിനിധികളായി പെൻസിൽവാനിയ സ്റ്റേറ്റ് സെനറ്റർ ഷെരീഫ് സ്ട്രീറ്റ്, പെൻസിൽവാനിയ സ്റ്റേറ്റ് റെപ് ഷോൺ ഡോഹട്രി എന്നിവർ പരിപാടിയിൽ പങ്കെടുത്ത് ഇന്ത്യൻ സമൂഹത്തിന് അഭിവാദ്യം അർപ്പിക്കുകയുണ്ടായി. അലക്സ് തോമസ് ഇരുവരെയും സമൂഹത്തിനു പരിചയപ്പെടുത്തി.

പ്രശസ്ത സിനിമ പിന്നണി ഗായകൻ പന്തളം ബാലൻ അവതരിപ്പിച്ച ഗാനസന്ധ്യ ഹൃദ്യമായിരുന്നു. പ്രശസ്ത കൊമേഡിയനും കേരളാ സാഹിത്യ അക്കാദമി അവാർഡ് ജേതാവുമായ സുനീഷ് വാരനാടിന്റെ നേതൃത്വത്തിൽ കോമഡി ഷോ പരിപാടിക്ക് മാറ്റ്കൂട്ടി.

ട്രൈസ്റ്റേറ്റ് കേരളാ ഫോറത്തിനുവേണ്ടി അഭിലാഷ് ജോൺ, പമ്പ അസോസിയേഷനു വേണ്ടി ജോൺ പണിക്കർ, മാപ്പ് അസോസിയേഷനുവേണ്ടി ശ്രീജിത്ത് കോമാത്ത്, കോട്ടയം അസോസിയേഷനുവേണ്ടി സണ്ണി കിഴക്കേമുറി, ഫ്രണ്ട്സ് ഓഫ് തിരുവല്ലയ്ക്കു വേണ്ടി തോമസ് പോൾ, ഫ്രണ്ട്സ് ഓഫ് റാന്നിക്കുവേണ്ടി ജോർജ് മാത്യു, കോശി തലക്കൽ, പ്രഫ. സാം പനംകുന്നേൽ, ജോൺസൺ ചീക്കപ്പാറ എന്നിവർ ആശംസ അറിയിച്ചു.

ജീമോൻ ജോർജ്, തോമസ് ചാണ്ടി, സ്റ്റാൻലി ജോൺ, ജെയ്സൺ കാരവള്ളി, മാത്യു ജോസഫ്, ശ്രീജിത്ത് മാത്യു എന്നിവർ വാദ്യഘോഷങ്ങൾക്ക് നേതൃത്വം നല്കി. (ശേഷം 28-ാം പേജിൽ)

Small Business Accounting LLC

Personal and Business Tax Services



Tino Simon Mundaplackil

Phone:630-635-3615
Email: tino@greatwaysinc.com
1001 E Chicago Ave, Suite 151,
Naperville, IL 60540

Free Electronic Filing



Pramod Zacharias, E.A.

HOUSING PLOTS FOR SALE AT MONIPPALLY

മോനിപ്പള്ളി-ഇലഞ്ഞി റൂട്ടിൽ കല്ലിടുക്കി കവലയ്ക്കു സമീപം മെയിൻ റോഡിൽ നിന്നും 30 മീറ്റർ അകത്തായി പഞ്ചായത്ത് റോഡിന്റെ സൈഡിൽ 70 സെന്റും 54 സെന്റും ഉള്ള രണ്ട് പ്ലോട്ടുകൾ വില്പനയ്ക്ക്.

Whatsapp +1 630 903 7680

Two residential plots of 70 cents and 54 cents at Monippally (just 30 Mtrs from Monippally-Elanji Road and on the side of Panchayat Rd) for immediate sale. Serious buyers please contact

Cell/Whatsapp +1 630 903 7680

KERALA EXPRESS പ്രവാസി താളുകൾ

# കീൻ ടെക്ക് നൈറ്റ് കിക്കോഫ് ആവേശകരമായി

ഫിലിപ്പോസ് ഫിലിപ്പ്

ന്യൂഴേ്സി: കേരള എൻജിനീയറിംഗ് ഗ്രാജുവേറ്റ്സ് അസോസിയേഷൻ ഓഫ് നോർത്ത് ഈസ്റ്റ് അമേരിക്ക (കീൻ)യുടെ ഫാമിലി നൈറ്റ് പ്രോഗ്രാമിന്റെ (ടെക്ക് നൈറ്റ് 2025) കിക്കോഫ് ന്യൂജേഴ്സിയിലെ എഡിസണിലുള്ള ഷെറാട്ടൺ ഹോട്ടലിൽവെച്ച് ENGAGE 2025-ന്റെ ചടങ്ങിൽ വെച്ച് ഓഗസ്റ്റ് 17-ന് ആവേശകരമായി നടത്തപ്പെട്ടു.

ടെക്ക് നൈറ്റിന്റെ പ്ലാറ്റിനം സ്പോൺസേഴ്സ് റോക്‌ലൻഡ് കൗണ്ടിയിൽ സ്ഥിതി ചെയ്യുന്ന Spectrum Auto ഉടമകളായ പ്രിൻസ് ബേബിയും ബിനു ബേബിയും ആണ്. കൂടാതെ ഗോൾഡ് സ്പോൺസേഴ്സായി Oppenheimer Sr. Director Sudhir Nambiar, D&K President Dileep Varghese, Kings Builders Contractor CEO Madhu Rajan എന്നിവരാണ് കീനിന് പിന്തുണ അറിയിച്ചിട്ടുള്ളത്.

പ്ലാറ്റിനം സ്പോൺസർ, ഗോൾഡ് സ്പോൺസർ എന്നിവരെ കൂടാതെ മറ്റനേകം സ്ഥാപനങ്ങളും വ്യക്തികളും ഈ പ്രോഗ്രാമിന്റെ സ്പോൺസേഴ്സായി മുന്നോട്ടു വന്നിട്ടുണ്ട്. കീൻ ടെക്ക് നൈറ്റിന്റെ സ്പോൺസേഴ്സായി മുന്നോട്ടു വന്നിട്ടുള്ള എല്ലാവരുടെയും നിർലോഭമായ സഹകരണത്തിന് കീൻ പ്രസിഡണ്ട് നീന സുധീർ നന്ദി രേഖപ്പെടുത്തി. സ്പോൺസേഴ്സിനെ കീൻ പബ്ലിക് റിലേഷൻ ഓഫീസർ ഫിലിപ്പോസ് ഫിലിപ്പ് പരിചയപ്പെടുത്തി.













കീൻ ഭാരവാഹികളായ വൈസ് പ്രസിഡണ്ട് ജേക്കബ് തോമസ്, സ്റ്റുഡന്റ് അഫയേഴ്സ് ചെയർ ഡോ. സിന്ധു സുരേഷ്, ബോർഡ് ഓഫ് ട്രസ്റ്റി മെംബർ ലിസ ഫിലിപ്പ് തുടങ്ങിയവരും സന്നിഹിതരായിരുന്നു.

കീനിന്റെ വിവിധങ്ങളായ പദ്ധതികളിൽ ആകൃഷ്ടരായി അനേകം സ്പോൺസേഴ്സാണ് മുന്നോട്ടുവരുന്നത്. 150-ൽപരം എൻജിനീയറിങ് വിദ്യാർത്ഥികൾക്ക് കഴിഞ്ഞവർഷങ്ങളിൽ എൻജിനീയറിങ് പഠനത്തിനുള്ള സ്കോളർഷിപ് കീൻ നല്കിക്കഴിഞ്ഞു. അത് ഇപ്പോഴും തുടർന്നുകൊണ്ടിരിക്കുന്നു.

കൂടാതെ എൻജിനീയറിങ് പഠനത്തിന് കുട്ടികൾക്കുള്ള മാർഗ്ഗനിർദ്ദേശങ്ങൾ, ഫാക്ടറി ടൂറുകൾ, ജോബ് പ്ലേസ്മെന്റുകൾ തുടങ്ങി അനേകം കാര്യങ്ങളിൽ കീൻ വ്യാപൃതമാണ്. കൂടുതൽ വിവരങ്ങൾക്ക്: www.kean-usa.org, നീന സുധീർ-പ്രസിഡണ്ട്, സജിദ ഫാമി-സെക്രട്ടറി, ബിജു പുതുശ്ശേരി-ട്രഷറർ, മെറി ജേക്കബ്-ബിഒടി ചെയർ.

# ഫോമാ പ്രസിഡണ്ട് സ്ഥാനത്തേക്ക് മാത്യു വർഗീസിന് നവകേരള മലയാളി അസോസിയേഷന്റെ പരിപൂർണ പിന്തുണ

മയാമി: ഫോമാ നാഷണൽ പ്രസിഡണ്ട് സ്ഥാനത്തേക്ക് 2026-2028 കാലയളവിലേക്ക് മത്സരിക്കുന്ന മാത്യു വർഗീസിന് (ജോസ്, ഫ്ളോറിഡ) നവകേരള മലയാളി അസോസിയേഷൻ പരിപൂർണമായ പിന്തുണ പ്രഖ്യാപിച്ചു.

നവകേരള മലയാളി അസോസിയേഷൻ സംഘടിപ്പിച്ച വർണാഭമായ ഓണാഘോഷ വേദിയിലാണ് സംഘടന ഏകകണ്ഠമായ പിന്തുണ മാത്യു വർഗീസിനും ചടങ്ങിൽ പങ്കെടുത്ത എക്സിക്യൂട്ടീവ് കമ്മിറ്റിയിലേക്ക് മത്സരിക്കുന്ന അനു സ്കറിയയ്ക്കും കൂടെ മത്സരിക്കുന്ന സ്ഥാനാർത്ഥികൾക്കും നല്കിയത്.






നവകേരള മലയാളി അസോസിയേഷൻ പ്രസിഡണ്ട് സൈമൺ പാറത്താഴം അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ ഫോമാ നാഷണൽ കമ്മിറ്റി മെംബർ സാജൻ മാത്യു, കേരള സമാജം ഓഫ് സൗത്ത് ഫ്ളോറിഡ പ്രസിഡണ്ട് ബിജു ജോൺ, സെക്രട്ടറി മാത്യു ജോൺ, വെസ്റ്റ്പാം ബീച്ച് മലയാളി അസോസിയേഷൻ മുൻ പ്രസിഡണ്ട് റെജി സെബാസ്റ്റ്യൻ, സാജൻ കുര്യൻ, നവകേരള സെക്രട്ടറി ലിജോ പണിക്കർ, ട്രഷറർ സുശീൽ നാലകത്ത്, മുൻ പ്രസിഡണ്ടുമാർ, എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങൾ തുടങ്ങിയവർ സംബന്ധിച്ചു. നവകേരള മലയാളി അസോസിയേഷൻ നല്കിയ ഏകകണ്ഠമായ പിന്തുണയ്ക്ക് മറുപടി പ്രസംഗത്തിൽ മാത്യു വർഗീസ് നന്ദി രേഖപ്പെടുത്തി.

കേരളാ എക്സ്പ്രസ്
വാരാന്ത്യം

കഴിഞ്ഞ 32 വർഷങ്ങളായി അമേരിക്കൻ മലയാളികളുടെ വാർത്തകളുടേയും ചിന്തകളുടേയും നേർപതിപ്പായ കേരളാ എക്സ്പ്രസ്സ് ഈ മാസം മുതൽ സാഹിത്യം, സിനിമ, യാത്രാക്കുറിപ്പുകൾ, സോഷ്യൽ മീഡിയ കുറിപ്പുകൾ എന്നിവയ്ക്കായി രണ്ട് പേജുകൾ നീക്കിവെയ്ക്കുന്നു.

കാച്ചിക്കുറുക്കിയ രചനകളാണ് കൂടുതലായും പരിഗണിക്കുക. മതപരമായ വിഷയങ്ങൾ ഒഴിവാക്കേണ്ടതാണ്. തിരക്കുകളുടെ ലോകത്ത് സജീവമായ മനുഷ്യന് ചുരുങ്ങിയ വാക്കുകളിൽ എല്ലാം കാണാനും കേൾക്കാനുമാണ് താല്പര്യം. എഴുതുന്നവർക്കും, എഴുതി തുടങ്ങുന്നവർക്കും കേരളാ എക്സ്പ്രസ്സിന്റെ ഈ പംക്തിയിലേക്ക് സ്വാഗതം.

രചനകൾ അയക്കുന്നവരുടെ പൂർണ്ണമായ മേൽവിലാസവും ഫോൺ നമ്പറും ഉണ്ടായിരിക്കേണ്ടതാണ്. യൂണിക്കോഡ് ഫോർമാറ്റിലാണ് രചനകൾ അയക്കേണ്ടത്. രചയിതാവിന്റെ ഫോട്ടോയും രചനകൾക്കൊപ്പം അയക്കേണ്ടതാണ്. ദീർഘമായ രചനകൾ അയയ്ക്കേണ്ടതില്ല. രചനകൾ പ്രസിദ്ധീകരിക്കുവാനുള്ള തീരുമാനം പൂർണ്ണമായും എഡിറ്റോറിയൽ ബോർഡിനായിരിക്കും.

രചനകൾ അയയ്ക്കേണ്ട വിലാസം:
news@keralaexpress.com

വഴിത്താരകൾ
കേരളാ എക്സ്പ്രസ് KERALA EXPRESS
Weekly Newspaper National Edition from Chicago
കേരളാ എക്സ്പ്രസ്സിലെ ശ്രദ്ധേയമായ പംക്തി
നിങ്ങളുടെ ജീവിതം ഞങ്ങളോട്
പറയാൻ താല്പര്യമുണ്ടോ?
വെറും ജീവിതമല്ല കേട്ടോ,
മറ്റുള്ളവർക്ക് വേണ്ടി മാറ്റിവെച്ച ജീവിതം,
മാതൃകയാക്കാവുന്ന ജീവിതം,
ഉണ്ടെങ്കിൽ മുഖത്ത് നോക്കി നിങ്ങളുടെ കഥ പറയാം
ഇതാ ഒരു സുവർണ്ണാവസരം..!
കേരളാ എക്സ്പ്രസിന്റെ 'വഴിത്താരകൾ' എന്ന പംക്തിയിലൂടെ
ഇനി ലോകം നിങ്ങളെ അറിയട്ടെ
വിശദവിവരങ്ങൾക്കായി കേരള എക്സ്പ്രസ്സ് എക്സിക്യൂട്ടീവ് എഡിറ്റർ ജോസ് കണിയാലിയുമായി (630)728-7956 ബന്ധപെടുക.

# RAJIV GANDHI: THE MISUNDERSTOOD VISIONARY


**Remembering the leader who placed national interest above politics yet paid the price for his trust and ideals.**

On the occasion of Rajiv Gandhi's 81st birth anniversary, India once again paid tributes to him. This anniversary holds special significance as it marks the birth of the man who is often hailed as the architect of modern India. He is remembered for his vision for the country and his sacrifice for the unity and integrity of the nation. Despite his effective articulation of his vision, he is still considered the most misunderstood Prime Minister. I had the opportunity to read a recent book written by Mani Shankar Aiyar, a close aide, titled 'Rajiv I knew' by Juggernaut Books. This book sheds light on the inner workings of the Rajiv Gandhi administration and the reasons why he remains an enigma to millions of Indians.

In the book, Mr. Aiyar is quoted as saying, "Prime Ministers can either be suspicious, secretive, even paranoid. Not being duplicitous himself, he did not understand that others might betray him for a host of reasons". This quote illuminates Rajiv Gandhi's unique leadership style. He placed his trust in those to whom he delegated responsibility, believing they would not violate his trust. His unwavering belief in the inherent goodness of others, as he led a virtuous life rooted in core values, is a testament to his character.

If we look at various controversies that clouded his term as the Prime Minister, he appears not to have been in control of what was happening around him and his name. Mr. Aiyar has pointed to several examples like the story behind the unlocking of the Babri Masjid gates, the Boors scandal, and his legislative efforts in the Shah Bano issue. On many of these issues, Rajiv's style of confronting the issues head-on did him in, yet he stands vindicated by subsequent history.

Rajiv was widely criticized for his stand on the Shah Bano case, a controversial case that tested the intersection of personal and civil law in India. The case was about the Supreme Court's award of maintenance to a divorced Muslim woman, Shah Bano, in April 1985 under the vagrancy provisions




of the criminal procedure code, overruling the process of Muslim Personal law. Answering a question at the Aligarh University, he said the following:" I understand that all our many communities have their own way of life and we must take that into consideration to preserve our unity in diversity".

However, he was a champion of women's rights and went on to affirm their rights in passing the Muslim Women (Protection of Rights and Divorce) Act in 1986, which remains on the statute books to this day. This act was a significant step towards ensuring gender equality and protecting the rights of Muslim women in India, particularly in the aftermath of the Shah Bano case. He was a man who truly believed that reform had to come from within the community, and until that happened, the constitutional guarantees should be safeguarded. Aiyar said, 'What Rajiv Gandhi did was to incorporate the personal law into the civil law and then make the judiciary responsible for ensuring its implementation, especially in terms of gender equality in a society where religious dogma is dominated by hierarchy'. RG's handling of the Shah Bano case revealed his style of governance: listening to all points of view and then making the final decision.

His approach to the Shah Bano case exemplified his approach to politics and governance. He believed in standing on principles rather than compromising for opportunistic advantage. Mr. Aiyar went on to reveal Rajiv's mindset: "he preferred being ultimately exonerated than allowing or encouraging any alienation of any section of Indian citizens, even if this meant sacrificing party interest. He was confident, in controversies and in accords into which he entered, that the Congress would bounce back".

Rajiv Gandhi's handling of the Assam issue is a clear illustration of his commitment to national interest. He inherited the violence and brutality in the Brahmaputra valley, where the All Assam Students Union was agitating for land rights of the Assamese people. His goal was to bring the students to the negotiating table. He assured them that any agreement with them would be put to the test in free and fair elections, even if that resulted in a premature end to the Congress government in power at that time, an offer Prafulla Mahantha, the student leader, could not refuse. In the subsequent election, the Congress party lost as Rajiv Gandhi paid a heavy price for achieving peace and tranquility in the valley. Mr. Aiyar would say, "That was typical of the man, putting national interest above party interest, knowing full well that it was only a matter of time before Congress was back in office. It was a sacrifice never popular with the rest of the Congress leadership, but it went down extra-ordinarily well with ordinary citizens".



George Abraham

In 1986, during Rajiv Gandhi's tenure as Prime Minister, the locks of the Babri Masjid in Ayodhya were ordered to be opened, allowing Hindus to perform worship inside. This move has since been widely debated and criticized, and Rajiv Gandhi was accused of playing "communal politics" for short-term political gain. However, the truth behind the opening of the gates lies elsewhere. Mr. Deoki Nandan Aggarwal, a leader of VHP, visited then Chief Minister Veer Bahadur Singh together with retired Chief Justice Shiva Nath Katju and argued that the locks were placed without court orders. When the matter was finally brought to the attention of the District Magistrate, the order was issued to remove the locks.

One would argue that since Congress was in power, it was responsible for unlocking the gates. Rajiv Gandhi, responding to one of the queries, said the following: 'I knew nothing of this development until I was told of it after the orders had been passed and executed. He forever regretted that he was not informed of this action. According to Mr. Aiyar, RG suspected his MoS for Home Affairs, Arun Nehru, and his political Secretary, Makhan Lal Fotedar, of being responsible for this misdeed. By now, everyone understands the political upheaval and the heavy price exacted on the Congress party in Uttar Pradesh's electoral politics due to this deceitful action by some individuals close to him, who violated his trust.

The Bofors case was one of the biggest political scandals in India in the late 1980s, and it badly tarnished Prime Minister Rajiv Gandhi's image. In 1986, the Government of India signed a 1,437 crore deal with the Swedish company Bofors AB to purchase 400 155mm Howitzer field guns for the Indian Army. The deal was meant to modernize India's artillery after the lessons of the 1971 war. However, in 1987, Swedish Radio reported that Bofors had paid bribes to top Indian politicians, defense officials, and middlemen to secure the contract. These payments were allegedly disguised as 'commissions' and routed through secret bank accounts. The scandal not only damaged Rajiv Gandhi's reputation but also had far-reaching implications for Indian politics and the defense sector.

As this huge controversy erupted, Rajiv Gandhi asked that the Swedish authorities investigate the allegations. If he is guilty, why would he, on his own volition, put his fate in the hands of a foreign investigating agency? The Bofors case dragged on in Indian courts for more than three decades, but it ultimately ended without any convictions.

(see page 27)

# വേൾഡ് മലയാളി കൗൺസിൽ ന്യൂയോർക്ക് പ്രോവിൻസിന്റെ ഓണാഘോഷം

ന്യൂയോർക്ക്: വേൾഡ് മലയാളി കൗൺസിൽ ന്യൂയോർക്ക് പ്രോവിൻസിന്റെ ആഭിമുഖ്യത്തിൽ ഈ വർഷത്തെ ഓണാഘോഷം വൈവിധ്യമാർന്ന കലാപരിപാടികളോടു കൂടി സന്തൂർ ബാങ്ക്വറ്റ് ഹാളിൽ വെച്ച് ഓഗസ്റ്റ് പതിനേഴാം തീയതി നട

**സാം മണ്ണിക്കരോട്ട്**

ത്തപ്പെട്ടു. സംഗീതസാന്ദ്രമായ ചുറ്റുപാടിൽ നടന്ന ആഘോഷത്തിൽ ന്യൂയോർക്കിലെ വിവിധ സംഘടനകളുടെ പ്രതിനിധികൾ പങ്കെടുത്തു. ഹീര പോൾ, റിയ അലക്സാണ്ടർ, ഗ്രേസ് ജോൺ, അജു അലക്സാണ്ടർ, ജോസ് കുര്യൻ, റേച്ചൽ ഡേവിഡ് എന്നിവരുടെ ഗാനങ്ങൾ ശ്രവണ





സുന്ദരമായിരുന്നു. പ്രോവിൻസ് ചെയർമാൻ മോൻസി വർഗീസ്, പ്രസിഡണ്ട് പ്രഫ. സാം മണ്ണിക്കരോട്ട്, ട്രഷറർ ഷാജി മാത്യു, വൈസ് പ്രസിഡണ്ട് റേച്ചൽ ഡേവിഡ്, വിമൻസ് ഫോറം പ്രസിഡണ്ട് ഡോളമ്മ പണിക്കർ, പ്രോഗ്രാം കോ-ഓർഡിനേറ്റർ ഹീര പോൾ, ഉഷ ജോർജ് എന്നിവർ ചടങ്ങുകൾക്ക് ചുക്കാൻ പിടിച്ചു.

ഡബ്ല്യുഎംസി അമേരിക്ക റീജിയൺ ചെയർമാൻ ചാക്കോ കോയിക്കലേത്ത്, റീജിയൺ വിമൻസ് ഫോറം ട്രഷറർ ശോശാമ്മ അലക്സാണ്ടർ, ഗ്ലോബൽ വൈസ് ചെയർമാൻ ജോർജ് ജോൺ, പ്രോവിൻസ് മുൻ പ്രസിഡണ്ട് ഡോ. ജേക്കബ് തോമസ്, സർഗ്ഗവേദി ഭാരവാഹി മനോഹർ തോമസ് എന്നിവരെല്ലാം പ്രോവിൻസ് അംഗങ്ങളോടൊപ്പം അണിചേർന്ന് ഈ വർഷത്തെ ന്യൂയോർക്കിലെ ആദ്യ ഓണാഘോഷം കെങ്കേമമാക്കി.

വിഭവസമൃദ്ധമായ ഓണസദ്യ ഏവരിലും ഗൃഹാതുരത്വം ഉളവാക്കി.

# വേൾഡ് മലയാളി കൗൺസിൽ ഫ്ളോറിഡ പ്രൈം പ്രോവിൻസ് ഓണാഘോഷം ഹൃദ്യമായി

**രാജു മൈലപ്ര**

ടാമ്പാ: വേൾഡ് മലയാളി കൗൺസിൽ ഫ്ളോറിഡ പ്രൈം പ്രോവിൻസിന്റെ ഈ വർഷത്തെ ഓണാഘോഷ പരിപാടികൾ തികച്ചും ഹൃദ്യമായി. സ്നേഹസാന്ദ്രമായ കുടുംബാന്തരീക്ഷത്തിൽ അരങ്ങേറിയ ഈ സന്തോഷ സായാഹ്നത്തിൽ, അമേരിക്കയിലെ





വിവിധ സാമൂഹിക, സാംസ്കാരിക, സാമുദായിക പ്രതിനിധികൾ പങ്കെടുത്തു. ഓഗസ്റ്റ് 16-ന് ജോൺമൂർ റോഡ് കമ്യൂണിറ്റി സെന്ററിന്റെ വിശാലമായ ഗ്രൗണ്ടിലും ഹാളിലുമായി വൈവിധ്യമാർന്ന കലാപരിപാടികളോടും വിഭവസമൃദ്ധമായ ഓണസദ്യയോടും കൂടി സംഘടിപ്പിച്ച ഈ പരിപാടി പങ്കെടുത്ത കുട്ടികൾക്കും യുവാക്കൾക്കും മുതിർന്നവർക്കും ഒരുപോലെ ആസ്വാദ്യകരമായി.

ഉയർന്ന മരക്കൊമ്പിൽ ഒരുക്കിയ ഊഞ്ഞാൽ, വർണ്ണശബളമായ പൂക്കളം. തിരുവാതിര നൃത്തം തുടങ്ങിയവ ഏവരിലും ഗൃഹാതുരത്വം ഉളവാക്കി.

എംസിയായി പ്രവർത്തിച്ച സെക്രട്ടറി അഞ്ജലി നായർ വിശിഷ്ടാതിഥികളേയും സദസ്യരേയും പൊതുസമ്മേളനത്തിലേക്ക് ക്ഷണിച്ചു. തുടർന്നു നടന്ന നിലവിളക്കു കൊളുത്തൽ ചടങ്ങിൽ സീനിയർ മെംബർ മിസ്സിസ് ലീലാമ്മ ബേബി, ബ്ലസ്സൻ മണ്ണിൽ (അമേരിക്കൻ റീജിയൻ പ്രസിഡണ്ട്), സോണിയാ തോമസ് (വൈസ് ചെയർ), രാജു മൈലപ്ര (മീഡിയ ചെയർ), കാരളിൻ ബ്ലസൺ (ഫ്ളോറിഡ പ്രസിഡണ്ട്), ബിജു തോണിക്കടവിൽ (ഫോമാ മുൻ ജനറൽ സെക്രട്ടറി), അഞ്ജലി നായർ (സെക്രട്ടറി), ദീപക് സതീഷ് (ട്രഷറർ), സിദ്ധാർത്ഥ് (ബിസിനസ് ഫോറം), ബേബി സെബാസ്റ്റ്യൻ (പ്രൈം പ്രോവിൻസ് സ്ഥാപക നേതാവ്) എന്നിവർ പങ്കെടുത്തു.

പുതുതായി തെരഞ്ഞെടുക്കപ്പെട്ട വേൾഡ് മലയാളി കൗൺസിൽ പ്രസിഡണ്ട് ബ്ലസ്സൻ മണ്ണിലിന്റെ ആമുഖപ്രസംഗത്തിൽ വേൾഡ് മലയാളി കൗൺസിലിന്റെ ജനോപകാരപ്രദമായ പരിപാടികളെക്കുറിച്ച് ഒരു ചെറിയ വിവരണം നല്കി.

പ്രശസ്ത സാഹിത്യകാരൻ രാജു മൈലപ്ര ഓണസന്ദേശം നല്കി. ഫോമാ മുൻ ജനറൽ സെക്രട്ടറി ബിജു തോണിക്കടവിൽ, ദീപക് സതീഷ് എന്നിവരും ഓണാശംസകൾ നേർന്നു.

ഫ്ളോറിഡ പ്രോവിൻസ് പ്രസിഡണ്ട് കരോളിൻ ബ്ലസൺ, പ്രോവിൻസിന്റെ ഭാവിപരിപാടികളെക്കുറിച്ച് ഒരു വിവരണം നല്കി. ആഘോഷങ്ങളിൽ പങ്കെടുത്തവർക്ക് നന്ദി രേഖപ്പെടുത്തി.

ശീതൾ തോമസിന്റെ ഗാനാലാപം ഹൃദ്യമായി. തുടർന്ന് ഹോംമെയ്ഡ് വിഭവങ്ങളോടു കൂടിയ രുചികരമായ തനി നാടൻ ശൈലിയിലുള്ള ഓണസദ്യ വിളമ്പി. ഓണസദ്യയ്ക്കുശേഷം നടത്തപ്പെട്ട അന്താക്ഷരി, അക്ഷരയുദ്ധം, ഫോട്ടോ ഷൂട്ട്, മധുര വെറ്റില മുറുക്കാൻ തുടങ്ങിയ പരിപാടികൾ ആഘോഷങ്ങൾക്ക് മിഴിവേകി.

തികച്ചും കുടുംബാന്തരീക്ഷത്തിൽ നടത്തപ്പെട്ട ഈ ഓണാഘോഷ പരിപാടികളിൽ ആദ്യവസാനം വരെ ആഹ്ളാദത്തോടെ പങ്കെടുത്തവർ സംഘാടകരോടുള്ള നന്ദിയും സ്നേഹവും അറിയിച്ചു.

## വിനിമയ നിരക്ക്

| | |
|---|---|
| യു.എസ്. ഡോളർ | 87.38 |
| യൂറോ | 102.11 |
| സ്റ്റെർലിംഗ്പൗണ്ട് | 118.35 |
| സ്വിസ് ഫ്രാങ്ക് | 108.31 |
| സിംഗപ്പൂർ ഡോളർ | 68.13 |
| കനേഡിയൻ ഡോളർ | 63.34 |
| ഒമാൻ റിയാൽ | 227.25 |
| ബഹ്റൈൻ ദിനാർ | 231.74 |
| സൗദി റിയാൽ | 23.28 |
| യു.എ.ഇ. ദിർഹം | 23.79 |
| കുവൈത്ത് ദിനാർ | 285.94 |

# RAJIV GANDHI: THE MISUNDERSTOOD VISIONARY

**(from page 26)**

The Delhi High Court quashed charges against Rajiv Gandhi, the Hinduja brothers, and others, saying there was no substantial evidence. In 2011, Rajiv Gandhi and his family were legally cleared of wrongdoing, though the scandal left a deep political scar. Legally, the Bofors case ended with no guilty verdicts — but politically, it destroyed Rajiv Gandhi's clean image and shaped Indian politics for decades.

Mr. Aiyar saw him most in those trying periods and wondered why he never looked stressed. "He was never fazed. His dazzling smile never left him. Bofors was never a scam but a sting operation mounted by his cohort on the inside track and their allies in the media and opposition". While his detractors were busy undermining his work along with his reputation, he maintained his concentration on issues that mattered most: secularism, modernizing the nation, peace overtures to China and Pakistan, and Technology Missions. In addition, his accomplishments also include accords on Punjab, Mizoram, Rajiv-Farooq, and Darjeeling, emphasizing reconciliation to achieve unity and harmony.

In the final analysis, Rajiv Gandhi emerges as a leader whose vision was ahead of his time, but whose trust in people and commitment to principle often left him vulnerable to betrayal and misunderstanding. The controversies that clouded his years in office, from Shah Bano to Assam, from Babri to Bofors, reveal not corruption or cynicism, but a leader determined to uphold national interest even at personal and political cost.

His legacy endures in the technology missions, the seeds of modernization, and his belief in India's unity in diversity. As we remember him on his 81st birth anniversary, what lingers most is the unfulfilled promise of what more he might have given to India, had his journey not been cut short.



പുസ്തകാവലോകനം

# 'വിസ്മയം തീർത്ത വിസ്മയ തീരത്ത്'

രാജു തരകൻ

മുൻ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടിയുടെ പ്രസ് സെക്രട്ടറിയായിരുന്ന പി.ടി. ചാക്കോ രചിച്ച 'വിസ്മയം തീർത്ത വിസ്മയ തീരത്ത്' എന്ന ഉത്തമ കൃതി അനുവാചകരിൽ ജിജ്ഞാസയും അതോടൊപ്പം ഏറെ രസകരവുമായ വായനാനുഭവം പകരുന്നതാണ്.




ഉമ്മൻ ചാണ്ടിയുടെ വിയോഗശേഷം അനേകം പുസ്തകങ്ങളും ഓർമ്മക്കുറിപ്പുകളും പ്രവാഹം പോലെയായിരുന്നു. ജീവിച്ചിരിക്കുമ്പോൾ തന്നെ ഏറ്റവുമധികം എഴുതപ്പെട്ട നേതാവാണ് അദ്ദേഹം. ഒന്നാം വാർഷികത്തോടനുബന്ധിച്ച് അനേകം പുസ്തകങ്ങൾ പ്രകാശനം ചെയ്തു. 42-ലധികം പുസ്തകങ്ങൾ ഇതിനകം പ്രസിദ്ധീകരിച്ചിട്ടുണ്ട്. രണ്ടാം വാർഷികത്തോടനുബന്ധിച്ച് പ്രസിദ്ധീകരിച്ച പുസ്തകങ്ങളിൽ ഏറ്റവും ശ്രദ്ധേയമായത് അദ്ദേഹത്തിന്റെ പ്രസ് സെക്രട്ടറിയായിരുന്ന പി.ടി. ചാക്കോ രചിച്ച വിസ്മയ തീരത്ത് ആണ്. ആദ്യപതിപ്പ് പ്രസിദ്ധീകരിച്ചതിന്റെ ഏഴാംനാൾ തന്നെ മൂന്നാം പതിപ്പ് പുറത്തിറങ്ങി. ഡിസി ബുക്സാണ് പ്രസാധകർ. തിരുവനന്തപുരം പ്രസ് ക്ലബിൽ നടന്ന ചടങ്ങിൽ പ്രതിപക്ഷ നേതാവ് വി.ഡി. സതീശൻ പുസ്തകം പ്രകാശനം ചെയ്തു. സൂര്യ കൃഷ്ണമൂർത്തി ഏറ്റുവാങ്ങി.

ഉമ്മൻ ചാണ്ടിയോടൊപ്പം ഔദ്യോഗികമായും അനൗദ്യോഗികമായും രണ്ട് ദശാബ്ദത്തോളം പ്രവർത്തിച്ച ചാക്കോയുടെ അനുഭവങ്ങളിലൂടെയും ഓർമ്മകളിലൂടെയും ഉമ്മൻ ചാണ്ടിയെ കൂടുതൽ ആഴത്തിൽ കണ്ടെത്താനുള്ള ശ്രമമാണ് പുസ്തകത്തിലുള്ളത്. ആദ്യം മുഖ്യമന്ത്രിയായ 2004-2006, പ്രതിപക്ഷ നേതാവായിരുന്ന 2006-2011, വീണ്ടും മുഖ്യമന്ത്രിയായ 2011-2016 എന്നീ കാലഘട്ടങ്ങളിൽ പ്രസ് സെക്രട്ടറിയായി പ്രവർത്തിച്ചു. പദവികളെല്ലാം ഒഴിഞ്ഞ് ഉമ്മൻ ചാണ്ടി പ്രവർത്തിച്ച പിന്നീടുള്ള കാലഘട്ടത്തിലും കൂടെയുണ്ടായിരുന്നു. കേരള ചരിത്രത്തിലെ ഈ സുപ്രധാന കാലഘട്ടത്തെയും കേരളം കണ്ട ഏറ്റവും ജനകീയനായ നേതാവിനെയും കൂടുതൽ അടുത്തറിയാൻ പുസ്തകം സഹായിക്കും.

ആദ്യം മുഖ്യമന്ത്രിയായിരുന്നപ്പോൾ ആഞ്ഞടിച്ച സുനാമിയെ നേരിട്ട മനക്കരുത്ത്, ശബരിമലയിൽ ശരവേഗമെത്തിയത്, സ്മാർട്ട് സിറ്റി പദ്ധതിക്കു വേണ്ടി ഉശിരൻ പോരാട്ടം നടത്തിയത്, ദാവോസിൽ പോയി ഉരുണ്ടുവീണത് തുടങ്ങിയ സംഭവങ്ങൾ പ്രതിപാദിച്ചിട്ടുണ്ട്.



ആദ്യത്തെ ജനസമ്പർക്ക പരിപാടിയും ഈ കാലഘട്ടത്തിൽ നടന്നു. ഉമ്മൻ ചാണ്ടി ജനമധ്യത്തിൽ ഉണ്ണാതെയും ഉറങ്ങാതെയും ചെലവഴിച്ച മണിക്കൂറുകൾ എണ്ണി ജനം അമ്പരന്നു. സോളാർ വിവാദത്തിനു മുമ്പ് മുല്ലപ്പൂ ചൂടിയ മറ്റൊരു വിവാദം ഉയർന്നപ്പോൾ ഒറ്റ പത്രസമ്മേളനത്തിലൂടെ ഉമ്മൻ ചാണ്ടി അതിനെ നിർവീര്യമാക്കി, മൂന്നാറിലെ മറയൂരിൽ നിന്ന് കമ്പക്കല്ലിലേക്ക് 27 കിലോമീറ്റർ ജീപ്പിലും നടന്നും പത്ത് മണിക്കൂറോളം യാത്ര ചെയ്തു നടത്തിയ കഞ്ചാവ് വേട്ട ദേശീയ ശ്രദ്ധയാകർഷിച്ചു. പമ്പയിൽ നിന്നും സന്നിധാനത്തെത്താൻ സാധാരണക്കാർക്ക് രണ്ട് മൂന്നു മണിക്കൂർ വേണമെങ്കിൽ ഉമ്മൻ ചാണ്ടിക്ക് ഒരുമണിക്കൂറും പത്തു മിനിറ്റും മതിയായിരുന്നു. മുൻ രാഷ്ട്രപതി എപിജെ അബ്ദുൾ കലാം നിയമസഭയിൽ അവതരിപ്പിച്ച വിഷൻ 2010 നടപ്പാക്കാൻ റോക്കറ്റ് വേഗത്തിലാണ് തീരുമാനിച്ചത്.

വി.എസ്. അച്യുതാനന്ദൻ പ്രതിപക്ഷ നേതാവായിരുന്നപ്പോൾ പ്രകൃതി സംരക്ഷണത്തിന് കാടുംമലയും കയറിയതിനേക്കാൾ കൂടുതൽ സ്ഥലങ്ങളിൽ പ്രതിപക്ഷ നേതാവ് ഉമ്മൻ ചാണ്ടി കയറി. മൂന്നാറിൽ പലതവണ അദ്ദേഹം കയ്യേറ്റ ഭൂമിയിലെത്തി. ഒരിക്കൽ അവിടെനിന്ന് തിരികെ തിരുവനന്തപുരത്തേക്ക് പോരുമ്പോൾ തന്റെ കാറിൽ കൂടെക്കൂട്ടിയത് പട്ടികജാതി വിഭാഗത്തിലെ രാജൻ എന്ന വിദ്യാർത്ഥിയെയാണ്. ഭൂമി പണയപ്പെടുത്തി ബാങ്ക് വായ്പയെടുക്കാൻ ഉമ്മൻ ചാണ്ടി അവനെയും കൂട്ടി റവന്യൂ മന്ത്രിയെയും കളക്ടറെയുമൊക്കെ സമീപിച്ചെങ്കിലും നടന്നതില്ല. തുടർന്ന് സ്വകാര്യ വ്യക്തികളിൽ നിന്ന് പണം സമാഹരിച്ചാണ് രാജനെ യുകെയിൽ വിട്ടത്. അവിടെ പഠിച്ച് ബിരുദാനന്തര ബിരുദം നേടിയ രാജൻ ഇപ്പോൾ കുടുംബസമേതം യുകെയിൽ കഴിയുന്നു. ഇത്തരം നിരവധി ഹൃദയസ്പൃക്കായ സംഭവങ്ങളിലേക്കുള്ള തിരനോട്ടം പുസ്തകത്തിലുണ്ട്. ആദിവാസികളുടെ ദുരിത ഭൂമികയായ ആറളത്തും ചെങ്ങറയിലുമൊക്കെ അദ്ദേഹം ഓടിയെത്തി. ഭൂമാഫിയ റാഞ്ചിയ പൊന്മുടിയിലെ മെർക്കിസ്റ്റൺ എസ്റ്റേറ്റ് തിരിച്ചുപിടിച്ചു.

വെറും രണ്ട് സീറ്റിന്റെ ഭൂരിപക്ഷത്തിൽ ഉമ്മൻ ചാണ്ടി രണ്ടാമത് മുഖ്യമന്ത്രിയായ 2011, 2016 കാലഘട്ടം. കേരള ചരിത്രത്തിൽ നിർണായകമാണ്. ഒരു സുവർണ കാലഘട്ടമെന്നും മുൾമുടി നിറഞ്ഞ കാലമെന്നും അതിനെ വിശേഷിപ്പിക്കാം. ഇടുക്കി അണക്കെട്ടിനും നെടുമ്പാശേരി വിമാനത്താവളത്തിനും ശേഷം വികസനത്തിന്റെ ഇരമ്പൽ കേട്ട നാളുകൾ. വിഴിഞ്ഞം തുറമുഖം, കൊച്ചി മെട്രോ, കണ്ണൂർ വിമാനത്താവളം ഉൾപ്പെടെ ഒരുപിടി വൻകിട പദ്ധതികൾ. അതോടൊപ്പം എല്ലാ ജില്ലകളിലും മെഡിക്കൽ കോളജുകൾ, കാരുണ്യ ചികിത്സാ പദ്ധതി, കോക്ലിയർ ഇംപ്ലാന്റേഷൻ, സൗജന്യ ജനറിക് മരുന്നുകൾ തുടങ്ങിയ ക്ഷേമപ്രവർത്തനങ്ങളുടെ വേലിയേറ്റവും. ജനിച്ചുവീഴുന്ന കുഞ്ഞു മുതൽ വയോവൃദ്ധർ വരെയുള്ളവർക്ക് സംരക്ഷണം, ബാറുകൾ അടച്ചുപൂട്ടാനുള്ള ചങ്കൂറ്റം.

മൂന്നു തവണ കൂടി ജനസമ്പർക്ക പരിപാടി നടത്തി ഉമ്മൻ ചാണ്ടി പാവപ്പെട്ട 12 ലക്ഷത്തോളം പേർക്ക് 243 കോടി രൂപയുടെ സഹായവിതരണം ചെയ്തു. ലോകത്താർക്കും നടപ്പാക്കാൻ കഴിയാത്ത ജനസമ്പർക്ക പരിപാടിക്കാണ് ഐക്യരാഷ്ട്ര സംഘടനയുടെ പൊതുജന സേവനത്തിനുള്ള അവാർഡ് ലഭിച്ചത്. അവാർഡ് റദ്ദാക്കാൻ ഇടതുപക്ഷം യു.എൻ. ആസ്ഥാനത്തേക്ക് ഇ-മെയിൽ ബോംബിംഗ് തന്നെ നടത്തി. ലോകത്തിന്റെ നെറുകയിൽ നിന്ന് അവാർഡുമായി തിരിച്ചെത്തിയ ഉമ്മൻ ചാണ്ടിയെ കല്ലെറിഞ്ഞും കരിങ്കൊടി വീശിയുമാണ് ഇടതുപക്ഷം എതിരേറ്റത്. കണ്ണൂരിൽ വെച്ച് അദ്ദേഹത്തെ അവർ കല്ലെറിഞ്ഞു. അവരോട് അദ്ദേഹം ക്ഷമിച്ചത് മറ്റൊരു കഥ.

ബാർ കോഴക്കേസും സോളാർ കേസും കൂടാതെ അരഡസനോളം കേ



പി.ടി. ചാക്കോ

സുകൾ ഉണ്ടാക്കി ഉമ്മൻ ചാണ്ടിയെ വരിഞ്ഞുമുറുക്കി. അദ്ദേഹത്തിനെതിരെ ബലാൽസംഗക്കേസു വരെ എടുത്ത് മൂന്ന് ദൗത്യസംഘങ്ങളെ അറസ്റ്റ് ചെയ്യാൻ തീരുമാനിച്ചു. ജാമ്യം പോലും എടുക്കാതെ അദ്ദേഹം നെഞ്ചുവിരിച്ചുനിന്നു. കേരള പോലീസിനു കഴിയാതെ വന്നപ്പോൾ കേസ് സിബിഐക്കു വിട്ടു. പീഢാനുഭവ കാലമായിരുന്നു അത്. ഇതിന്റെയെല്ലാം ഫലമായി അദ്ദേഹം രോഗിയായി. 13 ആശുപത്രികളിൽ ചികിത്സ തേടി. എട്ടു വർഷം രോഗിയായിരുന്നു. ചികിത്സ സംബന്ധിച്ചും വിവാദമുയർന്നു. മരണത്തിന്റെ മുന്നിലും അദ്ദേഹം കൈയുംകെട്ടി നിന്നു. അദ്ദേഹത്തിന്റെ അവസാന യാത്രയും ചരിത്രത്തിൽ ഇടംപിടിച്ചു.

ഉമ്മൻ ചാണ്ടിയുടെ ജീവിതം സിനിമയാണോ കെട്ടുകഥയാണോയെന്ന് സംശയം തോന്നും. എന്നാൽ, ഇത് ഒരു പച്ചമനുഷ്യന്റെ പച്ചയായ ജീവിതമാണ്. ഇങ്ങനെയൊരു മനുഷ്യൻ നമ്മുടെയിടയിൽ ജീവിച്ചിരുന്നെന്നു വരുംതലമുറയ്ക്ക് സംശയം തോന്നും. പച്ചയായ ജീവിതത്തിലെ അറിയപ്പെടാത്ത ഏടുകളാണ് പുസ്തകത്തിന്റെ ഇതിവൃത്തം. ഉമ്മൻ ചാണ്ടി ഇപ്പോഴും ജനങ്ങളുടെ ഇടയിൽ ജീവിക്കുന്നു എന്നതിന്റെ തെളിവാണ് ഈ പുസ്തകത്തിനു ലഭിച്ചിരിക്കുന്ന ഊഷ്മളമായ സ്വീകരണം.

ഉമ്മൻ ചാണ്ടിയെക്കുറിച്ച് പി.ടി. ചാക്കോ എഴുതിയ ആറാമത്തെ പുസ്തകമാണിത്.

# ഡൽഹി മുഖ്യമന്ത്രിക്കു നേരെ ആക്രമണം

ന്യൂഡൽഹി: ജനസമ്പർക്ക പരിപാടിക്കിടെ ഡൽഹി മുഖ്യമന്ത്രി രേഖ ഗുപ്തയെ ആക്രമിച്ച ഗുജറാത്ത് രാജ്കോട്ട് സ്വദേശി രാജേഷ് ഖംജി സകാരിയ (41) അറസ്റ്റിൽ. സിവിൽ ലൈൻസിലെ ക്യാമ്പ് ഓഫീസിലായിരുന്നു സംഭവം.

ജയിലിൽ കഴിയുന്ന ബന്ധുവിനെ വിട്ടയയ്ക്കണമെന്ന ആവശ്യവുമായി എത്തിയ രാജേഷ് അലറിക്കൊണ്ട് മുഖ്യമന്ത്രിക്കു നേരെ കൈവീശുകയായിരുന്നു. തള്ളിയിടാനും ശ്രമിച്ചു. മറിഞ്ഞു വീഴാതിരിക്കാൻ ശ്രമിക്കുന്നതിനിടെ മുടിയിലും പിടിച്ചുവലിച്ചു. അപ്പോഴേയ്ക്കും സുരക്ഷാ ഉദ്യോഗസ്ഥരെത്തി ഇയാളെ കസ്റ്റഡിയിലെടുത്തു. വധശ്രമത്തിനാണ് കേസെടുത്തിരിക്കുന്നത്. രാജേഷിനെതിരെ ഗുജറാത്തിലെ ശക്തി നഗറിലെ സ്റ്റേഷനിൽ ക്രിമിനൽ കേസുകളുണ്ടെന്ന് പോലീസ് പറഞ്ഞു. നേരത്തെ ഇയാൾ മുഖ്യമന്ത്രിയുടെ വസതിയിലെത്തിയതായി സിസിടിവി ദൃശ്യങ്ങളിൽ കണ്ടെത്തിയിട്ടുണ്ട്.

നിലവിൽ സെഡ് കാറ്റഗറി സുരക്ഷയുള്ള മുഖ്യമന്ത്രിയുടെ സുരക്ഷാസംവിധാനങ്ങൾ കേന്ദ്ര ആഭ്യന്തര മന്ത്രാലയം വിലയിരുത്തും. രാജേഷിന് മാനസികാസ്വാസ്ഥ്യം ഉണ്ടെന്ന് അമ്മ ഭാനുബെൻ പറഞ്ഞു. ഡൽഹിയിലെ നായ്ക്കളെ പിടികൂടി ഷെൽട്ടറിൽ അടയ്ക്കണമെന്ന സുപ്രീം കോടതി വിധി അറിഞ്ഞതിനുശേഷം ഇയാൾ അസ്വസ്ഥനായിരുന്നെന്നും ഇതിൽ പ്രതിഷേധിക്കാൻ ഡൽഹിക്കു പോകുകയാണെന്നും പറഞ്ഞാണ് വീട്ടിൽനിന്നും പോയതെന്നും പോലീസ് അറിയിച്ചു.



# ഐ.ഒ.സി. പെൻസിൽവാനിയ ചാപ്റ്റർ

(24-ാം പേജിൽനിന്നും)

സുനിത അനീഷ്, ഫെയ്ത് എൽദോ എന്നിവർ കൾച്ചറൽ പ്രോഗ്രാം മാസ്റ്റർ ഓഫ് സെറിമണീസ് ആയി പ്രവർത്തിച്ചു.

കൈറ്റ്ലിൻ അവതരിപ്പിച്ച നൃത്ത പരിപാടിയോടെയാണ് കൾച്ചറൽ പ്രോഗ്രാം ആരംഭിച്ചത്. മിയ ബോബ്, ഇങ്കിത മാത്തൻ, സാബു പാമ്പാടി, ജെസ്ലിൻ മാത്യു എന്നിവരുടെ ഗാനാലാപനവും നടക്കുകയുണ്ടായി. ഫ്ളവേഴ്സ് ചാനലിനു വേണ്ടി റോജിഷ് സാമുവേൽ ഛായാഗ്രഹണം നിർവഹിച്ചു. സോബി ഇട്ടി ആയിരുന്നു ഫോട്ടോഗ്രാഫി. ഷാജി സുകുമാരൻ ഭക്ഷണ വിതരണത്തിനു നേതൃത്വം നല്കി. ഐ.ഒ.സി. പ്രവർത്തകരായ കുര്യൻ രാജൻ, ഷാജി സാമുവേൽ, സാജൻ വറുഗീസ്, ജെയിംസ് പീറ്റർ, ജോൺ ചാക്കോ, വർഗീസ് ബേബി, ലോറൻസ് തോമസ്, ജിജോമോൻ ജോസഫ്, മാർഷൽ വർഗീസ്, ജോൺസൺ മാത്യു, ഗീവറുഗീസ് ജോൺ, സ്റ്റാൻലി ജോർജ് എന്നിവർ കാര്യപരിപാടികൾ ക്രമീകരിച്ചു.

# SEEKING BRIDEGROOM

*Seeking proposals for Pentecostal girl (35/5'5") born again, baptized, living in the US, Software Engineer, PhD student (Machine Learning). Grew up in middle-east and India before moving to the US. Looking for born again, baptized, God fearing, professionally qualified boys. If interested, please contact **+91 95443 89214** (WhatsApp or call) or **+1 224 537 8569**

*Christian Parents settled in USA inviting marriage proposals for their daughter US Citizen, aged 47 years (date of birth 09/13/1977) never married. Passed her M.S. in Orthopedics from CMC VELLORE. Now Working as Pediatric Ortho surgeon at Children, s hospital, Nebraska. She is 5.04 feet tall, and good looking. God fearing, smart and family oriented. We are looking for qualified professionals preferably born again. Interested parties please contact with full details with a current photo.
Email: **marijohn2002@yahoo.co.in**

*Pentecostal parents seeking proposal for their daughter, 30 years, Dec. 1994. 5'6.5" born again, baptized, born and brought up in US. She is a DNAP. (Doctor of Nurse Anesthesia Practice). Prefer proposal from born again, baptized, good moral values and God fearing person. **423-316-0196 Vsimon@bellsouth.net**

*Pentecostal parents settled in the USA invite proposals for their daughter who was born and brought up in the US. Age 24, height 5'3". She holds a Masters degree in Health Administration and is currently working in Ohio. Seeking alliances from qualified young professionals living in the US or Canada. If interested, please contact with full information via email: **bejoy2342@gmail.com**

*USA settled Christian family seeking proposal for their 39 year old daughter who is a US Citizen. She is 5'3", born again and baptized and in fellowship with a Pentecostal Church. She has degrees in Bio Medical Science and Law and currently working with State of Florida government since several years. We are looking for a born again, educated young man from US or Canada. Those who are interested, please text, Whatsapp at **863-709-6031** or email **mathewg1956@gmail.com**

*Pentecostal parents settled in USA prayerfully seek proposals for their born again, baptized, Sprit filled daughter brought up in USA, MD, age 30, height 5'6", currently working as Attending Professor in a reputed hospital in USA, from Pentecostal boys with professional qualifications. Please contact with full information Email: **gben8690@gmail.com**

*Pentecostal parents settled in US prayerfully inviting marriage proposals for their daughter born and brought up in US. She was born in 1993, 5'3", having her BSN degree and working as a Licensed Registered Nurse in New York. Interested parents preferably from US, please contact: WhatsApp **917-831-7397.**

*Pentecostal parents from Kerala seek a suitable alliance for their 27-year-old daughter (5'1, fair complexion), a Master's degree holder in Physical Therapy (Orthopedics), currently working in Kerala. We invite proposals from professionally qualified Pentecostal individuals in the US, Canada, UK, Australia, Switzerland, or the Middle East, preferably those interested in ministry alongside their profession. For details, contact **423-637-4717 / 423-847-7483 or email Thresiamma.chacko@gmail.com** with recent photos and information.

*The Pentecostal family settled in Texas invites a proposal for their daughter, who has completed MD and is doing her 1st year of residency -Pediatric in Los Angeles, CA. Age 26 (November 4, 1998), 5'4", God-fearing, baptized & US citizen from parents of a Pentecostal boy, preferably from California, with a professional career and from the US. Please email complete details and pictures to **shepherdusa1@gmail.com**

*Pentecostal parents invite proposals for their daughter (29 yrs, 5'4") with a Masters of Engineering degree and working as a licensed professional engineer in New York City. She was born and brought up in the US. She attends a non-denominational Christian church in NYC and is very active in fitness and sports. We are seeking suitable alliances from similarly qualified professionals. If interested, please send recent photo and details to **mathew.eng12@gmail.com.**

*Pentecostal Girl in Dallas, TX, USA: MBA/Seeking Groom Pentecostal parents looking for suitable proposals for their daughter, 25 years old and 5ft 2in, MBA and working as manager for insurance agency. Seeking proposals from professional and qualified Pentecostal boys, preferably from USA. Contact: **469-233-4309** Please leave a message if your call is now answered.

*Malayalaee Christian business man settled in Kuwait, inviting proposal for their daughter. Born again Christian, 27 years old, 5'5" with fair complexion, born and raised in Kuwait. MBBS doctor with Master's Degree in Public Health from Boston, Massachusetts. Currently preparing for USMLE. Interested parties in US or Canada please contact us at **630-808–6165** or **rajanthomas125@gmail.com**

**Visit Our Website:**
**www.keralaexpress.com for Matrimonial**

# SEEKING BRIDE

*Parents looking for match for Their Son 30 yrs U.S citizen, Working for N.J. Transit South Indian Catholic Cast no bar Pefe Medical Pro. In N.Y. Or N.J. Please contact **917 880 9045.**

*Pentecostal parents settled in USA invite proposals for their born again, baptized son (24, 5'8"ft) who is in management work at a reputed Fortune100 company. We are looking for a born-again, God fearing girl with spiritual values and a heart for missions. Parents of interested girls please contact us at
**rblap@yahoo.com**

*Sister residing in USA inviting a proposal for brother dob Jan. 3, 1993, Height 5'8 Pentecostal boy. He graduated with BBA and MSW, currently working as a direct support worker in Ireland. He is very talented and involved in church ministry. Proposal inviting from Pentecostal parents, preferably USA. Cell number **224-436-9609**.email **keziajoseph86@gmail.com**

*Seeking suitable girls, Hindu Veera Shaiva, 35 years old, 5'5" tall, wheatish complexion, pleasant personality, and well-settled with a stable income. Currently working with the City Government in the USA. Seeking marriage proposals from individuals permanently residing in the United States. Caste, religion, and financial status are not barriers. Ph: **215 880 3341 (USA), 9744189382 ( India)**, Email: **vincentemmanuel@aol.com**

*Christian parents well settled in the USA inviting marriage proposals for their son born and brought up in the United States. He is 41 years old, 5'11", medium complexion, God fearing, family oriented, and currently working as an attorney for the US Government. We are seeking a suitable alliance from parents of well educated professionally qualified God-fearing Christian girls. If interested, please respond with full details and recent photograph to: **pmk8795@gmail.com**

*Pentecostal family settled in US prayerfully seeking proposal for son (March 1996 -5'7") born again baptized US citizen, working as an Engineer in a reputed space exploration firm in Texas. He has master's in mechanical engineering and Bachelors in Petroleum Engineering. Seeking suitable alliance from the parents of God fearing professionally qualified girls from US. Please respond with details via **joybe764@gmail.com** or reach out to **972.900.2524**

*Immigrant Orthodox Parents invite marriage Proposal for their son in India (Madhya Pradesh) B.E. Biomedical Engineer, from parents of Christian girls in the United States (He is 32 years old and Height is 5'4" with 68kg.) please contact at email: **geappen@gmail.com }**

*Pentecostal parents are seeking a bride for their 26-year-old son (born November 1998), who will begin his MD residency program in Texas in June 2025. He is 5'10" tall and a U.S. citizen. We are seeking a suitable alliance from Pentecostal girls with a strong spiritual background (born again, baptized, and Spirit-led) and professionally qualified (preferably Doctors), born or raised in the USA. Interested parties, please respond with full details and a recent photograph to:
**inhistime2025@yahoo.com.**

*Born again Christian man, 36 years old, 5'8" Ht, settled in Chicago area invites proposal from parents of any Christian denomination settled in U.S. Innocent divorcees are also welcome. Interested parties please contact **1-872-236-8692** or email: **lijosandras386@gmail.com**.

*Aunt seeking alliance for nephew, 27 years old (April 2nd 1997), born and raised in Mumbai, India. He is currently completing grad school at Columbia University, majoring in Management Science and Engineering. Before pursuing his Masters, he worked as Senior Consultant at Ernst & Young - Parthenon. Seeking wife who is settled in the US, with medical or software based job, Pentecostal denomination. Please call **678 431 8651** Preela Varghese.

# SEEKING BRIDEGROOM CONTD.....

*Single marthomite girl (40yrs, 55kg 5.5ft) MSc. Big Data Analytics (UK) currently working in the UK, seeking Christian professional groom from USA/UK/CA/Euro. Interests to contact: **+91 9745678243, +44 7767957273**

Parents invite proposal for their daughter (24 years, raised in USA, baptized Christian who attends a local community church that follow Pentecostal beliefs, 5.1', did B.S in engineering) from one with similar background & professional qualifications. If interested, please respond to email: **Helistens@outlook.com** with picture & details.

*Knanaya Catholic woman 50 years old, widow, well settled in USA seeking proposals from widower age between 50-60, who is honest in nature, responsible, willing to make compromise. Intrested parties. please respond to **813-816 5339**


*Knanaya Catholic parents invite proposals for their daughter Age: 25 yrs. (DOB: December, 1998) Height 5'1". Born in Kerala and lived in Mumbai. Then brought up in the US from the age of 9. Education: BSN and currently working as RN (travel nurse) and pursuing MSN. Seeking alliances from parents of well-educated and professionally qualified Knanaya Catholic boys brought up in the US.
Please Contact: **516-554-5698 or 516-554-5681**

# നിര്യാതരായി

## പി.യു. മാത്യു

**അഞ്ചൽ:** സെന്റ് ജോൺസ് കോളജ് മലയാളം വകുപ്പിലെ മുൻ അധ്യാപകൻ അലയമൺ വാതമുക്ക് ചാലിൽ വീട്ടിൽ പി.യു. മാത്യു (86) അന്തരിച്ചു. ഭാര്യ പരേതയായ പ്രഫ. ത്രേസിക്കുട്ടി മാത്യു. മക്കൾ: മഞ്ജു റോസ് മാത്യു (എച്ച്ഒഡി ക്രൈസ്റ്റ്നഗർ കോളജ്), രഞ്ജിത്ത് ജോൺ മാത്യു (ടൈംസ് ഓഫ് ഇന്ത്യ), അഞ്ജു ലിസ മാത്യു (കാലിഫോർണിയ). മരുമക്കൾ: ജോസഫ് താണിപ്പിള്ളി (വിആർ കൺസൾട്ടന്റ്), ഡോ. ലിൻഡ രഞ്ജിത്ത് (അപ്പോളോ), ദീപു ജോൺ (കാലിഫോർണിയ).

## വി.എസ്. ജോൺ



**ഡാളസ്:** റാന്നി ചേത്തക്കൽ വട്ടക്കുന്നേൽ വി.എസ്. ജോൺ (ജോണി-87) ഡാളസിൽ അന്തരിച്ചു. 1974-ൽ അമേരിക്കയിലെത്തിയ പരേതൻ മാർത്തോമ്മാ ചർച്ച് ഓഫ് ഡാളസ് ഫാർമേഴ്സ് ബ്രാഞ്ച് ഇടവകയുടെ സ്ഥാപകാംഗമായിരുന്നു. ഭാര്യ സാറാമ്മ ജോൺ (ലില്ലി-ഡാളസ്) കോട്ടൂർ പാറക്കടവ് മലയിൽ കുടുംബാംഗമാണ്. മക്കൾ: സാം ജോൺ, അന്നമ്മ ജോർജ് (മിനി) (ഇരുവരും ഡാളസിൽ). മരുമക്കൾ: സ്മിത ജോൺ, ഇടപ്പള്ളി എം.ജി വില്ലയിൽ അജിത് ജോർജ് (ഡാളസ്). സഹോദരങ്ങൾ: പരേതയായ അന്നമ്മ, മാത്യു വി. സാമുവേൽ, കോശി വി. സാമുവേൽ, പരേതനായ ഫിലിപ്പ് വി. സാമുവേൽ, തങ്കമ്മ മാത്യു (പൊടിയമ്മ), മറിയാമ്മ പാപ്പച്ചൻ, ജോർജ് വി. സാമുവേൽ (എല്ലാവരും ഡാളസിൽ).

**മാങ്ങാനം:** കളമ്പുകാട്ടുകുന്ന് പൂശാലിൽ പി.സി. ജോണിന്റെ ഭാര്യ സാറാമ്മ ജോൺ (72) അന്തരിച്ചു.

**തമ്പലക്കാട്:** എയർഫോഴ്സ് റിട്ട. ഉദ്യോഗസ്ഥൻ ആയല്ലൂർ എ.ഡി. ഡൊമിനിക് (100) അന്തരിച്ചു.

**പേരൂർ:** താഴത്തേടത്തായ ഇലവുങ്കൽ പരേതനായ കുരുവിളയുടെ മകൻ കുരുവിള (ബാബു-57) അന്തരിച്ചു.

**തെള്ളകം:** ഏറ്റുമാനൂർ നിർമല പേപ്പർ ഇൻഡസ്ട്രീസ് മാനേജിങ് പാർട്നർ കുറിച്ചിയാനിയിൽ പുതിയിടത്ത് പി.ജെ. സെബാസ്റ്റ്യൻ (പാപ്പു-91) അന്തരിച്ചു.

**മണർകാട്:** ഇല്ലിവളവ് തിരുവടികുന്നേൽ പീറ്ററിന്റെ ഭാര്യ സാറാമ്മ പീറ്റർ (തങ്കമ്മ-85) അന്തരിച്ചു.

## ഫാ. മാത്യു ചന്ദ്രൻകുന്നേൽ സീനിയർ

**പെരിങ്ങുളം:** പാലാ രൂപതാംഗം ഫാ. മാത്യു ചന്ദ്രൻകുന്നേൽ സീനിയർ (92) അന്തരിച്ചു. പാലാ സെ. തോമസ് കോളജ് മുൻ വൈസ് പ്രിൻസിപ്പലും കൊമേഴ്സ് വിഭാഗം മേധാവിയുമായിരുന്നു. സഹോദരങ്ങൾ: ഏലിക്കുട്ടി മത്തായി വാഴയിൽ (തിടനാട്), ഏബ്രഹാം മൈക്കിൾ, സിസ്റ്റർ ഫാത്തിമ (ധർമ്മഗിരി, കോതമംഗലം), ഡോ. ജോസഫ് മൈക്കിൾ (യുഎസ്), പരേതരായ മൈക്കിൾ മൈക്കിൾ, ചാക്കോ മൈക്കിൾ, തോമസ് മൈക്കിൾ.

**വെള്ളുത്തുരുത്തി:** പുഷ്പറാണി കൂട്ടായ്മയിൽ എടാട്ടുമഠത്തിൽ ഷിജുവിന്റെ ഭാര്യ സീന ഷിജു (39) അന്തരിച്ചു.

**ചോറ്റാനിക്കര:** കേരള ഖാദി ആൻഡ് വില്ലേജ് ഇൻഡസ്ട്രീസ് റിട്ട. ഡയറക്ടറും കോലഞ്ചേരി മെഡിക്കൽ മിഷൻ റിട്ട. ഓഡിറ്ററുമായ കടുങ്ങമംഗലം ഓണശേരി ഒ.ജെ. യോഹന്നാൻ (92) അന്തരിച്ചു.

**കിടങ്ങൂർ:** തടത്തിൽ ടി.കെ. സ്കറിയ (88) അന്തരിച്ചു.

## റെയ്ച്ചൽ തോമസ്

**വാളക്കുഴി:** മേമന റെയ്ച്ചൽ തോമസ് (98) അന്തരിച്ചു. ഭർത്താവ് പരേതനായ എം.ടി. തോമസ്. മക്കൾ: ശോശാമ്മ ജേക്കബ് (യുഎസ്), തോമസ് എം. തോമസ് (വാളക്കുഴി), മാത്യു എം. തോമസ് (യുഎസ്), വർഗീസ് എം. തോമസ് (തിരുവനന്തപുരം), സാമുവൽ എം. തോമസ് (അബുദാബി), സുജ ജോൺ (തിരുവല്ല), ജേക്കബ് എം. തോമസ് (ദുബായ്).

**കൊച്ചി:** ഫെർട്ടിലൈസർ കോർപ്പറേഷൻ ഓഫ് ഇന്ത്യ റിട്ട. എക്സിക്യൂട്ടീവ് എൻജിനീയർ കണ്ടങ്കേരി കെ.എം. ചാക്കോ (88) കൊച്ചി സിഗ്നേച്ചർ അപ്പാർട്ടുമെന്റിൽ അന്തരിച്ചു.

## റോയ് മാത്യു

**കിടങ്ങൂർ:** കൊല്ലാറപ്പാറയിൽ റോയ് മാത്യു (61) അന്തരിച്ചു. ഭാര്യ എത്സമ്മ മാത്യു (യുഎസ്). മകൻ റൂബിൻ മാത്യു (യുഎസ്).

**പരുത്തുംപാറ:** ഇമാൻ റബേഴ്സ് പ്രൊപ്രൈറ്റർ കരുമാങ്കൽ കെ.ഇ. ജോബ് (ഉണ്ണി-81) അന്തരിച്ചു.

**സൗത്ത് പാമ്പാടി:** പുല്ലിക്കോട്ടായ നെടുങ്ങോട്ടുമല പുത്തൻപറമ്പിൽ എൻ.വി. ഏബ്രഹാം (കുഞ്ഞൂഞ്ഞ്-98) അന്തരിച്ചു.

**എടത്വ:** സെന്റ് അലോഷ്യസ് എൽ.പി. സ്കൂൾ റിട്ട. അധ്യാപിക കണ്ടത്തിൽ മറിയാമ്മ അഗസ്റ്റിൻ (ലിസിയാമ്മ-81) അന്തരിച്ചു.

**ആലപ്പുഴ:** ഫെഡറൽ ബാങ്ക് തത്തംപള്ളി ശാഖാ അസി. മാനേജർ ആര്യാട് ഗുരുപുരം തെക്കേ തയ്യിൽ (അഞ്ജലി) ആർ. അശ്വതി (33) അന്തരിച്ചു.

## പി.എ. ആന്റണി

**കുറിഞ്ഞി:** പുതിയകുന്നേൽ പി.എ. ആന്റണി (അൽഫോൻസ്-75) അന്തരിച്ചു. ഭാര്യ ത്രേസ്യാമ്മ. മക്കൾ: സാവിയോ (അയർലൻഡ്), ഫാ. ബോസ്കോ (യുഎസ്), മിക്കി. മരുമക്കൾ: ബിൻസി (അയർലൻഡ്), മീറ (സൗദി).

**ഭരണങ്ങാനം:** കുരുവന്മാക്കൽ പരേതനായ ദേവസ്യ സെബാസ്റ്റ്യന്റെ ഭാര്യ അന്നക്കുട്ടി സെബാസ്റ്റ്യൻ (82) അന്തരിച്ചു.

**മണലുങ്കൽ:** ആനിക്കാട് സെ. മേരീസ് ഓൾഡ് ഏജ് ഹോം ഡയറക്ടർ ചെരുവിൽ പുരയിടം സിബി ജോസഫ് (54) അന്തരിച്ചു.

**എലിക്കുളം:** തൊടുപുഴ ഡിഡിഇ റിട്ട. അഡ്മിനിസ്ട്രേറ്റീവ് അസി. നടയിൽ ജോസ് ജോസഫ് (64) അന്തരിച്ചു.

## സിസ്റ്റർ ലിസി ഫിന്നി



**വടവാതൂർ:** ശാലോം ബൈബിൾ കോളജ് ആൻഡ് സെമിനാരി പ്രിൻസിപ്പൽ പാസ്റ്റർ ഡോ. ഫിന്നി കുരുവിളയുടെ സഹധർമ്മിണി വടവാതൂർ എബനേസർ ഇന്ത്യ പെന്തെക്കോസ്ത് ദൈവസഭയിലെ അംഗം റാന്നി നെല്ലിക്കാമൺ വലിയകാലയിൽ കുടുംബാംഗമായ സിസ്റ്റർ ലിസി ഫിന്നി (56) അന്തരിച്ചു. മകൾ: അക്സ റോജൻ (ന്യൂസിലൻഡ്). മരുമകൻ: പുത്തൻകുരിശ് ചിറ്റേടത്ത് റോജൻ സി. റോയ്.

**തിരുവല്ല:** ചന്ദ്രവിരുത്തിൽ (ചന്ദ്രവിരുത്തിൽ ഫിനാൻസിയേഴ്സ്) മോഹൻ തോമസ് (കൊച്ചുമോൻ-66) അന്തരിച്ചു.

## ടി.എ. തോമസ്

**ഇടകടത്തി:** ഉമിക്കുപ്പ ബഥേൽ തെങ്ങനാംമണ്ണിൽ ടി.എ. തോമസ് (കാനം ജോയിച്ചൻ-87) അന്തരിച്ചു. ഭാര്യ ലില്ലിക്കുട്ടി തോമസ്. മക്കൾ: സജി ഏബ്രഹാം, സൂസൻ സാമുവൽ. മരുമക്കൾ: ആൻസി ഏബ്രഹാം, സ്റ്റാൻലി സാമുവൽ (യുഎസ്).

**കുഴിമറ്റം:** പൊയ്കതലക്കൽ പി.പി. ഡേവിഡ് (കുട്ടായി-75) അന്തരിച്ചു.

**ആർപ്പൂക്കര:** മെഡിക്കൽ കോളജ് വിഎച്ച്എസ് റിട്ട.അധ്യാപകൻ പ്രശാന്ത്ഭവനിൽ വി.ആർ. ഗോവിന്ദൻ (84) അന്തരിച്ചു.

**കുറവിലങ്ങാട്:** പാലയ്ക്കീൽ തങ്കമ്മ ജോസഫ് (75) അന്തരിച്ചു.

## മേരി ജോസഫ്



**പാലാരിവട്ടം:** പിട്ടാപ്പിള്ളിൽ മേരി ജോസഫ് (91) അന്തരിച്ചു. പാലാ അന്തിനാട് കവിയിൽ കളപ്പുരയ്ക്കൽ മുൻ തിരുവിതാംകൂർ-കൊച്ചി സെയിൽ ടാക്സ് അപ്പലേറ്റ് കമ്മീഷണർ കെ.എം. മൈക്കിളിന്റെ മകളാണ്. ഭർത്താവ് പരേതനായ പി.ജെ. ജോസഫ്. മക്കൾ: ബിനു, നീന, മിനി, ബെന്നി, മൈക്കിൾ, സ്വപ്ന, പരേതയായ രേണു. മരുമക്കൾ: ജോസ് തോമസ് കരിപ്പാപറമ്പിൽ, ജോസ് കണ്ണമ്പുഴ, വിനീത വില്ലടം, കുഞ്ഞുമോൾ മണ്ഡപത്തിൽ, ജോയ് ജേക്കബ് പള്ളിവാതുക്കൽ.

**അടൂർ:** അജി ആൻഡ് കമ്പനി മാനേജിങ് പാർട്നറും റിട്ട. നേഴ്സിങ് സൂപ്രണ്ടുമായ അജീഷ് ഹൗസിൽ കെ.കെ. സരോജിനി (92) അന്തരിച്ചു.

## പാസ്റ്റർ തോമസ് ചാണ്ടി

**പൊങ്ങ:** പൊങ്ങ ഐപിസി കാർമ്മൽ സഭാ ശുശ്രൂഷകൻ കൊല്ലംപറമ്പിൽ ഗ്രേസ് കോട്ടേജിൽ പാസ്റ്റർ തോമസ് ചാണ്ടി (74) അന്തരിച്ചു. ഭാര്യ കീഴ്വായ്പൂർ കുന്നുത്തറ മേഴ്സി തോമസ്. മക്കൾ: സുമിത, സുവിത (യുഎസ്), സാം അലക്സ് തോമസ് (ദുബായ്). മരുമക്കൾ: പാസ്റ്റർ ജേക്കബ് ടി. ജോൺ (എ.ജി. ചാലക്കുടി സെക്ഷൻ പ്രിസ്ബിറ്റർ), അനിൽ കെ. ജോൺ (യുഎസ്), ആൻ സൂസൻ സാം (ദുബായ്).

**അയ്മനം:** പുന്ത്രക്കാവ് പെരുമ്പ്രായിൽ റിട്ട. റെയിൽവേ ഉദ്യോഗസ്ഥൻ എൻ. നാരായണ പണിക്കർ (86) അന്തരിച്ചു.

**മുണ്ടിയാക്കൽ:** കാഞ്ഞിരത്തിങ്കൽ ഇവാഞ്ചലിസ്റ്റ് കെ.ജെ. പീറ്റർ (77) അന്തരിച്ചു.

**കോട്ടയം:** കഞ്ഞിക്കുഴി കേരള ക്രിസ്ത്യൻ മിഷൻ പ്രസിഡണ്ട് പാസ്റ്റർ രാജൻ ഐപ്പിന്റെ ഭാര്യ റെനി രാജൻ (73) അന്തരിച്ചു.

**കുറിച്ചി:** കോട്ടയം സബ് കോടതി റിട്ട. ഉദ്യോഗസ്ഥനും തിരുവല്ല നവജീവോദയം മിഷൻസ് ഇന്ത്യ പ്രമോഷണൽ കോ-ഓർഡിനേറ്ററുമായ മലേപ്പറമ്പിൽ വർഗീസ് എം ജോസഫ് (മങ്ങാട്ട് ബാബു-65) അന്തരിച്ചു.

**മാവേലിക്കര:** വൈദ്യുതി വകുപ്പ് റിട്ട. എൻജിനീയർ കുന്നം പീടികയിൽ ഫിലിപ്പ് സ്റ്റീഫൻ (ജോയ്-87) അന്തരിച്ചു.

**കുറവിലങ്ങാട്:** കരോട്ടു മറ്റുപ്പിള്ളിൽ (ചാക്കച്ചേരിൽ) ഫീലിപ്പോസ് (കുഞ്ഞ്-87) അന്തരിച്ചു.

## കെ.എം. ജോസഫ്

**തോട്ടയ്ക്കാട്:** ഇരവുചിറ കൊട്ടാരത്തിൽ കെ.എം. ജോസഫ് (ജോസുകുട്ടി-73) അന്തരിച്ചു. ഭാര്യ കൈപ്പുഴ ഏലൂർ ത്രേസ്യാമ്മ. മക്കൾ: ജോബി (ദുബായ്), ജോമി, ഷെറിൻ (ഇരുവരും യുഎസ്), സിസ്റ്റർ റൂബി (അയർലൻഡ്). മരുമക്കൾ: സിബിയ പാറയ്ക്കൽ (ഇരവുചിറ), സ്റ്റാൻലി, റെനി (ഇരുവരും യുഎസ്),

## ഡോ. എം.വി. ദാനിയൽ

**കോയമ്പത്തൂർ:** വെല്ലൂർ സി.എം.സി ആശുപത്രി പ്രഫസറും ഓർത്തോ പീഡിയാട്രിക്സ് മേധാവിയുമായിരുന്ന മാവേലിക്കര ആലിന്റെതെക്കേതിൽ ഡോ. എം.വി. ദാനിയൽ (95) അന്തരിച്ചു. ഭാര്യ കോട്ടയം പുളിവേലിപറമ്പിൽ മേരി ദാനിയൽ. മക്കൾ: അശോക് (കോയമ്പത്തൂർ), ഡോ. സുരേഷ് (യുഎസ്). മരുമക്കൾ: അന്ന ദാനിയൽ, സുനിത മാമ്മൻ.

**ചങ്ങനാശേരി:** അള്ളാപ്പാറ പുതുപ്പറമ്പിൽ പി.സി. സജിയുടെയും രാജമ്മ സജിയുടെയും മകൻ സജൻ ജെയിംസ് (38) അന്തരിച്ചു.

**കനകപ്പലം:** കൊല്ലംപറമ്പിൽ മാത്യു കെ. ജോണിന്റെ ഭാര്യ ബിനു മാത്യു (52) അന്തരിച്ചു.

**മാവേലിക്കര:** കണ്ടിയൂർ മലയിൽ എം.ജി. ജോസഫ് (രാജു-73) അന്തരിച്ചു.

**വളഞ്ഞവട്ടം:** ഓടാറ്റിൽ തങ്കമ്മ ജോർജ് (91) അന്തരിച്ചു.

**തിരുമൂലപുരം:** റിട്ട. അധ്യാപിക അമ്പഴത്തടത്തിൽ കെ. തങ്കമ്മ ചാക്കോ (84) അന്തരിച്ചു.

## പ്രഫ. കെ.ആർ. രാമചന്ദ്രൻ നായർ

**ശാന്തിപുരം:** കാഞ്ഞിരത്തുങ്കൽ അശ്വതി വീട്ടിൽ പ്രഫ. കെ.ആർ. രാമചന്ദ്രൻ നായർ (96) അന്തരിച്ചു. ഭാര്യ സീതാലക്ഷ്മി. മക്കൾ: ശശികുമാർ, രവി മേനോൻ, ജയകുമാർ (യുഎസ്).

**വള്ളംകുളം:** ഊരാക്കമണ്ണിൽ കരുവേലിത്തറ ചിന്നമ്മ ഏബ്രഹാം (77) അന്തരിച്ചു.

**ഇരവിമംഗലം:** കക്കത്തുമല കാരുവേലിപറമ്പിൽ (പുതുക്കരി) ചാക്കോ കുര്യൻ (83) അന്തരിച്ചു.


**കടുവാക്കുളം:** പൗവത്ത് പി.ടി. ജോസുകുട്ടി (ലാലിച്ചൻ-66) അന്തരിച്ചു.

**കൊല്ലാട്:** വെള്ളിമഠത്തിൽ പരേതനായ ഏബ്രഹാമിന്റെ ഭാര്യ മറിയാമ്മ ഏബ്രഹാം(79) അന്തരിച്ചു.

**മുണ്ടക്കയം:** കപ്പിലാംമൂട് മലമ്പാറയ്ക്കൽ പരേതനായ ചാക്കോയുടെ ഭാര്യ ഏലിയാമ്മ (102) അന്തരിച്ചു.

**പാമ്പാടി:** കുന്നേൽ തങ്കമ്മ തോമസ് (72) അന്തരിച്ചു.

## കെ.റ്റി. അലക്സാണ്ടർ



**കിടങ്ങൂർ സൗത്ത്:** കെ.റ്റി. അലക്സാണ്ടർ കണ്ണാമ്പടം (അപ്പച്ചൻ ചേട്ടൻ-86) അന്തരിച്ചു. ഇന്ത്യൻ എയർഫോഴ്സിൽ സേവനമനുഷ്ഠിച്ചതിനുശേഷം പാലാ പ്രൈവറ്റ് ബസ് ഓണേഴ്സ് അസോസിയേഷൻ അംഗമായിരുന്നു. കോട്ടയം അതിരൂപത വിൻസന്റ് ഡിപോൾ സൊസൈറ്റി സെക്രട്ടറിയായും സേവനമനുഷ്ഠിച്ചിട്ടുണ്ട്. ഭാര്യ കല്ലറ പുത്തൻപള്ളി ഇടവകാംഗം മുട്ടത്തിൽ സൈമൺ-മറിയാമ്മ ദമ്പതികളുടെ മകൾ മേരിക്കുട്ടി അലക്സ്. മക്കൾ: ആൻസി അലക്സ് (ടീച്ചർ ഗവ. എച്ച്എസ്എസ് കൊട്ടോടി), അഡ്വ. ഷൈബി അലക്സ് കണ്ണാമ്പടം (കേരള ഹൈക്കോടതി, കോട്ടയം ബാർ അസോസിയേഷൻ മെംബർ, കെസിസി കിടങ്ങൂർ ഫൊറോന പ്രസിഡണ്ട്, കെ.സി.സി. കോട്ടയം അതിരൂപത വർക്കിംഗ് കമ്മിറ്റി അംഗം), ജസ്സി അനിൽ (ബോംബെ), ജനി ജൂബിൽ (കല്ലിശേരി). മരുമക്കൾ: രാജു ജോസഫ് ഉള്ളാട്ടിൽ ചുള്ളിക്കര, റൂബ ഷൈബി മുണ്ടക്കൽ നീറിക്കാട് (ടീച്ചർ എസ്എച്ച് പബ്ലിക് സ്കൂൾ എസ്എച്ച് മൗണ്ട്, കോട്ടയം), അനിൽ ഫിലിപ്പ് ചക്കാലക്കൽ (മണ്ണാത്തുമാക്കിൽ) മോനിപ്പള്ളി (പൂനെ), ജൂബിൽ മാത്യു കുരിശുംമൂട്ടിൽ (കല്ലിശേരി). സഹോദരങ്ങൾ: പരേതനായ കെ.റ്റി ഏബ്രഹാം കണ്ണാമ്പടം, കെ.റ്റി. ജോസഫ് വാരികാട്ട് (കാനഡ), പരേതനായ കെ.റ്റി. തോമസ് കണ്ണാമ്പടം, പുത്തനഴി (മലപ്പുറം), സിസ്റ്റർ എൽസമ്മ തോമസ് (സിസ്റ്റേഴ്സ് ഓഫ് ഹാൻഡ് മെയ്ഡ്സ് ഓഫ് മേരി (ഒറീസ), സിസ്റ്റർ ആൻസി തോമസ് (മലപ്പുറം).

**മേലുകാവുമറ്റം:** പുളിക്കൽ പി.ടി. സെബാസ്റ്റ്യൻ (അപ്പച്ചൻ-84) അന്തരിച്ചു.

**കുറുപ്പന്തറ:** കളരിപ്പറമ്പിൽ സ്കറിയ മാത്യു (88) അന്തരിച്ചു.

**അതിരമ്പുഴ:** കാരിത്തടത്തിൽ ജോസഫ് സെബാസ്റ്റ്യൻ (അപ്പച്ചൻ-99) അന്തരിച്ചു.

**കാനം:** പാടത്തുമാപ്പിള കുടുംബാംഗമായ കരിമ്പനാക്കുഴിയിൽ പരേതനായ കെ.ടി. തോമസിന്റെ ഭാര്യ മറിയാമ്മ തോമസ് (അമ്മിണി-83) അന്തരിച്ചു.

**കൂട്ടിക്കൽ:** സിഎസ്ഐ ഈസ്റ്റ് കേരള മഹായിടവക സീനിയർ വൈദികൻ മൂത്തശേരിൽ റവ. എം.സി. വർക്കി (80) അന്തരിച്ചു.

# Holiday Let

## Penthouse in Kochi

Two bed Penthouse with Balcony on the 18th floor, fully furnished, air-conditioned, is available for short stay in the heart of Kochi. Close to shops/Restaurants/ shopping centres. Beautiful view of Kochi City. Location- Vennala near Holiday Inn Hotel.

**Contact NG Jerome**

**Mob: +91 9446211630**




# CAREGIVER HELP NEEDED IN NEW YORK

An able bodied female or male needed for helping a 90 year old elderly man, for 6 hrs a day from 3 pm to 9 pm, Monday. Candidates in an around Rockland (NY) county or Westchester (NY) preferred. No need for overnight stay.

**Please call**

**845 480 4721** or

**email drmathai123@gmail.com**

## ചിക്കാഗോയിൽ ബേബിസിറ്ററെ ആവശ്യമുണ്ട്

ചിക്കാഗോയിലുള്ള കുടുംബത്തിന് നവജാത ശിശുവിനായി മലയാളം സംസാരിക്കുന്ന Baby Sitter-നെ ആവശ്യമുണ്ട്. അനുഭവമുള്ള, വിശ്വാസമർഹിക്കുന്ന വനിതകൾക്ക് അപേക്ഷിക്കാവുന്നതാണ്.

**വിശദവിവരങ്ങൾക്ക് ബന്ധപ്പെടുക:**

**Rose Vadakara 708-662-0774**

### ഉപകാരസ്മരണ



*Inserted by: Firm Believer, Boston*

### ഉപകാരസ്മരണ



*Inserted by: Firm Believer, Boston*

Visit Our Website: www.keralaexpress.com for Classified Advt.

### ഉപകാരസ്മരണ



### വി. യൂദാശ്ലീഹായുടെ നൊവേന

മിശിഹായുടെ സ്നേഹിതനും വിശ്വസ്ത ദാസനുമായ വി. യൂദാശ്ളീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കണെ
മെ. യാതൊരു സഹായവും ഫല സിദ്ധിയുമി
ല്ലാതെവരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേയ്ക്ക് വിശേഷവിധിയായി കിട്ടിയിരി
ക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കണെ
മെ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യ (ആവശ്യം പറയുക) അങ്ങയുടെ സഹായം ഞാൻ അപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ളീ
ഹായെ, അങ്ങയുടെ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതി
കളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമേൻ.

(ദിവസം ഒൻപതു പ്രാവശ്യം ഈ പ്രാർത്ഥന ചൊല്ലുക. എട്ടാം ദിവസം നിങ്ങളുടെ പ്രാർത്ഥ
നയ്ക്ക് നിവൃത്തിയുണ്ടാകും. ഒൻപതു ദിവസം ചൊല്ലുക. അത് ഒരു കാലവും സഫലമാകാതി
രിക്കില്ല) താമസിച്ചതിനു ക്ഷമാപണം

*Inserted by: Firm Believer, Florida*

### ഉപകാരസ്മരണ



### വി. യൂദാശ്ലീഹായുടെ നൊവേന

മിശിഹായുടെ സ്നേഹിതനും വിശ്വസ്ത ദാസനുമായ വി. യൂദാശ്ളീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കണെ
മെ. യാതൊരു സഹായവും ഫല സിദ്ധിയുമി
ല്ലാതെവരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേയ്ക്ക് വിശേഷവിധിയായി കിട്ടിയിരി
ക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കണെ
മെ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യ (ആവശ്യം പറയുക) അങ്ങയുടെ സഹായം ഞാൻ അപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ളീ
ഹായെ, അങ്ങയുടെ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതി
കളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമേൻ.

(ദിവസം ഒൻപതു പ്രാവശ്യം ഈ പ്രാർത്ഥന ചൊല്ലുക. എട്ടാം ദിവസം നിങ്ങളുടെ പ്രാർത്ഥ
നയ്ക്ക് നിവൃത്തിയുണ്ടാകും. ഒൻപതു ദിവസം ചൊല്ലുക. അത് ഒരു കാലവും സഫലമാകാതി
രിക്കില്ല) താമസിച്ചതിനു ക്ഷമാപണം

*Inserted by: Firm Believer, Florida*




# 'ആശ' ചിത്രീകരണം തുടങ്ങി

മലയാളത്തിന്റെ പ്രിയപ്പെട്ട താരങ്ങളായ ഉർവശിയും ജോജു ജോർജും ആദ്യമായി ഒന്നിച്ചഭിനയിക്കുന്ന 'ആശ' എന്ന സിനിമയുടെ ചിത്രീകരണം ആരംഭിച്ചു. കാലടിയിലും പരിസര പ്രദേശങ്ങളിലുമായാണ് സിനിമയുടെ ചിത്രീകരണം പുരോഗമിക്കുന്നത്.

സിനിമയുടെ പൂജയും സ്വിച്ചോൺ കർമവും അടുത്തിടെ തൃക്കാക്കര വാമന മൂർത്തി ക്ഷേത്രത്തിൽ നടന്നിരുന്നു. ഉർവശിയെയും ജോജുവിനെയും കൂടാതെ വിജയരാഘവൻ, ഐശ്വര്യ ലക്ഷ്മി, പണി ഫെയിം രമേഷ് ഗിരിജ എന്നിവരാണ് മറ്റ് പ്രധാന വേഷങ്ങളിൽ എത്തുന്നത്. അഞ്ച് ഭാഷകളിലാണ് ചിത്രം പുറത്തിറങ്ങുന്നത്.

അജിത് വിനായക ഫിലിംസ് അവതരിപ്പിക്കുന്ന ചിത്രം വിനായക അജിത് ആണ് നിർമിക്കുന്നത്. പൊന്മാൻ, ഗഗനചാരി, ബാന്ദ്ര, മദനോത്സവം, സർക്കീട്ട് തുടങ്ങിയ ശ്രദ്ധേയ സിനിമകൾക്ക് ശേഷം അജിത് വിനായക ഫിലിംസിന്റേതായി എത്തുന്ന ചിത്രമാണ് 'ആശ'. സിനിമയുടെ ടൈറ്റിൽ ലുക്ക് പോസ്റ്ററും അടുത്തിടെ അണിയറപ്രവർത്തകർ പുറത്തിറക്കിയിരുന്നു. ചിത്രം കഥയെഴുതി സംവിധാനം ചെയ്യുന്നത് നവാഗതനായ സഫർ സനലാണ്. ജോജു ജോർജും രമേഷ് ഗിരിജയും സഫർ സനലും ചേർന്നാണ് തിരക്കഥ, സംഭാഷണം ഒരുക്കുന്നത്.

ഛായാഗ്രഹണം-മധു നീലകണ്ഠൻ, എഡിറ്റർ-ഷാൻ മുഹമ്മദ്, സംഗീതം-മിഥുൻ മുകുന്ദൻ, സൗണ്ട് ഡിസൈൻ ആൻഡ് സിങ്ക് സൗണ്ട്-അജയൻ അടാട്ട്, പ്രൊഡക്ഷൻ ഡിസൈനർ-വിവേക് കളത്തിൽ, മേക്കപ്പ്-ഷമീർ ഷാ, കോസ്റ്റ്യൂം-സുജിത്ത് സി.എസ്, സ്റ്റണ്ട്-ദിനേഷ് സുബ്ബരായൻ, പ്രൊഡക്ഷൻ കൺട്രോളർ-ഷബീർ മാലവട്ടത്ത്, ചീഫ് അസോസിയേറ്റ്-രതീഷ് പിള്ള, അസോസിയേറ്റ്സ്-ജിജോ ജോസ്, ഫെബിൻ എം. സണ്ണി, സ്റ്റിൽസ്-അനൂപ് ചാക്കോ, ഡിസൈൻസ്-യെല്ലോടൂത്ത്സ്.




# 'നിധി കാക്കും ഭൂതം' ചിത്രീകരണം ആരംഭിച്ചു

ആക്ടേഴ്സ് ഫാക്ടറി പ്രൊഡക്ഷൻസിന്റെ ബാനറിൽ തിരക്കഥാകൃത്ത് സന്തോഷ് ഇടുക്കി രചനയും സംവിധാനവും നിർവഹിക്കുന്ന നിധി കാക്കും ഭൂതം എന്ന സിനിമയുടെ ചിത്രീകരണം ഇടുക്കിയിൽ ആരംഭിച്ചു. കീരിത്തോട്, ചെറുതോണി, കഞ്ഞിക്കുഴി ഗ്രാമങ്ങളിലായാണ് ചിത്രീകരണം പുരോഗമിക്കുന്നത്.

ഇടുക്കിയിലും പരിസരങ്ങളിലുമുള്ള നിരവധി കലാകാരന്മാരെ കണ്ടെത്തി ഒരു മാസത്തിലേറെ നീണ്ടുനിന്ന പരിശീലന കോഴ്സിൽനിന്നും തെരഞ്ഞെടുത്ത പുതുമുഖ താരങ്ങളാണ് ഈ ചിത്രത്തിൽ അണിനിരക്കുന്നത്.

മലയോര മേഖലയിലെ അതിസമ്പന്നനായ ഒരാൾ തന്റെ വലിയ ബംഗ്ലാവിൽ വർഷങ്ങളായി കെട്ടിപ്പൂട്ടിവെച്ചിരിക്കുന്ന ഒരു നിധിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പൂർണമായും നർമമുഹൂർത്തങ്ങളിലൂടെ അവതരിപ്പിക്കുകയാണ് ഈ ചിത്രത്തിലൂടെ.

രവീന്ദ്രൻ കീരിത്തോട് പ്രധാന കഥാപാത്രത്തെ അവതരിപ്പിക്കുന്ന ഈ ചിത്രത്തിൽ സാംരംഗ് മാത്യു, അനീഷ് ഉപ്പുതോട്, ബിജു തോപ്പിൽ, ജോബി കുന്നത്തുംപാറ, ലിബിയ ഷോജൻ, ജിൻസി ജിസ്ബിൻ, ജയ, ബിഥ്യ കെ. സന്തോഷ്, പി.പി. സജി, അഭിലാഷ് വിദ്യാസാഗർ, അനിൽ കാളിദാസൻ, കെ.വി. രാജു, ബിജു വൈദ്യർ, സണ്ണി പനയ്ക്കൽ, സി.കെ. രാജു, സാജൻ മാളിയേക്കൽ, ജോമി വെൺമണി, ജോമോൻ പാറയിൽ എന്നിവരും ഏതാനും ബാലതാരങ്ങളും അഭിനയിക്കുന്നു. റോണി റാഫേലാണ് ഈ ചിത്രത്തിന്റെ സംഗീതസംവിധാനവും പശ്ചാത്തല സംഗീതവും നിർവഹിക്കുന്നത്. ഗാനങ്ങൾ-ഹരീഷ് വിജു, ഛായാഗ്രഹണം-ഋഷിരാജ്, എഡിറ്റിംഗ്-ജ്യോതിഷ് കുമാർ, കലാസംവിധാനം-ഷിബു കൃഷ്ണ, മേക്കപ്പ്-അരവിന്ദ് ഇടുക്കി, സഹസംവിധാനം-ജിഷ്ണു രാധാകൃഷ്ണൻ. നവംബർ മാസത്തിൽ ഈ ചിത്രം പ്രദർശനത്തിനെത്തും.





# സിഐഡി മൂസ ടോം ആൻഡ് ജെറി പാറ്റേണിലുള്ള സിനിമ: ഹരിശ്രീ അശോകൻ



സിഐഡി മൂസയുടെ സബ്ജക്ട് ശരിക്കും ഒരു ടോം ആൻഡ് ജെറി പാറ്റേണാണ്. അങ്ങനെ കളിച്ചാലേ അത് നിൽക്കൂ. അത് തുടക്കത്തിൽ തന്നെ പറഞ്ഞിരുന്നു. എല്ലാം നോർമലായിരിക്കും, എന്നാൽ കുറച്ച് എനർജി കൂടുതലായിരിക്കും എന്ന്. അത് അങ്ങനെ പിടിച്ചിട്ടേ കാര്യമുണ്ടായിരുന്നുള്ളൂ. ജോണി ആന്റണിയൊക്കെ അതിനുവേണ്ടി മരിച്ച് പണിയെടുത്തിട്ടുണ്ട്. നല്ല വെയിലത്താണ് ഷൂട്ടൊക്കെ. അതെല്ലാം ഫുൾ എനർജിയിലാണ് എല്ലാവരും ചെയ്തുതീർത്തത്. പഞ്ചാബി ഹൗസ് 38–40 ദിവസം കൊണ്ടാണ് ഷൂട്ട് തീർത്തത്. ഷൂട്ട് ഇല്ലാത്ത സമയത്തും നമ്മൾ അവിടെ പോയി ഇരിക്കും. വേറെ ആർക്കും ഡേറ്റ് കൊടുക്കില്ല. കാരണം, അതൊരു രസമുള്ള വൈബാണ്. അതുപോലെ തന്നെയായിരുന്നു ജോണി ആന്റണിയുടെ സിനിമകൾക്കും. ഷൂട്ട് ഇല്ലെങ്കിലും ഞാൻ വെറുതെ പോയി സെറ്റിൽ ഇരിക്കും. രസമാണ്, അത് കാണാനും കേൾക്കാനും എല്ലാം. പിന്നെ, പല സാധനങ്ങളും റിഹേഴ്സൽ സമയത്ത് നമ്മൾ ഡയറക്ടറോടു ചോദിക്കും. ഇതെല്ലാം കൈയിൽനിന്ന് ഇട്ടോട്ടെ എന്ന്. ആ സ്പേസ് അവിടെയുണ്ടാകുന്ന സിനിമയാണെങ്കിൽ കഥാപാത്രം കുറച്ചുകൂടി നന്നാകും. സിഐഡി മൂസ അത്തരത്തിലുള്ള ഒരു സിനിമയായിരുന്നു.

# ബിഗ് ബജറ്റ് ചിത്രം 'അനന്തൻ കാട്'




മലയാളത്തിലെ ശ്രദ്ധേയ തിരക്കഥാകൃത്ത് മുരളി ഗോപി തിരക്കഥ ഒരുക്കുന്ന അനന്തൻ കാട് എന്ന ബിഗ് ബജറ്റ് ചിത്രത്തിലെ പുതിയ പോസ്റ്റർ പുറത്ത്. ചിത്രത്തിൽ ഒരു രാഷ്ട്രീയക്കാരന്റെ റോളിൽ എത്തുന്ന വിജയരാഘവനെയാണ് പോസ്റ്ററിൽ കാണിച്ചിരിക്കുന്നത്. പൂക്കാലം സിനിമയിലൂടെ ദേശീയ ചലച്ചിത്ര പുരസ്കാരം നേടിയതിനു പിന്നാലെ അദ്ദേഹത്തിന് ആശംസകൾ അർപ്പിച്ചുകൊണ്ടാണ് സിനിമയുടെ അണിയറപ്രവർത്തകർ പോസ്റ്റർ പങ്കുവെച്ചിരിക്കുന്നത്. ചിത്രം സംവിധാനം ചെയ്യുന്നത് ടിയാൻ സംവിധാനം ചെയ്ത ജിയെൻ കൃഷ്ണകുമാർ ആണ്.

മലയാളത്തിലും തമിഴിലുമായി തിരുവനന്തപുരം പശ്ചാത്തലമായി ഇറങ്ങുന്ന ബിഗ് ബജറ്റ് ചിത്രം അനന്തൻകാടിൽ ആര്യ നായകനായെത്തുന്നതോടൊപ്പം വമ്പൻ താരനിരയും ഒരുമിക്കുന്നുണ്ട്. ഒട്ടേറെ അന്യഭാഷ താരങ്ങളും സിനിമയിലുണ്ട്.


കാന്താര, മംഗലവാരം, മഹാരാജ തുടങ്ങിയ സിനിമകളുടെ സംഗീത സംവിധായകൻ അജനീഷ് ലോകനാഥനാണ് സംഗീത സംവിധാനം. വൻവിജയമായി മാറിയ മാർക്ക് ആന്റണിക്ക് ശേഷം മിനി സ്റ്റുഡിയോയുടെ ബാനറിൽ എസ്. വിനോദ് കുമാർ നിർമിക്കുന്ന പതിനാലാമത്തെ ചിത്രമാണിത്.

ഇന്ദ്രൻസ്, മുരളി ഗോപി, 'പുഷ്പ'യിലെ സുനിൽ, അപ്പാനി ശരത്, ദേവ് മോഹൻ, സാഗർ സൂര്യ, അജയ്, കന്നഡ താരം അച്യുത് കുമാർ തുടങ്ങി വലിയൊരു താരനിര തന്നെ ചിത്രത്തിൽ അണിനിരക്കുന്നുണ്ട്.

നിഖില വിമൽ, റെജീന കാസാൻഡ്ര, ശാന്തി ബാലചന്ദ്രൻ എന്നിവരാണ് ചിത്രത്തിൽ നായികമാരായി എത്തുന്നത്. ഛായാഗ്രഹണം-എസ്.യുവ, എഡിറ്റർ-രോഹിത് വി.എസ് വാരിയത്ത്, സംഗീതം- ബി. അജനീഷ് ലോക്നാഥ്, എക്സിക്യൂട്ടീവ് പ്രൊഡ്യൂസർ-ജെയിൻ പോൾ, പ്രൊഡക്ഷൻ ഡിസൈനർ: രഞ്ജിത്ത് കോതേരി, ആക്ഷൻ ഡയറക്ടർ: ആർ. ശക്തി ശരവണൻ, വിഎഫ്എക്സ് ഡയറക്ടർ-ബിനോയ് സദാശിവൻ, പ്രൊഡക്ഷൻ കൺട്രോളർ-പ്രണവ് മോഹൻ, മേക്കപ്പ്-ബൈജു എസ്, ശബ്ദമിശ്രണം-വിഷ്ണു പി.സി, സൗണ്ട് ഡിസൈൻ-അരുൺ എസ്. മണി, ഗാനരചന-മുരളി ഗോപി, ആലാപനം-മുരളി ഗോപി, കളറിസ്റ്റ്-ശിവശങ്കർ, വി.ബി2എച്ച്, ചീഫ് അസോസിയേറ്റ് ഡയറക്ടർ-അഭിൽ ആനന്ദ് എം.ടി, ഫിനാൻസ് കൺട്രോളർ-എം.എസ്. അരുൺ, വിഎഫ്എക്സ്-ടിഎംഇഎഫ്എക്സ്, കോസ്റ്റ്യൂം-അരുൺ മനോഹർ, സ്റ്റിൽസ്-റിഷ്ലാൽ ഉണ്ണികൃഷ്ണൻ.




# വ്യത്യസ്ത വേഷങ്ങളിൽ മിന്നിത്തിളങ്ങുന്ന യുവതാരം - റംസാൻ മുഹമ്മദ്



**ഭീ**ഷ്മപർവത്തിലെ രതിപുഷ്പം പാട്ടും ചടുലമായ നൃത്തച്ചുവടുകളുമാണ് ഡാൻസർ റംസാൻ മുഹമ്മദിന്റെ ആദ്യ സിനിമാഹിറ്റ്. തുടർന്ന് ആഷിക് അബുവിന്റെ റൈഫിൽ ക്ലബിൽ, സായാഹ്നമേഘങ്ങൾ എന്ന ഓപ്പണിംഗ് പാട്ടും പാർട്ടി ഡാൻസും അലിയെന്ന കേന്ദ്രകഥാപാത്രവും. ഓഫീസർ ഓൺ ഡ്യൂട്ടിയിൽ പൂർണതയുള്ള കാരക്ടർ വേഷം. ഡാൻസിന് ഒട്ടും പ്രാധാന്യമില്ലാത്ത, ശ്യാം എന്ന വില്ലൻ. തന്റെ ആരാധകരെ നിരാശപ്പെടുത്താത്ത പ്രകടനം. നേടിയതു പ്രോമിസിംഗ് ആക്ടർ ലേബൽ. അതിനിടെ, ഭ്രമയുഗം, രോമാഞ്ചം, സാഹസം... കൊറിയോഗ്രഫിയിലും വേറിട്ടതായി റംസാൻ ചുവടുകൾ. ബിബിൻ കൃഷ്ണ സംവിധാനം ചെയ്ത സാഹസമാണ് റംസാന്റെ പുത്തൻപടം. റംസാൻ സാസാരിക്കുന്നു.

കുട്ടിക്കാലം മുതൽ ഡാൻസാണു മനസിൽ. പഠിച്ചതും അതു തന്നെ. എന്റെ അങ്കിൾ മേക്കപ്പ് ആർട്ടിസ്റ്റാണ്. ഡാൻസും മറ്റു കലകളുമാണു ഞാൻ കണ്ടു വളർന്നത്. മോണോ ആക്ട്, മൈം, ഫോക്ക് ഡാൻസ്, ക്ലാസിക്കൽ ഡാൻസ് മത്സരങ്ങളിൽ പങ്കെടുത്തിരുന്നു. എന്നെ സിനിമയിലേക്ക് ആകർഷിച്ചത് മോഹൻലാൽ, മമ്മൂട്ടി, ചാക്കോച്ചൻ തുടങ്ങിയ നമ്മുടെ വലിയ താരങ്ങളാണ്. പട്ടണത്തിൽ ഭൂതമാണ് എന്റെ ആദ്യചിത്രം.



തുടക്കത്തിൽ ചെറിയ വേഷങ്ങൾ. പിന്നീട് ഒരിടവേളയെടുത്ത് വീണ്ടും ഡാൻസിൽ ഫോക്കസ് ചെയ്ത് ഡീ ഫോർ ഡാൻസ് വിജയിച്ചു. അതിനു ശേഷമാണു സിനിമയെന്ന സ്വപ്നത്തിനു പിന്നാലെ കൂടാൻ തീരുമാനിച്ചത്. തുടർന്നു ബിഗ് ബോസിലെത്തി. അതിലെ വീക്ക്‌ലി ടാസ്ക്കിൽ ഒരു കാരക്ടർ ചെയ്തിരുന്നു. അതുകണ്ട അൻവർ റഷീദിക്ക ഷോ കഴിഞ്ഞപ്പോൾ എന്നെ അമൽ നീരദിന്റെ ഭീഷ്മപർവത്തിലേക്കു വിളിച്ചു. അതിൽ ഒരു ഡാൻസും സീനും മാത്രം. രതിപുഷ്പം പാട്ടും ഡാൻസും ജനങ്ങൾ ഏറ്റെടുത്തു. അതായിരുന്നു ആദ്യത്തെ ബ്രേക്ക്.

ആഷിക് അബുവിന്റെ റൈഫിൾ ക്ലബിൽ ഓഡിഷനു വിളിച്ചപ്പോൾ അതിലും ഡാൻസ് മാത്രമായിരിക്കുമെന്നും അതിലൂടെ എന്നിലെ നടൻ മുങ്ങിപ്പോകുമെന്നും വിചാരിച്ചു. പക്ഷേ, എന്റെ കഥാസന്ദർഭത്തിൽ നിന്നാണു പടം തുടങ്ങുന്നത്. എന്റെ കഥാപാത്രം കാരണമാണ് കഥാഗതിയിൽ എല്ലാ പ്രശ്നങ്ങളും സംഭവിക്കുന്നതും. നവനിയാണ് അതിൽ എന്റെ നായിക. സായാഹ്നമേഘം എന്ന ഡാൻസ് പാട്ടിലാണു സിനിമയുടെ ആരംഭം. എന്താണ് അലിയും നാദിയയുമെന്നു കാണിക്കുന്നതും ആ പാട്ടിലാണ്. എന്റെ അദ്ധ്യാപകൻ കൂടിയായ ശ്രീജിത്ത് സാറാണ് അതു കൊറിയോഗ്രഫി ചെയ്തത്. കാമറ ആഷിക് അബു. തിരക്കഥയെഴുത്തിൽ ഒപ്പമുണ്ടായിരുന്നതു ശ്യാം പുഷ്കരൻ. നടനെന്ന നിലയിൽ എനിക്ക് ഏറെ പഠിക്കാൻ അവസരമുണ്ടായി.

പ്രേക്ഷകർക്കിടയിൽ ഞാൻ ഡാൻസറും ചെറിയ കഥാപാത്രങ്ങൾ ചെയ്യുന്ന ആളുമായിരുന്നു. അതിൽനിന്ന് പ്രോമിസിംഗ് ആക്ടറാവാൻ എന്നെ സഹായിച്ച ചിത്രമാണ് ഓഫീസർ ഓൺ ഡ്യൂട്ടി. റൈഫിൾ ക്ലബ് ചെയ്യുമ്പോഴാണ് ആ പടം കമ്മിറ്റ് ചെയ്തത്. ഓഡിഷൻ വിജയിച്ചാണ് അതിൽ ശ്യാം എന്ന വേഷം ചെയ്തത്. ഡാൻസ് ഇല്ലാതെയും എനിക്കു നില്ക്കാൻ പറ്റുമെന്നതിന്റെ ആദ്യ ചുവടായി അത്. ഞാൻ വളരെ എൻജോയ് ചെയ്ത ഒരു കഥാപാത്രമാണു ശ്യാം. എന്നെ അങ്ങനെ ചിത്രീകരിക്കാൻ അന്നേവരെ മറ്റാരും ശ്രമിച്ചിരുന്നില്ല. ജിത്തു അഷ്റഫ് അതിനു ശ്രമിച്ചു. പ്രേക്ഷകരും അത് അംഗീകരിച്ചു.

ഭ്രമയുഗം സംവിധായകൻ രാഹുൽ സദാശിവന്റെ കോൾ അപ്രതീക്ഷിതമായിരുന്നു. ഒരു ടെക്നീഷൻ എന്ന നിലയിൽ എന്നെ എങ്ങനെ ആ സിനിമയിൽ ഉപയോഗിക്കാം എന്നതിനെപ്പറ്റി അദ്ദേഹത്തിനു കൃത്യമായ ധാരണയുണ്ടായിരുന്നു. അതിലെ യക്ഷി സീക്വൻസുകളിൽ യക്ഷിയുടെ ചലനങ്ങളും ശരീരഭാഷയും പെരുമാറ്റരീതിയും ഞാനാണു ഡിസൈൻ ചെയ്തത്. ഡാൻസ് കൊറിയോഗ്രഫി എന്നതിനുമപ്പുറം ഒരു കഥാപാത്രത്തെ ഡിസൈൻ ചെയ്യുന്ന വർക്കാണത്. അതുമായി ബന്ധപ്പെട്ടു മമ്മൂക്കയോടും സംസാരിച്ചിരുന്നു. യക്ഷിയും മമ്മൂട്ടിയുമുള്ള സീക്വൻസ് ഡിസൈൻ ചെയ്യാനായത് എന്റെ കരിയറിലെ നാഴികക്കല്ലാണ്.

രോമാഞ്ചത്തിലെ ആദരാഞ്ജലി നേരട്ടെ ഡാൻസ് സീക്വൻസിന്റെ കൊറിയോഗ്രഫിയാണു പിന്നീടു ചെയ്തത്. ആ പാട്ട് സീക്വൻസിനെ ദൃശ്യനിറവിൽ ആളുകളിലേക്ക് എത്തുന്ന രീതിയിൽ കൊറിയോഗ്രഫി ചെയ്യണമെന്നു പ്രൊഡ്യൂസർ ജോൺപോൾ ചേട്ടൻ പറഞ്ഞു. പാട്ട് ഹിറ്റാകുമെന്ന് അപ്പോൾത്തന്നെ തോന്നി. കാരണം, അത്തരത്തിൽ കൊളുത്തിവലിക്കുന്ന ഒരു പാട്ടാണത്. ആ പാട്ടും എല്ലാവരും ഏറ്റെടുത്തു.

പുത്തൻപടം സാഹസത്തിന്റെ പ്രചാരണത്തിനു ചെയ്ത ഓണം മൂഡ് പാട്ടിന്റെ സംവിധാനവും കൊറിയോഗ്രഫിയും എന്റേതാണ്. അതും വൈറലായി. ആ പാട്ടിനും അതിലെ മാവേലിക്കും സിനിമയിൽ പ്രാധാന്യമുണ്ട്.

സാഹസത്തിലെ പ്രധാന ലീഡ് നടന്മാരിൽ ഒരാളാണു ഞാൻ. ഏറെ ഇമോഷനുകളിലൂടെ കടന്നുപോകുന്ന സിനിമയാണ്. തിരക്കഥ വളരെ രസകരമായതിനാലാണു കമ്മിറ്റ് ചെയ്തത്. ഒപ്പം, 21 ഗ്രാംസ് എന്ന സിനിമ സംവിധാനം ചെയ്ത ബിബിൻ കൃഷ്ണയുടെ വർക്കിലുള്ള വിശ്വാസത്തിലും.

ഫെസ്റ്റിവൽ മൂഡിലാണ് ഓണം മൂഡ് പാട്ടുവന്നത്. റൊമാന്റിക് ട്രാക്കിൽ ഞാനും ഗൗരിയുമുള്ള മെലഡി. അഡ്വഞ്ചർ ത്രില്ലർ മൂഡിലായിരുന്നു ട്രെയിലർ. അതിനപ്പുറം ഡ്രാമയാണ് സിനിമയിൽ.


എന്റെ കഥാപാത്രം ജീവൻ ഐടി ഉദ്യോഗസ്ഥനാണ്. സാധാരണക്കാരനാണ്. അവന്റെ കഥ പറയുന്ന സിനിമയാണ്. ഈ കഥാപാത്രത്തിനു സിനിമയിൽ ഡാൻസ് ഇല്ല. ആദ്യാവസാനമുള്ള, ഇത്രത്തോളം സ്ക്രീൻ ഇടമുള്ള ഒരു ലീഡ് റോൾ മുമ്പു ഞാൻ ചെയ്തിട്ടില്ല. ജീവന്റെ പ്രണയവും അയാളുടെ ജീവിതത്തിലേക്കു വരുന്ന മറ്റു പ്രശ്നങ്ങളുമൊക്കെയുള്ള കഥാസഞ്ചാരം.

പ്രണയിക്കുന്ന പെൺകുട്ടിയെ നേടുന്നതിനുവേണ്ടി ജീവന്റെ സാഹസമുണ്ട്. അതു നേടാതിരിക്കാൻ ജീവന്റെ എതിരേനിൽക്കുന്ന കഥാപാത്രത്തിന്റെ സാഹസവുമുണ്ട്. ഇതൊന്നുമല്ലാതെ അവന്റെ ജീവിതത്തിലേക്കു വരുന്ന വേറെകുറേ ആളുകളുടെ സാഹസങ്ങളുണ്ട്. ഇതെല്ലാം കൂടിച്ചേർന്ന ക്ലൈമാക്സാണു സിനിമയുടേത്.

സിനിമയിൽ ആദ്യാവസാനം ഞാനുണ്ടാവണം, എന്നിലൂടെ സിനിമ പോകണം എന്നൊന്നുമില്ല. എന്റെ കഥാപാത്രം വരുന്ന സീനുകളിൽ അതിനു നല്ല സ്ഥാനമുണ്ടാവണം. എന്റെ അഭിനയം മെച്ചപ്പെടുത്താൻ പുതുതായി എന്തെങ്കിലുമുണ്ടാവണം. വലിയ സിനിമകൾ ചെയ്യുമ്പോഴും വലിയ നടന്മാർക്കൊപ്പം അഭിനയിക്കുമ്പോഴും എന്റെ കഥാപാത്രം ചെറുതെങ്കിൽപോലും പെർഫോമൻസിന് ഇടമുണ്ടെങ്കിൽ വലിയ സന്തോഷം. പുതുതായി കമ്മിറ്റ് ചെയ്ത രണ്ടു സിനിമകളുടെ അറിയിപ്പുകൾ ഉടൻ വരും.

ഡാൻസർ കഥാപാത്രം താത്പര്യമുണ്ട്. പക്ഷേ, പ്രേക്ഷകർക്ക് അതു കണക്ട് ചെയ്യാനാവണം. അത്തരമൊരു കഥയും അതിന്റെ സംവിധായകൻ ഉൾപ്പെടെയുള്ള ടീമും ഒത്തുവരണം. അല്ലാതെ ഡാൻസ് മാത്രം കാണിച്ചുകൊടുത്തിട്ടു കാര്യമില്ല. പക്ഷേ, അതു മാത്രമല്ല എന്റെ ഫോക്കസ്. കാരക്ടർ റോളുകൾ എനിക്കിഷ്ടമാണ്. നെഗറ്റീവായാലും പോസിറ്റീവായാലും എനിക്കു നല്ല കാരക്ടറുകൾ ചെയ്യണം. പ്രോമിസിംഗ് ആക്ടറായി തുടരണം.

## 'ദി കേസ് ഡയറി' പോസ്റ്റർ പുറത്തിറക്കി




**ക്രൈം** ആക്ഷൻ ത്രില്ലറായിരുന്ന ഡിഎൻഎ എന്ന ചിത്രത്തിനു ശേഷം ബെൻസി പ്രൊഡക്ഷൻസിന്റെ ബാനറിൽ കെ.വി. അബ്ദുൾ ഖാദർ നിർമിച്ച് ദിലീപ് നാരായണൻ സംവിധാനം ചെയ്യുന്ന പുതിയ ചിത്രമായ ദി കേസ് ഡയറി എന്ന ചിത്രത്തിന്റെ ഫസ്റ്റ് ലുക്ക് പോസ്റ്റർ പുറത്തിറക്കി. അഷ്കർ സൗദാൻ, വിജയരാഘവൻ, രാഹുൽ മാധവ്, സാക്ഷി അഗർവാൾ, ഗോകുലൻ, റിയാസ് ഖാൻ, അമീർ നിയാസ്, കിച്ചു ടെല്ലസ്, ബാല മേഘനാഥൻ, ബിജുക്കുട്ടൻ, നീരജ എന്നിവരാണ് പ്രധാന അഭിനേതാക്കൾ.

പോലീസ് ഉദ്യോഗസ്ഥനായ ക്രിസ്റ്റി സാമിന്റെ ഒരു കേസന്വേഷണത്തിന്റെ ചുവടുപിടിച്ചാണ് കഥ. ഒരു മികവുറ്റ ക്രൈം ത്രില്ലറായി അവതരിപ്പിക്കാനാണ് അണിയറ പ്രവർത്തകർ ശ്രമിച്ചിട്ടുള്ളത്. വിവേക് വടശ്ശേരി, ഷമീം കൊച്ചന്നൂർ എന്നിവരുടെ കഥയ്ക്ക് എ.കെ. സന്തോഷ് തിരക്കഥ രചിച്ചിരിക്കുന്നു.

ബി. ഹരി നാരായണൻ, എസ്. രമേശൻ നായർ, ബിബി എൽദോസ്, ഡോ. മധു വാസുദേവൻ എന്നിവരുടെ ഗാനങ്ങൾക്ക് ഈണം പകർന്നിരിക്കുന്നത് വിഷ്ണു മോഹൻ സിതാര, മധു ബാലകൃഷ്ണൻ എന്നിവരും ഫോർ മ്യൂസിക്കും ചേർന്നാണ്. പശ്ചാത്തല സംഗീതം-പ്രകാശ് അലക്സ്, ഛായാഗ്രഹണം-പി. സുകുമാർ, എഡിറ്റിംഗ്-ലിജോ പോൾ, കലാസംവിധാനം-ദേവൻ കൊടുങ്ങല്ലൂർ, മേക്കപ്പ്-രാജേഷ് നെന്മാറ, കോസ്റ്റ്യൂം ഡിസൈൻ-സോബിൻ ജോസഫ്.

# തൊഴിലില്ലായ്മാ നിരക്ക്: കേരളം മൂന്നാമത്

ന്യൂഡൽഹി: ഏപ്രിൽ-ജൂൺ കാലയളവിൽ രാജ്യത്ത് മൂന്നാമത്തെ ഉയർന്ന തൊഴിലില്ലായ്മ നിരക്കുള്ള സംസ്ഥാനമായി കേരളം. 8.1 ശതമാനമാണ് കേരളത്തിലെ തൊഴിലില്ലായ്മ നിരക്ക്. രാജസ്ഥാൻ (8.8 ശതമാനം), ആന്ധ്രാപ്രദേശ് (8.3 ശതമാനം) എന്നിവയാണ് കേരളത്തിനു മുന്നിലുള്ള സംസ്ഥാനങ്ങൾ. രാജ്യമാകെയുള്ള നിരക്ക് 5.4 ശതമാനം. സ്ത്രീകൾക്കിടയിലെ തൊഴിലില്ലായ്മാ നിരക്കിലും കേരളം (9.5 ശതമാനം) മൂന്നാമതാണ്.

ഇതുവരെ മൂന്നു മാസത്തിലൊരിക്കൽ നഗരമേഖലകളിലെ തൊഴിലില്ലായ്മാ കണക്കു മാത്രമാണ് കേന്ദ്ര സ്റ്റാറ്റിസ്റ്റിക്കൽ മന്ത്രാലയം പ്രസിദ്ധീകരിച്ചിരുന്നത്. വാർഷിക കണക്കിൽ മാത്രമാണ് ഗ്രാമവും നഗരങ്ങളും ചേർന്നുള്ള കണക്കുണ്ടായിരുന്നത്.

ഇനിമുതൽ ത്രൈമാസ റിപ്പോർട്ടുകളിൽ നഗരവും ഗ്രാമവും ചേർത്തുള്ള കണക്കുണ്ടാകും. ഇത്തരത്തിലുള്ള ആദ്യറിപ്പോർട്ടാണ് കഴിഞ്ഞ ദിവസം പ്രസിദ്ധീകരിച്ചത്. കേരളത്തിന്റെ സമീപ സംസ്ഥാനങ്ങളിലെ നിരക്ക് തമിഴ്നാട് (5.9 ശതമാനം), കർണാടക (2.6 ശതമാനം). പ്രതിമാസ കണക്കിലും നഗരവും ഗ്രാമവും ചേർത്തുള്ള കണക്കുണ്ടാകുമെങ്കിലും സംസ്ഥാനം തിരിച്ചുള്ള വിവരങ്ങൾ ലഭ്യമായിരിക്കില്ല.

# വാട്സാപ്പിൽ വിവാഹ ക്ഷണക്കത്ത് തട്ടിപ്പ്: സർക്കാർ ജീവനക്കാരന് 1,90,000 രൂപ നഷ്ടമായി

ന്യൂഡൽഹി: “സന്തോഷത്തിന്റെ കവാടങ്ങൾ തുറക്കാനുള്ള താക്കോലാണു സ്നേഹം. സ്വാഗതം, ഓഗസ്റ്റ് 30-ന് നടക്കുന്ന വിവാഹത്തിനു തീർച്ചയായും വരിക”- മഹാരാഷ്ട്രയിലെ ഹിംഗോളി ജില്ലയിലെ സർക്കാർ ജീവനക്കാരന് ഈയിടെ വാട്സാപ്പിൽ ലഭിച്ച സന്ദേശമാണിത്.

നിഷ്കളങ്കമാണെന്ന് ആദ്യം തോന്നുമെങ്കിലും ഇതിനോടൊപ്പമെത്തിയ ‘വിവാഹക്ഷണക്കത്ത്’ തുറന്നുനോക്കിയതോടെ 1,90,000 രൂപയാണ് നഷ്ടമായത്. അപരിചിത നമ്പറിൽനിന്നു വന്ന ക്ഷണക്കത്തിൽ ക്ലിക്ക് ചെയ്തതിലൂടെ സൈബർ തട്ടിപ്പുകാർ വിരിച്ച വലയിലേക്കാണ് അയാൾ ചെന്നുപെട്ടത്. ‘വിവാഹക്ഷണക്കത്ത്’ എന്ന രൂപേണ വാട്സാപ്പിലെത്തിയ സന്ദേശം സാധാരണ ഫോട്ടോയായാണെന്നു തോന്നുമെങ്കിലും യഥാർത്ഥത്തിൽ തട്ടിപ്പുകാർ ഫോൺ ഹാക്ക് ചെയ്ത് അതിൽനിന്നു സുപ്രധാന വിവരങ്ങൾ തട്ടിയെടുക്കാനായി സൃഷ്ടിച്ച ഒരു എപികെ (ആൻഡ്രോയിഡ് ആപ്ലിക്കേഷൻ പാക്കേജ്) ഫയലായിരുന്നു.

ഫോട്ടോയാണെന്നു കരുതി ഇതിൽ ക്ലിക്ക് ചെയ്തതിലൂടെയാണു ഫോണിലെ വിവരങ്ങൾ ഹാക്കർമാർക്കു ലഭ്യമായതും അതുവഴി രണ്ടുലക്ഷം രൂപയ്ക്കടുത്ത് നഷ്ടമായതും. പണം പോയിക്കഴിഞ്ഞ് ഹിംഗോളി പോലീസ് സ്റ്റേഷനിലും സൈബർ സെല്ലിലും സന്ദേശമയച്ച അജ്ഞാതനെതിരെ സർക്കാർ ജീവനക്കാരൻ പരാതി നൽകിയിട്ടുണ്ട്.

ഏതാനും ദിവസംമുമ്പ് വിശാഖപട്ടണം സ്വദേശിനിയായ യുവതിയും സമാന തട്ടിപ്പിനിരയായിരുന്നു. വാട്സാപ് സന്ദേശത്തിനൊപ്പമെത്തിയ എപികെ ഫയൽ തുറന്നതോടെ അവർക്കു നഷ്ടമായത് അക്കൗണ്ടിലെ 3.2 ലക്ഷം രൂപയാണ്.

വിവാഹ ക്ഷണക്കത്ത് അയച്ചു തട്ടിപ്പ് നടത്തുന്ന സംഭവങ്ങൾ കഴിഞ്ഞ വർഷത്തോടെയാണ് ഇന്ത്യയിൽ വ്യാപകമായി റിപ്പോർട്ട് ചെയ്യപ്പെട്ടുതുടങ്ങിയത്. അജ്ഞാതർ ക്ഷണക്കത്ത് എന്ന വ്യാജേന അയയ്ക്കുന്ന എപികെ ഫോണിൽ ഇൻസ്റ്റാൾ ചെയ്യപ്പെട്ടു കഴിഞ്ഞാൽ സൈബർ തട്ടിപ്പുകാർക്ക് ഇരയുടെ ഫോണിലെ പ്രവർത്തനങ്ങൾ നിരീക്ഷിക്കാൻ സാധിക്കും. ഇരയുടെ ഫോണിലെ വിവരങ്ങൾ ഉപയോഗിച്ചു തട്ടിപ്പുകാർക്ക് മറ്റൊരാളെ കബളിപ്പിക്കാനും അതിന്റെ പഴി ഇരയുടെമേൽ ചാർത്തുകയും ചെയ്യാം. ലോട്ടറി ടിക്കറ്റുകൾ, ഫോൺ ബില്ലുകൾ, ക്ഷണക്കത്തുകൾ എന്നിങ്ങനെ അജ്ഞാതനമ്പറുകളിൽനിന്നു വരുന്ന ഫയലുകൾ തുറന്നുനോക്കുമ്പോൾ ജാഗ്രത പാലിക്കണമെന്നാണ് ഇത്തരം തട്ടിപ്പുകൾ തടയുന്നതിനായി സൈബർ വിദഗ്ധർ നൽകുന്ന ഉപദേശം.

# അജിത് കുമാറിനെ സംരക്ഷിക്കാൻ മുൻ ഡിജിപിയുടെ റിപ്പോർട്ടുകൾ സർക്കാർ മടക്കി അയച്ചു



തിരുവനന്തപുരം: എഡിജിപി എം. ആർ. അജിത് കുമാറിനെ സംരക്ഷിക്കാൻ അപൂർവ നടപടിയുമായി കേരള സർക്കാർ. പൂരം കലക്കൽ, എഡിജിപി പി. വിജയൻ നൽകിയ പരാതി എന്നിവയുമായി ബന്ധപ്പെട്ട് മുൻ പോലീസ് മേധാവി ദർവേഷ് സാഹിബ് അജിത് കുമാറിനെതിരെ നൽകിയ രണ്ടു റിപ്പോർട്ടുകൾ സർക്കാർ മടക്കി അയച്ചു. ഇപ്പോഴത്തെ പോലീസ് മേധാവി റാവാഡ ചന്ദ്രശേഖറിനോടു വിഷയങ്ങൾ പരിശോധിച്ച് പുതിയ അഭിപ്രായം അറിയിക്കണമെന്ന് ആവശ്യപ്പെട്ടാണ് റിപ്പോർട്ടുകൾ മടക്കിയിരിക്കുന്നത്. സംസ്ഥാന പോലീസ് മേധാവിയായിരുന്ന മുതിർന്ന ഐപിഎസ് ഉദ്യോഗസ്ഥൻ അന്വേഷിച്ച് നൽകിയ റിപ്പോർട്ടുകളാണ് ഇത്തരത്തിൽ മടക്കിയിരിക്കുന്നത്.

അതിനിടെ, അനധികൃത സ്വത്തു സമ്പാദനവുമായി ബന്ധപ്പെട്ട കേസിൽ വിജിലൻസ് സമർപ്പിച്ച ക്ലീൻ ചിറ്റ് റിപ്പോർട്ട് തള്ളിയ വിജിലൻസ് കോടതി വിധിക്കെതിരെ അജിത്കുമാർ ഹൈക്കോടതിയിൽ അപ്പീൽ ഫയൽ ചെയ്തു. ഉത്തരവിൽ മുഖ്യമന്ത്രിക്കെതിരായ പരാമർശം ഒഴിവാക്കണമെന്ന് ആവശ്യപ്പെട്ട് സർക്കാരും അപ്പീൽ നൽകാനിരിക്കുകയാണ്. ക്ലീൻ ചിറ്റ് റിപ്പോർട്ട് കോടതിയിൽ സമർപ്പിക്കും മുൻപ് മുഖ്യമന്ത്രി അംഗീകരിച്ചതിനെ കോടതിവിധിയിൽ വിമർശിച്ചിരുന്നു.

# കണ്ണൂരിൽ ജയിലിലേക്ക് ഫോൺ എറിഞ്ഞുകൊടുത്തയാൾ പിടിയിൽ

കണ്ണൂർ: സെൻട്രൽ ജയിലിൽ തടവുകാർക്ക് ഫോൺ എറിഞ്ഞു കൊടുക്കുന്നതിനിടെ ഒരാൾ പിടിയിൽ. പനങ്കാവ് സ്വദേശി കെ. അക്ഷയ് ആണ് പിടിയിലായത്. ജയിൽ പരിസരത്തേക്ക് കടന്നാണ് അക്ഷയ് മൊബൈൽ ഫോൺ എറിഞ്ഞു നല്കാൻ ശ്രമിച്ചത്. ഇത് ശ്രദ്ധയിൽപ്പെട്ട വാർഡന്മാർ ഇയാളെ പിടികൂടുകയായിരുന്നു. 24-ന് ഞായറാഴ്ച വൈകിട്ട് മൂന്ന് മണിയോടെയായിരുന്നു സംഭവം.

മൊബൈൽ ഫോണിനൊപ്പം ബീഡിയും പുകയില ഉല്പന്നങ്ങളും എറിഞ്ഞുകൊടുക്കാൻ ശ്രമിച്ചു. അക്ഷയ്ക്കൊപ്പം മറ്റു രണ്ടുപേർ കൂടിയുണ്ടായിരുന്നു. വാർഡന്മാരെ കണ്ടതോടെ ഇവർ ഓടിരക്ഷപ്പെട്ടു. കണ്ണൂർ ടൗൺ പോലീസ് കേസെടുത്ത് ഇവർക്കായി അന്വേഷണം തുടരുകയാണ്.

കഴിഞ്ഞയാഴ്ചയും ജയിലിൽ നിന്ന് മൊബൈൽഫോൺ പിടികൂടിയിരുന്നു. ജയിൽ സുരക്ഷയെക്കുറിച്ച് പഠിക്കാൻ സർക്കാർ നിയോഗിച്ച അന്വേഷണ സമിതി പരിശോധന നടത്തി മടങ്ങിയതിനു തൊട്ടു പിന്നാലെയാണ് മൊബൈൽഫോൺ പിടിച്ചെടുത്തത്.

നേരത്തെയും ഇവിടെനിന്ന് മൊബൈൽഫോൺ പിടികൂടിയിരുന്നു. കണ്ണൂർ ജയിലിൽ മൊബൈൽ ഫോൺ ഉപയോഗം സുഗമമായി നടക്കുന്നുണ്ടെന്ന് ജയിൽചാടി പിടിയിലായ സൗമ്യ വധക്കേസ് പ്രതി ഗോവിന്ദച്ചാമി പോലീസിനു മൊഴി നല്കിയിരുന്നു.

# 2000 കോടിയുടെ വായ്പത്തട്ടിപ്പ്: അനിൽ അംബാനിക്കെതിരെ സിബിഐ കേസ്

ന്യൂഡൽഹി: വായ്പത്തട്ടിപ്പിലൂടെ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയ്ക്ക് (എസ്ബിഐ) 2000 കോടിയിലേറെ രൂപയുടെ നഷ്ടമുണ്ടാക്കിയെന്ന പരാതിയിൽ റിലയൻസ് കമ്യൂണിക്കേഷൻസ് പ്രമോട്ടർ അനിൽ അംബാനിക്കെതിരെ സിബിഐ കേസെടുത്തു. മുംബൈയിലെ അനിൽ അംബാനിയുടെ വസതിയായ സീവിൻഡിൽ സിബിഐ സംഘം റെയ്ഡ് നടത്തി. അംബാനിയുമായി ബന്ധപ്പെട്ട മറ്റ് അഞ്ചിടങ്ങളിലും പരിശോധന നടന്നു. ബാങ്ക് തട്ടിപ്പുമായി ബന്ധപ്പെട്ട സുപ്രധാന രേഖകളും ഡിജിറ്റൽ തെളിവുകളും കണ്ടെടുക്കുകയായിരുന്നു ലക്ഷ്യം. ജൂൺ 13-ന് അനിൽ അംബാനിയെയും റിലയൻസ് കമ്യൂണിക്കേഷനെയും തട്ടിപ്പുകാരായി എസ്ബിഐ രേഖപ്പെടുത്തുകയും റിസർവ് ബാങ്കിന് റിപ്പോർട്ട് കൈമാറുകയും ചെയ്തിരുന്നു. തുടർന്നാണു സിബിഐ കേസെടുത്ത് അന്വേഷണം ആരംഭിച്ചത്. റിലയൻസ് കമ്യൂണിക്കേഷനെയും പ്രതിചേർത്തിട്ടുണ്ട്.

അനിൽ അംബാനിയുടെ കമ്പനികൾ വിവിധ ബാങ്കുകളിൽനിന്നു വായ്പയെടുത്തു 17,000 കോടിയിലേറെ രൂപയുടെ തട്ടിപ്പു നടത്തിയെന്ന പരാതിയിൽ എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റും (ഇഡി) നേരത്തേ കേസ് രജിസ്റ്റർ ചെയ്തിരുന്നു.

## എംഎൽഎ ആയി തുടരും

(ഒന്നാം പേജിൽ നിന്നും)

രാഹുൽ രാജിവെക്കണമെന്ന നിലപാടിലായിരുന്നു. എന്നാൽ, മറ്റു സംസ്ഥാനങ്ങളിൽ നിയമസഭകളിലെ സമാന കാലാവധി നിലനില്ക്കെ തെരഞ്ഞെടുപ്പു കമ്മീഷൻ ഉപതെരഞ്ഞെടുപ്പ് നടത്തിയിരുന്നു. അങ്ങനെ വരാൻ സാധ്യതയുണ്ടെന്ന് പാർട്ടിയിലെ മുതിർന്ന നേതാക്കളുടെയും നിയമോപദേശത്തിന്റെയും അടിസ്ഥാനത്തിലാണ് സസ്പെൻഷനിൽ പ്രശ്നം പരിഹരിക്കാൻ തീരുമാനിച്ചിരിക്കുന്നത്. എംഎൽഎ സ്ഥാനത്ത് രാഹുലിന് തുടരാമെങ്കിലും നിയമസഭാ സമ്മേളനത്തിൽ പങ്കെടുക്കേണ്ടതില്ലെന്നും ധാരണ ആയിട്ടുണ്ട്. രാഹുലിനോട് അവധിയിൽ പ്രവേശിക്കാൻ നിർദേശം നല്കിയതായാണ് വിവരം. അതേസമയം പാർട്ടിയുടെ പ്രാഥമിക അംഗത്വത്തിൽ നിന്നു പുറത്തായ ആൾ എംഎൽഎ ആയി തുടരുന്നത് എങ്ങനെയെന്നാണ് എൽഡിഎഫ് നേതാക്കൾ ചോദിക്കുന്നത്. പാർട്ടി ചിഹ്നത്തിൽ മത്സരിച്ചു വിജയിച്ച ആളിനെ പ്രാഥമിക അംഗത്വത്തിൽ നിന്ന് സസ്പെൻഡ് ചെയ്യുമ്പോൾ സ്ഥാനവും രാജിവെക്കേണ്ടതാണ്, കോൺഗ്രസ് പാർട്ടി ജനങ്ങളെ പരിഹസിക്കുകയാണെന്നാണ് എൽഡിഎഫ് ആരോപിക്കുന്നത്.

വിവാദ വെളിപ്പെടുത്തലുകളുടെ വെളിച്ചത്തിൽ രാഹുൽ മാങ്കൂട്ടം യൂത്ത് കോൺഗ്രസ് അധ്യക്ഷ പദവി നേരത്തെ രാജിവെച്ചിരുന്നു. യുവരാഷ്ട്രീയ നേതാവിൽ നിന്ന് മോശം പരാമർശമുണ്ടായെന്ന വെളിപ്പെടുത്തലുമായി നടി റിനി ആൻ ജോർജ് രംഗത്തെത്തിയിരുന്നു. മറ്റുചില ചാറ്റുകളും പുറത്തുവന്നിരുന്നു. ഇതിന്റെ അടിസ്ഥാനത്തിലാണ് യൂത്ത് കോൺഗ്രസ് അധ്യക്ഷ സ്ഥാനം രാഹുൽ രാജിവെച്ചത്.

## രാഹുലിനെതിരെ പരാതിയില്ല

(3-ാം പേജിൽനിന്നും)

ഭരിക്കുന്ന പാർട്ടികൾക്ക് ഇക്കാര്യത്തിൽ യാതൊരു ധാർമ്മികതയുമില്ലെന്ന് സണ്ണി ജോസഫ് പറഞ്ഞു.

ഗുരുതര ലൈംഗിക ആരോപണങ്ങൾ നേരിടുന്ന രാഹുൽ മാങ്കൂട്ടത്തിൽ എംഎൽഎ സ്ഥാനം രാജിവെക്കണമെന്ന് കോൺഗ്രസിൽ തന്നെ പരസ്യമായി ആവശ്യമുയരുന്നതിനിടെയാണ് രാജി ആവശ്യം തള്ളുന്ന നിലപാട് കെപിസിസി അധ്യക്ഷൻ വ്യക്തമാക്കിയത്. ഉപതെരഞ്ഞെടുപ്പ് ഭയന്നാണോ രാജി ആവശ്യത്തിൽനിന്ന് വിട്ടുനിൽക്കുന്നതെന്ന ചോദ്യത്തിന് പീരുമേട് ഉപതെരഞ്ഞെടുപ്പ് വരാൻ സാധ്യതയുണ്ടല്ലോ എന്നായിരുന്നു സണ്ണി ജോസഫിന്റെ മറുപടി. കോൺഗ്രസിലെ ഒരു വിഭാഗം രാജി ആവശ്യപ്പെടുന്നതിനൊപ്പം സിപിഎമ്മും ബിജെപിയും ശക്തമായ പ്രതിഷേധവുമായി രംഗത്തുണ്ട്.

# ഹൈക്കോടതിയിൽ കെട്ടിക്കിടക്കുന്നത് രണ്ടര ലക്ഷം കേസുകൾ

തിരുവനന്തപുരം: കേരള ഹൈക്കോടതിയിൽ മാത്രം വിധികാത്തിരിക്കുന്നത് രണ്ടര ലക്ഷത്തോളം കേസുകൾ. ഇതിൽ 15 കേസുകൾ 30 വർഷത്തിലേറെയും 1039 കേസുകൾ 20 വർഷത്തിലേറെയും 32,209 കേസുകൾ 10 വർഷത്തിലേറെയും പഴക്കമുള്ളവയാണെന്ന് ഹൈക്കോടതിതന്നെ നൽകിയ വിവരാവകാശ മറുപടിയിൽ പറയുന്നു. 10 വർഷം വരെ പഴക്കമുള്ള 2,16,086 കേസുകളുണ്ട്.

ജില്ലാ കോടതികളിലും അതിനു താഴെയുള്ള കോടതികളിലും തീർപ്പാകാതെ കിടക്കുന്ന കേസുകൾ 18.05 ലക്ഷമാണ്. ഇതിൽ 12.10 ലക്ഷവും ക്രിമിനൽ കേസുകളാണ്. ഇന്ത്യയാകെ കോടതികളിൽ കെട്ടിക്കിടക്കുന്ന കേസുകൾ 5.8 കോടിയാണെന്നു 2023-ൽ സുപ്രീം കോടതി തന്നെ വെളിപ്പെടുത്തിയിരുന്നു.

ഈ തിരക്കിനിടെ, കോടതികളിൽ ഓരോ ദിവസവും നൂറുകണക്കിനു കേസുകൾ പുതുതായി എത്തുകയും ചെയ്യുന്നു. ഹൈക്കോടതിയിൽ 2024-ൽ മാത്രം 1,00,377 പുതിയ കേസുകളെത്തി. 2025-ൽ ജൂൺ 30 വരെ മാത്രം എത്തിയതാകട്ടെ 53,982 കേസുകൾ.

ലഹരിമരുന്നുകേസുകളിലും ഗുണ്ടാ ആക്രമണക്കേസുകളിലും ഉൾപ്പെടുന്നവരിൽ 90 ശതമാനവും ജാമ്യത്തിലിറങ്ങി വീണ്ടും ഇതേ കുറ്റകൃത്യം ചെയ്യുന്നവരാണെന്നാണു പോലീസിന്റെ വിലയിരുത്തൽ.


വിചാരണ വൈകുന്നതിനിടെ കൊലക്കേസ് പ്രതികളും പോക്സോ കേസ് പ്രതികളും വരെ ജാമ്യത്തിലിറങ്ങി കുറ്റം ആവർത്തിക്കുന്നതായാണു രേഖകളിലുള്ളത്.

ക്രിമിനൽ കുറ്റവാസനയുള്ള, 25-28 വയസ്സുള്ള ഗുണ്ടാക്കേസ് പ്രതി അടുത്ത 10 വർഷം കൂടി ഇതേ കുറ്റകൃത്യങ്ങളിൽ സജീവമാകുന്നുവെന്നാണ് പോലീസിന്റെ നിഗമനം. ആറ് മാസം കൊണ്ടു വിചാരണ പൂർത്തിയാക്കി ശിക്ഷ വിധിച്ചാൽ ഈ കുറ്റകൃത്യങ്ങൾ തടയാനാകുമെന്നാണു വിലയിരുത്തൽ.


GREEN NESTLE
VACATION HERITAGE HOME
Kannachahamparambil, Kuruppanthara,
Manjoor P.O., Pin: 686603, Kottayam (Dist), Kerala State, India
For Vacation and Holiday rentals.
Licensed Home stay, Safe and Secured.
3 A/C rooms, Unique Packages for 2-8 people very economical.
Individual Room rental for families.
Fruits and vegetable Garden.
Feels like farm house with Pets, Animals, Fish and birds.
Free wifi - with High Speed internet CCTV Camera, OTT Platform Available, Police Surveillance.
Gold classification of HOME STAY by Tourism Department of Kerala, Rated as one among the best HOME STAY by Tourism Department of Kerala.
Cook available, Serving Ethnic Foods produced Organically from the integrated Farm Surrounding the Home Stay.
Full fledged kitchen with all facilities to cook yourself, Grill and Barbecue Facilities.
Adhering Food Safety Regulations.
Caretaker to help you in as your needs, Travel Desk and Tour Package Facilities
CONTACT
+91 8590571037
+91 9947598241
US WhatsApp No. +1 6308197745
UK WhatsApp No. +44 7747748046
www. greennestlehomes.com
greennestle01@gmail.com


K.O. JOSE
&
ASSOCIATES, INC.
Certified Public Accountants
• Compilation
• Setup Small Business Corporations
• Personal & Business Income Taxes
• Free Electronic Filing
• Non-Profit Tax Exemption from IRS
• Install Accounting Packages
• Retirement and Estate Planning
K.O. JOSE, CPA
Tel: 847-724-3020 • Cell: 847-833-6038
CPA SM
America Counts on CPAs
taxaccount@sbcglobal.net
kalloorjose@gmail.com
website: www.kojose.com


THANNIKKARY
VACATION HOME
S.H.MOUNT P.O., KOTTAYAM 686006, KERALA
FEATURES:
Free Wi-Fi, Plenty of parking, Beautician near by, Mosquito proof house, Currency exchange near by, Cook available to cook with your choice, Kottayam Railway Station & Town near by, Excellent ayurvedic massage place near by,
All Bedrooms are AC with attached bathrooms
For booking:
ABRAHAM THANNIKARI
USA - 346-632-6716
India - +91 815 692-0366 and +91 965 616-8399
athannikari@hotmail.com


MIDWEST
WINDOWS & DOORS
45% OFF
FOR WINDOWS
40% OFF
FOR DOORS & SIDING
MIDWEST WINDOWS DOORS & SIDING
www.mymidwestwindows.com
Free Estimate Please contact
RAJU NADUVETTIL
Cell: 773 474 9566 | Email: rajuabm@gmail.com

# CHICAGO MALAYALEE ASSOCIATION

# NEW LEADERSHIP TEAM-2025-2027


ജോസ് മണക്കാട്ട്
പ്രസിഡന്റ്


കൊച്ചുമോൻ (ലൂക്ക് ) ചിറയിൽ
വൈസ് പ്രസിഡന്റ്


ബിജു മുണ്ടക്കൽ
സെക്രട്ടറി


സാറാ അനിൽ
ജോ.സെക്രട്ടറി


അച്ചൻകുഞ്ഞ് മാത്യു
ട്രഷറർ


പ്രിൻസ് ഈപ്പൻ
ജോ.ട്രഷറർ

## Senior Representative


ഫിലിപ്പ് പുത്തൻപുരയിൽ


വർഗീസ് തോമസ്

## Womens Representative


ഷൈനി ഹരിദാസ്


ബീന ജോർജ്


നിഷ എറിക്

## Youth Representative


കാൽവിൻ കവലയ്ക്കൽ


മേഘ ചിറയിൽ

## Board Members


ഡോ.സൂസൻ ചാക്കോ



ഡോ. സിമി ജെസ്റ്റോ



ഡോ. സുനിത നായർ


ഡോ. മധു വെള്ളിക്കണ്ടം


ഡോ. എബ്രഹാം മാത്യു


അനിൽ മറ്റത്തിക്കുന്നേൽ


മാത്യൂസ് എബ്രഹാം


ജോളിച്ചൻ ജോസഫ്


സഞ്ജു മാത്യു


ജിനോയി മാത്യു


ജോജോ വെങ്ങാന്തറ


ജോജോ വെള്ളാനിക്കൽ

Published by **Grace Publications Inc.** Tel: (630) 728-7956. Chief Editor : **K.M. EAPEN**. Executive Editor : **JOSE KANIYALY**